www.malankaralibrary.com

Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 285
2022 APRIL

- വികസനം: കത്തോലിക്കാ സഭയുടെ നിലപാടെന്ത്?
- യൂണിഫോമിന്റെ രാഷ്ട്രീയം
- കേരളവും ശ്രീലങ്കയുടെ പാതയിലോ?
- സന്യാസം സാംസ്കാരിക നായകരുടെ കണ്ണുകളിലൂടെ
- വൈശാഖ് പറയാത്തതും അമൽ നീരദ് പറഞ്ഞതും
- കേരളത്തിന്റെ മദ്യനയം അധാർമ്മികം

# കേരളത്തിന്റെ വികസന സങ്കൽപങ്ങൾ

FOR PRIVATE CIRCULATION

www.malankaralibrary.com

## മുഖമൊഴി

പ്രതീക്ഷാനിർഭരമായ ഒരു ഉയിർപ്പുകാലത്തേക്കുകൂടി ലോകം പ്രവേശിക്കുന്നു. എല്ലാ വേദനകൾക്കും പ്രതിസന്ധികൾക്കും പരീക്ഷണ ഘട്ടങ്ങൾക്കും ഒടുവിൽ ശോഭപൂർണ്ണമായ ഉയിർത്തെഴുന്നേൽപ്പ് ഉണ്ട് എന്ന ദൈവിക വാഗ്ദാനമാണ് ഉയിർപ്പ് തിരുന്നാൾ നൽകുന്ന സന്ദേശം. ഇനി ഒരു തിരിച്ചുവരവ് ഉണ്ടാകുമോ എന്ന മാനുഷികമായ ചോദ്യം ഇന്നത്തെ ലോകം അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ ഒരവസ്ഥയിൽ ഉയിർപ്പിന്റെ സന്ദേശത്തിന് വലിയ പ്രസക്തിയുണ്ട്. ഉത്തരങ്ങളില്ലാത്ത പ്രതിസന്ധിഘട്ടങ്ങളും നിരാശകൾ നിറഞ്ഞ ഇരുണ്ട രാത്രികളും എന്നുമുണ്ട്. കയറ്റിറക്കങ്ങൾകൊണ്ട് നിറഞ്ഞതാണ് മനുഷ്യജീവിതം. ഓരോ കയറ്റത്തിനും ഒരു ഇറക്കമുണ്ടെന്ന ബോധ്യമാണ് പീഡാനുഭവവാരവും തുടർന്നുള്ളമഹത്വപൂർണ്ണമായ ഉയിർപ്പും നമുക്ക് നൽകുന്നത്. സാമുദായികവും സാമ്പത്തികവും വിശ്വാസപരവുമായ വെല്ലുവിളികളും, യുദ്ധങ്ങളും കലഹങ്ങളും ഭീഷണികളും കൊണ്ട് മുഖരിതമായ ഇന്നത്തെ സാമൂഹികാന്തരീക്ഷവും മറികടന്ന് സമാധാനപൂർണ്ണമായ ഒരു നല്ല നാളെക്കായി പരിശ്രമിക്കാൻ ഉയിർപ്പിന്റെ സന്ദേശം എല്ലാവർക്കും ശക്തി പകരട്ടെ.

KCBC
JAGRATHA
കെസിബിസി ജാഗ്രതന്യൂസ്

**APRIL 2022 | Issue 285**

Pastoral Orientation Centre
Vennala PO, Kochi - 28
Phone: 0484 280 6262

**PATRON**
Rt. Rev. Dr. Joseph Kariyil

**CHIEF EDITOR**
Rev. Dr. Michael Pulickal CMI

**CONSULTANT EDITOR**
Rev. Dr. Joshy Mayyattil

**EDITOR**
Vinod Nellackal

**DESIGN & LAYOUT**
Lithin Mahew

**OFFICE & DTP**
Vimala Shaji

www.malankaralibrary.com

# ഉള്ളടക്കം













ജനങ്ങളുടെ ഉത്കണ്ഠകളും വേദനകളും ഞങ്ങളുടേതുമാണ് 17

വികസനം: കത്തോലിക്കാ സഭയുടെ നിലപാടെന്ത്? 19

കേരളം നേരിടുന്ന വികസന പ്രശ്നങ്ങൾ 22

യൂണിഫോമിന്റെ രാഷ്ട്രീയം 38

സന്യാസം സാംസ്കാരിക നായകരുടെ കണ്ണുകളിലൂടെ 41

വൈശാഖ് പറയാത്തതും അമൽ നീരദ് പറഞ്ഞതും 45

കർഷകർക്ക് ആരുണ്ട്? 52

കരുണവറ്റിയ മതങ്ങളെ ഭയപ്പെടുക 55

**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനും കെസിബിസി ജാഗ്രതാ ന്യൂസ് കോപ്പികൾ ലഭിക്കാനും:**

Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 25
Whatsapp: +917594900555, E-mail: kcbcshvc@gmail.com

www.malankaralibrary.com



# രാഷ്ട്രീയവും സംസ്കാരികവുമായ പുനർനിർമ്മിതി സ്വപ്നം കാണുന്ന കേരളം



***ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ***
*സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ*

**ഇ**ന്നത്തെ സാമൂഹിക രാഷ്ട്രീയ നേതൃസംവിധാനങ്ങളിൽ നിന്ന് മൂല്യാധിഷ്ഠിതമായ കാഴ്ചപ്പാടുകൾ അപ്രത്യക്ഷമാകുന്നു എന്നുള്ളത് വ്യക്തമാണ്. സമഗ്രതയുടെയും പാരസ്പര്യത്തിന്റെയും ശ്രേഷ്ഠ മൂല്യങ്ങളുടെ അടിത്തറയിലുറപ്പിക്കപ്പെട്ട ഒരു മഹത്തായ ഭരണഘടനയിലും, ജനാധിപത്യമെന്ന ഉത്കൃഷ്ട ഭരണരീതിയിലും നാം അഭിമാനിക്കുന്നു. എന്നിരുന്നാലും, ഭരണഘടനയുടെ ആത്മാവ് ഉൾക്കൊണ്ടുകൊണ്ടുള്ള ദർശനങ്ങളും കാഴ്ചപ്പാടുകളും പുലർത്തുന്നതിലും, നയങ്ങൾ രൂപീകരിക്കുന്നതിലും നമ്മുടെ രാഷ്ട്രനേതാക്കന്മാർ പരാജയപ്പെടുന്നതായി കാണുന്നു. അതിന് മികച്ച ഉദാഹരണം കേരളം തന്നെയാണ്.

സാമാന്യജനത്തിന്റെ ദുരിതങ്ങൾ  അറിയുകയോ, അവയ്ക്ക് പരിഹാരം കണ്ടെത്തുകയോ ചെയ്യാതെ,  പുരോഗതിയുടെയും വികസനത്തിന്റെയും പേരിൽ വീണ്ടും അവരെ  ദ്രോഹിക്കുന്ന നയം ജനാധിപത്യപരമല്ല. കെറെയിൽ പദ്ധതിയിലും രണ്ട് ദിവസത്തെ അഖിലഭാരത പണിമുടക്കിലും ഈ ദ്രോഹനയം നാം കണ്ടതാണ്. കെറെയിൽ പദ്ധതിയിൽ  ആശങ്കകൾ അകറ്റണം എന്നാവശ്യപ്പെടുന്നവരെ വിഭാഗീയതകൾ സൃഷ്ടിച്ച് ഒറ്റപ്പെടുത്താനുള്ള നീക്കങ്ങൾ തകൃതിയായി നടന്നത് ജാഗ്രതയോടെ വീക്ഷിക്കേണ്ടിയിരിക്കുന്നു. പണിമുടക്കിലാവട്ടെ, കൊറോണ എൽപ്പിച്ച ആഘാതത്തിൽ നിന്ന് സാധാരണ ജീവിതത്തിലേക്ക് തരിച്ചു വന്നുകൊണ്ടിരിക്കുന്ന സാധാരണ ജനങ്ങളെ അവഹേളിക്കുന്ന നിലപാടാണ് രാഷ്ട്രീയ പാർട്ടികൾ കൈക്കൊണ്ടത് എന്നതിൽ സംശയമില്ല. നിർബന്ധമായി അടിച്ചേൽപ്പിക്കുന്ന വികസന സങ്കൽപ്പങ്ങളും പദ്ധതികളും ഒരു ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ല.

ദുർബലരെ കൂടുതൽ ചൂഷണം ചെയ്യുന്ന ഗവർമെന്റ്  നിലപാടുകൾ 'തങ്ങൾ ആർക്കുവേണ്ടിയാണ്, എന്തിന് വേണ്ടിയാണ് ' എന്ന തിരിച്ചറിവില്ലായ്മയുടെ ഉത്തമ ഉദാഹരണം ആണ്. കൂടുതൽ ബാറുകൾ തുറന്നു മദ്യ ഉപഭോഗം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം എന്ന നിലപാട് വിരോധാഭാസം ആണ്. ഒരുവശത്ത് മദ്യാസക്തിക്ക് ഇരകളായി പട്ടിണിയിലകപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോൾ, മറുവശത്ത് അവരിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന വരുമാനം കൊണ്ട് ശമ്പളവും പെൻഷനുമൊക്കെ ക്രമീകരിക്കാം എന്ന കണക്കുകൂട്ടലിനെ എങ്ങനെ വിശേഷിപ്പിക്കാം?

വികസനത്തിന്റെ പേരിൽ കിടപ്പാടം നഷ്ടപ്പെടുന്നവരുടെ അവസ്ഥയും സമാനമാണ്. ഒരു വിഭാഗം വികസനത്തിന്റെ സത്ഫലം അനുഭവിക്കുമ്പോൾ, കുടിയിറക്കപ്പെട്ടവർ അവകാശപ്പെട്ട നഷ്ടപരിഹാരം പോലും ലഭിക്കാതെ ദുരിതക്കയങ്ങളിലാഴുന്നു.

www.malankaralibrary.com



സർക്കാരിലേക്കുള്ള വരുമാനത്തിനായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന നികുതികൾ മറ്റൊരുദാഹരണം ആണ്. അത്യാവശ്യ സേവനങ്ങളോട് ബന്ധപ്പെട്ട നികുതികൾ പരിധികൾ വിട്ട് വർദ്ധിപ്പിക്കുമ്പോൾ ഇന്നാട്ടിലെ സാധാരണക്കാരുടെ ജീവിതതാളം തെറ്റുന്നത് സർക്കാർ അറിഞ്ഞതായി നടിക്കുന്നില്ല. ദുർബലരും അസംഘടിതരുമായ അനേകായിരങ്ങളെ ഇരകളാക്കിയുള്ള പദ്ധതികൾക്ക് അനുബന്ധമായ ചൂഷണങ്ങളും, അവയുടെ നടത്തിപ്പുകൾ സൃഷ്ടിക്കുന്ന അസമത്വവും ദൂരവ്യാപക പ്രത്യാഘാതങ്ങളും നമ്മുടെ ഭരണ സംവിധാനങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്.

വർദ്ധിച്ചുവരുന്ന ലഹരിയുടെ ലഭ്യതയും ഉപഭോഗവും, ദിനം പ്രതി നടക്കുന്ന സ്വർണ്ണകടത്തുകൾ, കുഴൽ/ കള്ള പണയിടപാടുകളും തുടങ്ങി ഇനിയും വ്യക്തമായ വിശദീകരണങ്ങൾ ലഭിക്കാത്ത കുറ്റകൃത്യങ്ങളുടെ പരമ്പരകളും സമൂഹത്തിൽ വർദ്ധിച്ചുവരുന്നു. തീവ്രവാദ ചിന്തകൾ ഈ സമൂഹത്തിൽ കാട്ടുതീ പോലെ പടർന്നു പിടിക്കുന്നു. പരസ്പര ബഹുമാനത്തിന്റെയും പരിഗണനയുടെയും നല്ല സംസ്കാരം നമുക്ക് അന്യമായികൊണ്ടിരിക്കുന്നു. ഈ സമൂഹത്തിൽ വിഭാഗീയതയുടെ വിഷവിത്തുകൾ വിതയ്ക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ രാഷ്ട്രീയ സാമുദായിക താൽപര്യങ്ങളെയും മറികടന്നുകൊണ്ട് സർക്കാർ ശ്രമിക്കേണ്ടതുണ്ട്.

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ കലാ സാംസ്കാരിക മേഖലകളിൽ ശക്തി പ്രാപിക്കുന്ന സംഘടിതമായ അവഹേളന അവമതിക്കൽ പ്രവണതകളെയും സാമൂഹിക അപനിർമ്മിതിയെയും തടയാനുതകുന്ന ശക്തമായ നിയമനിർമ്മാണങ്ങൾക്കായി ജനപ്രതിനിധികൾ കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. ക്രൈസ്തവ വിശ്വാസത്തെ പൊതുവായും, സന്യസ്തരെയും വൈദികരെയും പ്രത്യേകമായും അവഹേളിച്ചുകൊണ്ടുള്ള സിനിമകൾ, വ്യാജ വാർത്തകൾ തുടങ്ങിയവയൊക്കെ നിരന്തരമായി സൃഷ്ടിക്കപ്പെടുന്നു. ആരാണ് ഇവയുടെയൊക്കെ പിന്നിൽ എന്ന് കണ്ടെത്തേണ്ടതുണ്ട്. അതിന് ഇന്നാട്ടിലെ ഭരണ സംവിധാനങ്ങൾക്ക് കെൽപ്പുണ്ടോ ?

ചുരുക്കത്തിൽ മതരാഷ്ട്രീയ വിഭജനങ്ങൾക്കപ്പുറം ജനത്തെ ഒരുമിപ്പിച്ച് കൊണ്ടുപോകുവാൻ ഭരണാധികാരികൾ സവിശേഷമായ ജാഗ്രത കാണിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ നേട്ടങ്ങൾക്കുവേണ്ടി വിഭാഗീയതയും വർഗീയത തരംതിരിവുകളും പ്രോത്സാഹിപ്പിക്കപ്പെടരുത്. സാമൂഹിക ഐക്യം ഇന്നാട്ടിൽ പുലരാനും വളരാനും വേണ്ടതെല്ലാം ചെയ്യുക എന്നത് അടിയന്തര പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണ്. ഓരോ പൗരനും പ്രാധാന്യം ലഭിക്കുന്ന ഒരു രാഷ്ട്രദർശനവും കാഴ്ചപ്പാടും നമ്മുടെ ജനപ്രതിനിധികൾക്കും സമൂഹത്തിനും ഉണ്ടാകേണ്ടതുണ്ട്. പരസ്പരമുള്ള സംഭാഷണങ്ങളും, ആദരവോടെയുള്ള സമീപനങ്ങളും എല്ലാവരെയും തുല്യമായി പരിഗണിക്കുന്ന ഭരണ സംവിധാനങ്ങളും പുനർനിർമ്മിക്കപ്പെടാൻ ജനാധിപത്യ വിശ്വാസികളായ മതേതര സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണം.




www.malankaralibrary.com

# മനുഷ്യരാശിയെയും റഷ്യയെയും ഉക്രെയിനെയും മറിയത്തിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥന

## (വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ, മാർച്ച് 25, 2022)

ദൈവമാതാവും ഞങ്ങളുടെ മാതാവുമായ മറിയമേ, പരീക്ഷണത്തിന്റെ ഈ സമയത്ത് ഞങ്ങൾ നിന്നിലേക്കു തിരിയുന്നു. ഞങ്ങളുടെ മാതാവായ നീ ഞങ്ങളെ സ്നേഹിക്കുകയും അറിയുകയും ചെയ്യുന്നു; ഞങ്ങളെ ഹൃദയങ്ങളുടെ ഒരാവശ്യവും നിന്നിൽനിന്നു മറഞ്ഞിരിക്കുന്നില്ല. കരുണയുടെ മാതാവേ, എത്രയോ പ്രാവശ്യം നിന്റെ കരുതലുള്ള സംരക്ഷണവും ശാന്തമായ സാന്നിദ്ധ്യവും ഞങ്ങൾ അനുഭവിച്ചിട്ടുണ്ട്! സമാധാന രാജനായ യേശുവിന്റെ പക്കലേക്ക് ഞങ്ങളെ നയിക്കുന്നതിൽ നിന്നു നീ ഒരിക്കലും പിന്മാറുന്നില്ല.

എന്നാലും ഞങ്ങൾ സമധാനത്തിന്റെ പാതയിൽ നിന്നു വ്യതിചലിച്ചിരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായ ദുരന്തങ്ങളിൽ നിന്നു ലഭിച്ച പാഠങ്ങൾ ഞങ്ങൾ വിസ്മരിച്ചിരിക്കുന്നു; അതായത് രണ്ട് ലോകമഹായുദ്ധങ്ങളിലുണ്ടായ ദശലക്ഷക്കണക്കിനു മനുഷ്യരുടെ ബലി. രാഷ്ട്രങ്ങളുടെ കൂട്ടായ്മ എന്ന നിലയിൽ ഞങ്ങൾ എടുത്ത തീരുമാനങ്ങൾ ഞങ്ങൾ അവഗണിച്ചിരിക്കുന്നു. ജനതകളുടെ സമാധാന സ്വപ്നങ്ങളും യുവജനങ്ങളുടെ പ്രത്യാശയും ഞങ്ങൾ തകിടം മറിച്ചിരിക്കുന്നു. ദുരാഗ്രഹംമൂലം ഞങ്ങൾ രോഗാകുലരായിരിക്കുന്നു; ഞങ്ങൾ ഞങ്ങളുടെ രാഷ്ട്രത്തെക്കുറിച്ചും ഞങ്ങളുടെ താത്പര്യത്തെക്കുറിച്ചും മാത്രം ചിന്തിച്ചു; ഞങ്ങൾ നിസ്സംഗതരായി; ഞങ്ങളുടെ സ്വാർഥ ആവശ്യങ്ങളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും മാത്രം ഞങ്ങൾ ബദ്ധശ്രദ്ധരായി. ഞങ്ങൾ ദൈവത്തെ മറന്നു; ഞങ്ങളുടെ വ്യാമോഹങ്ങളിൽ സംതൃപ്തരായി; അങ്ങനെ ഞങ്ങൾ ഗർവ്വിഷ്ഠരും അക്രമകാരികളുമായി; അതുവഴിയായി നിഷ്കളങ്ക ജീവനുകളെ അമർച്ചചെയ്യാനും യുദ്ധോപകരണങ്ങൾ വാരിക്കൂട്ടാനും ശ്രദ്ധിച്ചു. ഞങ്ങളുടെ സഹോദരന്റെ കാവൽക്കാരാകുന്നതിലും ഞങ്ങളുടെ പൊതുഭവനത്തിന്റെ മേൽനോട്ടക്കാരാക്കുന്നതിലും ഞങ്ങൾ പിന്നാക്കം പോയി. ഭൂമിയാകുന്ന ഈ ഉദ്യാനത്തെ യുദ്ധംമൂലം തകർത്തുതരിപ്പണമാക്കി; ഞങ്ങളെല്ലാവരും സഹോദരന്മാരും സഹോദരിമാരും ആയിരിക്കണം എന്ന് ആഗ്രഹിക്കുന്ന സ്വർഗീയ പിതാവിന്റെ ഹൃദയം പാപംമൂലം ഞങ്ങൾ തകർത്തുകളഞ്ഞു. ഞങ്ങളോട് മാത്രമല്ലാതെ മറ്റെല്ലാവരോടും എല്ലാറ്റിനോടും ഞങ്ങൾ നിസ്സംഗത പുലർത്തി. ഇപ്പോൾ ഞങ്ങൾ ലജ്ജാകുലരായി നിലവിളിക്കുന്നു; കർത്താവേ, ഞങ്ങളോട് ക്ഷമിക്കണമേ!



പരിശുദ്ധ അമ്മേ, ഞങ്ങളുടെ പാപത്തിന്റെ പടുകുഴിയിൽ, ഞങ്ങളുടെ സംഘർഷങ്ങളിലും ബലഹീനതകളിലും, തിന്മയുടെയും യുദ്ധത്തിന്റെതുമായ അധർമത്തിന്റെ രഹസ്യത്തിന്റെ മുമ്പിൽ ദൈവം ഞങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്നു നീ ഞങ്ങളെ ഓർമിപ്പിക്കുന്നു; അവിടന്നു ഞങ്ങളെ സ്നേഹപൂർവം കടാക്ഷിക്കുന്നുവെന്നും, എപ്പോഴും ഞങ്ങൾക്കു മാപ്പു നല്കാനും ഞങ്ങളെ പുതുജീവിതത്തിലേക്കു ഉയർത്താനും താത്പര്യപ്പെടുന്നെന്നു നീ ഞങ്ങളെ അനുസ്മരിപ്പിക്കുന്നു. അവിടന്നു നിന്നെ ഞങ്ങൾക്ക് നല്കിയിരിക്കുന്നു; നിന്റെ വിമലഹൃദയം സഭയ്ക്കും മനുഷ്യരാശി മുഴുവനും അഭയസ്ഥാനമാക്കിയിരിക്കുന്നു; ദൈവത്തിന്റെ സ്നേഹാർദ്ര താത്പര്യത്താൽ നീ ഞങ്ങളോടുകൂടെ എപ്പോഴും ഉണ്ട്; ഞങ്ങളുടെ ചരിത്രത്തിന്റെ ഏറ്റവും അസ്വസ്ഥജനകായ വേളകളിൽപ്പോലും ഞങ്ങളെ നയിക്കാൻ സ്നേഹാർദ്രഭാവത്തോടെ നീ ഞങ്ങളുടെ കൂടെയുണ്ട്.

ഞങ്ങൾ നിന്നിലേക്കു തിരിഞ്ഞ് നിന്റെ ഹൃദയവാതിലിൽ മുട്ടുന്നു. ഞങ്ങൾ നിന്റെ വത്സലമക്കളാണ്. ഞങ്ങളെ അനുതാപത്തിലേക്കു ക്ഷണിച്ചുകൊണ്ട്, എല്ലാ കാലങ്ങളിലും നീ

www.malankaralibrary.com

ഞങ്ങൾക്കു നിന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഈ ഇരുണ്ട മണിക്കൂറിൽ ഞങ്ങളെ സഹായിക്കുകയും ഞങ്ങൾക്കു സ്വാന്തനമരുളുകയും ചെയ്യണമേ. "നിങ്ങളുടെ മാതാവായ ഞാൻ, ഇവിടെ നിങ്ങളുടെ കൂടെ ഇല്ലേ" എന്ന് നീ ഒരിക്കൽകൂടെ ഞങ്ങളോടു പറയുക. ഞങ്ങളുടെ ഹൃദയത്തിന്റെയും ഞങ്ങളുടെ കാലഘട്ടത്തിന്റെയും കുരുക്കുകൾ അഴിക്കാൻ നീ പ്രാപ്തയാണ്. ഞങ്ങൾ നിന്നിൽ വിശ്വാസമർപ്പിക്കുന്നു. പ്രത്യേകിച്ച് പരീക്ഷണകാലത്ത് നീ ഞങ്ങളുടെ അപേക്ഷകളെ നിരസിക്കുയില്ലെന്നും നീ ഞങ്ങളുടെ സഹായത്തിനായെത്തുമെന്നും ഞങ്ങൾക്ക് ഉറപ്പുണ്ട്.

ഗലീലയിലെ കാനായിൽ നീ അതാണല്ലോ ചെയ്തത്; അന്നു നീ യേശുവിനോട് അപേക്ഷിക്കുകയും അവിടന്നു തന്റെ ആദ്യത്തെ അടയാളം പ്രവർത്തിക്കയും ചെയ്തു. വിവാഹഘോഷത്തിന്റെ സന്തോഷം നിലനിറുത്താൻ നീ അവിടത്തോടു പറഞ്ഞു: "അവർക്കു വീഞ്ഞില്ല" (യോഹ 2:3). അമ്മേ, ഇപ്പോൾ ആ വാക്കുകളും ആ പ്രാർത്ഥനയും ആവർത്തിക്കണമേ; എന്തെന്നാൽ പ്രത്യാശയുടെ വീഞ്ഞ് ഞങ്ങളുടെ ദിനങ്ങളിൽ വറ്റിപ്പോയിരിക്കുന്നു; സന്തോഷം ഇല്ലാതായിരിക്കുന്നു; സാഹോദര്യം മങ്ങിപ്പോയിരിക്കുന്നു. ഞങ്ങളുടെ മനുഷ്യത്വത്തെ ഞങ്ങൾ വിസ്മരിക്കുകയും സമാധാനം ദുർവ്യയം ചെയ്യുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങൾ ഞങ്ങൾ അക്രമത്തിനും വിനാശത്തിനുമായി തുറന്നിരിക്കുന്നു. നിന്റെ മാതൃസഹായം ഞങ്ങൾക്കു എത്രമാത്രം അനിവാര്യമായിരിക്കുന്നു!

ആകയാൽ, അമ്മേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

*സമുദ്ര താരമേ, യുദ്ധത്തിന്റെ കൊടുങ്കാറ്റിൻ ഞങ്ങൾ കപ്പലപകടത്തിൽ പൊടാതിരിക്കട്ടെ.*
*പുതിയ ഉടമ്പടിയുടെ പേടകമേ,*
*അനുരഞ്ജനത്തിന്റെ പദ്ധതികളും പാതകളും ഞങ്ങളിൽ ഉണർത്തണമേ.*
*സ്വർഗത്തിന്റെ രാജ്ഞീ, ദൈവിക സമാധാനം ലോകത്തിൽ പുനഃസ്ഥാപിക്കണമേ.*
*വിദ്വേഷവും പ്രതികാരേച്ഛയും ഇല്ലാതാക്കണമേ, ക്ഷമ ഞങ്ങളെ അഭ്യസിപ്പിക്കണമേ.*
*യുദ്ധത്തിൽനിന്നു ഞങ്ങളെ മോചിപ്പിക്കണമേ; അണു ആയുദ്ധങ്ങളുടെ ഉപദ്രവത്തിൽ നിന്നു ഞങ്ങളുടെ ലോകത്തെ സംരക്ഷിക്കണമേ.*
*ജപമാലരാജ്ഞീ, പ്രാർത്ഥിക്കുന്നതിന്റെയും സ്നേഹത്തിന്റെയും ആവശ്യം ഞങ്ങൾ മനസ്സിലാക്കാൻ ഇടയാക്കണമേ.*
*മനുഷ്യകുടുംബത്തിന്റെ രാജ്ഞീ,*
*ജനങ്ങൾക്കു സാഹോദര്യത്തിന്റെ വഴി കാണിച്ചുകൊടുക്കണമേ.*
*സമാധാനത്തിന്റെ രാജ്ഞീ, ഞങ്ങളുടെ ലോകത്തിനു സമാധാനം നേടിത്തരണമേ.*




അമ്മേ, അങ്ങയുടെ ദുഃഖപൂർണ്ണമായ യാചന ഞങ്ങളുടെ കഠിന ഹൃദയങ്ങളെ ചലിപ്പിക്കട്ടെ. ഞങ്ങളുടെ വിദ്വേഷത്താൽ ഉണങ്ങിവരണ്ട ഈ താഴ്‌വര നീ ഒഴുക്കുന്ന കണ്ണുനീരിനാൽ പുതുതായി പുഷ്പിക്കട്ടെ. യുദ്ധോപകരണങ്ങളുടെ ഇടിമുഴക്കത്തിനിടയിൽ നിന്റെ പ്രാർത്ഥന ഞങ്ങളുടെ ചിന്തകളെ സമാധാനത്തിലേക്കു തിരിക്കട്ടെ. ബോംബുവർഷത്തിനിടയിൽ സഹിക്കുകയും പലായനം ചെയ്യുകയും ചെയ്യുന്നവരെ നിന്റെ മാതൃസ്പർശം ആശ്വസിപ്പിക്കട്ടെ. തങ്ങളുടെ ഭവനങ്ങളും സ്വന്തം നാടും വിട്ടോടാൻ നിർബന്ധിതരാക്കുന്നവരെ നിന്റെ മാതൃത്താലിംഗനം സാന്ത്വനപ്പെടുത്തട്ടെ. നിന്റെ ദുഃഖപൂർണഹൃദയം ഞങ്ങളെ അനുകമ്പാർദ്രരാക്കുകയും പരുക്കേറ്റവും തള്ളിക്കളയപ്പെട്ടവരുമായ ഞങ്ങളുടെ സഹോദരിസഹോദരന്മാർക്കുവേണ്ടി ഞങ്ങളുടെ വാതിലുകൾ തുറക്കാനും അവരെ പരിചരിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

പരിശുദ്ധ ദൈവമാതാവേ, നീ കുരിശിനു കീഴേ നിന്നപ്പോൾ, തന്റെ ശിഷ്യനെ നിന്റെ അടുത്തുകണ്ടപ്പോൾ, യേശു പറഞ്ഞു; "ഇതാ, നിന്റെ മകൻ" (യോഹ 19:26). അങ്ങനെ അവിടന്നു ഞങ്ങളെ ഓരോരുത്തരെയും നിന്നെ ഭരമേൽപ്പിച്ചു. തന്റെ

www.malankaralibrary.com

ശിഷ്യനോടും, ഞങ്ങൾ ഓരോരുത്തരോടും അവിടന്നു പറഞ്ഞു: "ഇതാ, നിന്റെ അമ്മ" (വാ. 27). മാതാവേ, നിന്നെ ഞങ്ങളുടെ ജീവിതങ്ങളിലേക്കും ഞങ്ങളുടെ ചരിത്രത്തിലേക്കും ക്ഷണിക്കാൻ ഞങ്ങൾ ഇപ്പോൾ ആഗ്രഹിക്കുന്നു. വളരെ സ്നേഹപൂർവം നിന്നെ വണങ്ങുന്ന ഉക്രെയിനിലെയും റഷ്യയിലെയും ജനങ്ങൾ നിന്റെ നേർക്കു തിരിയുന്നു; എന്തെന്നാൽ നിന്റെ ഹൃദയം അവർക്കുവേണ്ടിയും യുദ്ധത്താലും, വിശപ്പിനാലും, അനീതിയാലും, ദാരിദ്ര്യത്താലും തുടച്ചുനീക്കപ്പെടുന്നവർക്കുവേണ്ടിയും അനുകമ്പയാൽ ത്രസിക്കുന്നല്ലോ.

ആകയാൽ ദൈവമാതാവും ഞങ്ങളുടെ മാതാവുമായവളേ, ഞങ്ങൾ ഞങ്ങളെത്തന്നെയും സഭയെയും, മനുഷ്യരാശി മുഴുവനെയും, പ്രത്യേകിച്ച് റഷ്യയെയും ഉക്രെയിനെയും നിന്റെ വിമലഹൃദയത്തിനു ഭരമേൽപ്പിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ഞങ്ങൾ ധൈര്യപൂർവവും സ്നേഹപൂർവവുമായി നടത്തുന്ന ഈ പ്രവൃത്തി സ്വീകരിക്കണമേ. യുദ്ധം അവസാനിക്കാനും ലോകം മുഴുവൻ സമാധാനം സ്ഥാപിക്കാനും ഇടയാക്കണമേ. നിന്റെ ഹൃദയത്തിൽനിന്നു ഉയർന്നുവന്ന "സമ്മതം" സമാധാനരാജനു ചരിത്രത്തിന്റെ വാതിലുകൾ തുറന്നുകൊടുത്തു. നിന്റെ ഹൃദയത്തിലൂടെ സമാധാനം ഉദയം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മനുഷ്യകുടുംബത്തിന്റെ മുഴുവൻ ഭാവിയും ഒരോ ജനതയുടെയും ആവശ്യങ്ങളും പ്രതീക്ഷകളും, ലോകത്തിന്റെ ഉൽക്കണ്ഠകളും പ്രത്യാശകളും നിന്റെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു.



നിന്റെ മാധ്യസ്ഥത്താൽ ദൈവിക കരുണ ഭൂമിയുടെമേൽ ചൊരിയപ്പെടുകയും സമാധാനത്തിന്റെ മൃദുലസ്വരലയം ഞങ്ങളുടെ ദിനങ്ങളെ അടയാളപ്പെടുത്തുകയും ചെയ്യട്ടെ. "നീ സമ്മതം" പറഞ്ഞതുവഴി പരിശുദ്ധാത്മാവിന്റെ ആവാസമുണ്ടായ ഞങ്ങളുടെ നാഥേ, ദൈവത്തിൽനിന്നുവരുന്ന താളലയം ഞങ്ങളുടെ ഇടയിൽ പുനഃസ്ഥാപിക്കപ്പെടട്ടെ. ഞങ്ങളുടെ ഹൃദയങ്ങളുടെ വരൾച്ച "പ്രത്യാശയുടെ സജീവ ശ്രോതസ്സാകുന്ന" നിന്നാൽ നനയ്ക്കപ്പെടട്ടെ. നിന്റെ ഉദരത്തിലാണ് യേശു മാംസമെടുത്തത്; കൂട്ടായ്മ വളർത്താൻ ഞങ്ങളെ സഹായിക്കണമേ. നീ ഒരിക്കൽ ഞങ്ങളുടെ ലോകത്തിന്റെ വഴികൾ താണ്ടി; ഇന്നു ഞങ്ങളെ സമാധാനത്തിന്റെ പാതിയിലുടെ നയിക്കണമേ. ആമേൻ.

## യുക്രെയിൻ പതാകയിൽ ചുംബിച്ച് ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ സിറ്റി: യക്രെയിനിലെ ബുച്ചാ പട്ടണത്തിൽ നടന്ന നിഷ്ഠൂരമായ കൊലപാതകത്തിൽ വിലപിച്ച് ഫ്രാൻസിസ് മാർപാപ്പ.

ബുച്ചായിൽ നിന്നു കൊുവന്ന യുദ്ധക്കറപൂണ്ട പതാകയിൽ അദ്ദേഹം ചുംബിച്ചു. നിരപരാധികൾ കൊല്ലപ്പെടുന്ന യുദ്ധം അവസാനിപ്പിക്കണമെന്ന് വത്തിക്കാനിലെ പോൾ ആറാമൻ ഹാളിലെ പൊതുദർശനപരിപാടിക്കിടെ ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടു. യുക്രെയിൽ നിന്ന് ചൊവ്വാഴ്ച എത്തിച്ച പതാകയാണിതെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. പൊതുദർശന പരിപാടിയുടെ അവസാനം യുക്രെയിൻ കുട്ടികളെ വേദിയിലേക്കെത്തിച്ച് അവർക്ക് ചോക്ലേറ്റുകളും ഈസ്റ്റർ മുട്ടകളും സമ്മാനിച്ചു. ഈ കുട്ടികൾക്ക് സുരക്ഷിത സ്ഥലം തേടി പാലായനം ചെയ്യേണ്ടി വന്നുവെന്നും യുദ്ധത്തിന്റെ ഫലമാണിതെന്നും മാർപാപ്പ പറഞ്ഞു.

യുക്രയിന്റെ തലസ്ഥാനമായ കീവിന്റെ വടക്കുപടിഞ്ഞാറുള്ള ബുച്ച പട്ടണത്തിൽ 320 സിവിലിയന്മാരെ റഷ്യൻ പട്ടാളം കൊലചെയ്തുവെന്നാണ് ആരോപിക്കപ്പെടുന്നത്. ഇരുപതുപേരുടെ മൃതദേഹങ്ങൾ നിരത്തിൽ കണ്ടെത്തി. 150 പേരെ അടക്കിയ വലിയ കുഴിമാടവും കണ്ടെത്തി. യുക്രെയിനിലെ യുദ്ധം ഐക്യരാഷ്ട്രസഭയുടെ കഴിവുകേടിന്റെ തെളിവാണെന്നു മാർപാപ്പ പറഞ്ഞു. സമാധാന ശ്രമങ്ങൾ തുടരുന്നതിനിടയിലും വൻകിട ശക്തികൾ തമ്മിലുള്ള മത്സരം തുടരുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. (ദീപിക, 07/04/2022)

www.malankaralibrary.com



## കെ റെയിൽ പദ്ധതി, സംശയ ദുരീകരണവും ആശങ്കയകറ്റലും പ്രധാനം: കെസിബിസി

കൊച്ചി: ജനങ്ങളുടെ ആശങ്കകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ജനങ്ങളുടെ ഭാഗത്തു നിന്നും ചിന്തിച്ചുകൊണ്ട് ഉചിതമായ തീരുമാനങ്ങളെടുക്കാൻ സർക്കാർ തയ്യാറാകണം. ഇപ്പോൾ ഉയരുന്ന ചോദ്യങ്ങളും വിമർശനങ്ങളും പൂർണ്ണമായും അവഗണിക്കാനാവുന്നവയല്ല. പതിനായിരക്കണക്കിന് കുടുംബങ്ങൾ അരക്ഷിതാവസ്ഥയിൽ അകപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സർക്കാർ ഗൗരവമായിത്തന്നെ വിമർശനങ്ങളെ ഉൾക്കൊള്ളാൻ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനോടകം വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ നടപടിക്രമങ്ങൾ മൂലം അനേക കുടുംബങ്ങൾ പാതയോരങ്ങളിലേയ്ക്ക് തള്ളപ്പെട്ട ചരിത്രമാണ് കേരളത്തിനുള്ളത്. പതിറ്റാണ്ടുകൾക്കു ശേഷവും നീതിലഭിക്കാത്ത സാഹചര്യങ്ങൾ ഇന്നും തുടരുന്നുണ്ട്. മൂലമ്പള്ളി കുടിയിറക്ക്, ശബരി പാതയ്ക്കുള്ള സർവേ, ഏഴിമല നാവിക അക്കാദമിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് തുടങ്ങിയവ ഉദാഹരണങ്ങളാണ് മുഴപ്പിലങ്ങാട് മാഹി വഴിയുള്ള തലശ്ശേരി സമാന്തരപാത നിർമ്മാണത്തിന് പതിറ്റാണ്ടുകൾക്ക് മുമ്പ് സ്ഥലമെടുപ്പ് കഴിഞ്ഞെങ്കിലും അടുത്തകാലത്ത് മാത്രമാണ് പണി ആരംഭിച്ചിട്ടുള്ളത്. ഇത്തരം മുന്നനുഭവങ്ങളുടെ വെളിച്ചത്തിൽ ലക്ഷക്കണക്കിന് പേർ മുന്നോട്ടുവയ്ക്കുന്ന ആശങ്കകളെ കണ്ടില്ലെന്ന് നടിക്കാൻ പാടില്ല.

കേരളത്തിന്റെ വികസനപദ്ധതികൾക്ക് ജനങ്ങൾ എതിരല്ല. എന്നാൽ, ജനങ്ങളെ ഇരുട്ടിൽ നിർത്തിക്കൊണ്ട് പദ്ധതികൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതും അതിനായി ബലപ്രയോഗങ്ങൾ നടത്തുന്നതും ജനാധിപത്യ വിരുദ്ധമാണ്. അതിനെതിരായ ശബ്ദങ്ങളെ രാഷ്ട്രീയമായും, പോലീസിനെ ഉപയോഗിച്ചുമല്ല നേരിടേണ്ടത്, മറിച്ച് ജനാധിപത്യ മര്യാദയോടെ അഭിമുഖീകരിക്കാൻ സർക്കാർ തയ്യാറാകണം. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാനുള്ള നടപടികൾക്ക് സർക്കാർ പ്രാഥമിക പരിഗണന നൽകണം.

ഭരണകക്ഷി നേതാക്കളും അനുഭാവികളും ഉൾപ്പെടെയുള്ളവർപ്പോലും ഇതിനകം പ്രതിഷേധം പ്രകടിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ആശങ്കകൾക്കും എതിർപ്പുകൾക്കും രാഷ്ട്രീയ മാനം നൽകി അവഗണിക്കാനുള്ള ശ്രമങ്ങൾ ഖേദകരമാണ്. കെ റെയിലിനെക്കുറിച്ച് ഉയരുന്ന ചോദ്യങ്ങളെ കക്ഷി രാഷ്ട്രീയങ്ങൾക്ക് അതീതമായി ജനപക്ഷത്ത് നിന്ന് പരിഗണിക്കാനും അവയെ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളാനും സർക്കാർ തയ്യാറാകണം.

ഏറെയും ജനസാന്ദ്രത കൂടിയ മേഖലകളിലൂടെ കടന്നുപോകുന്നതിനാൽ, പദ്ധതിയുടെ പൂർണ്ണ ചിത്രം വെളിപ്പെടുന്നതുവരെ ഇപ്പോഴുള്ള നടപടിക്രമങ്ങൾ നിർത്തിവയ്ക്കണം. പദ്ധതി നടക്കുമോ ഇല്ലയോ എന്നുപോലും ഉറപ്പായിട്ടില്ലെങ്കിലും ഇപ്പോൾ അടയാളപ്പെടുത്തപ്പെട്ടുപോയാൽ ആ ഭൂമി ഒരുപക്ഷെ പതിറ്റാണ്ടുകളോളം ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യങ്ങൾ ഉണ്ടായേക്കാം. അതിനാൽ, ഇപ്പോഴുള്ള സർവേ രീതിക്ക് പകരം മറ്റു രീതികൾ അവലംബിക്കാൻ സർക്കാർ തയ്യാറാകണം.

ഈ പദ്ധതിക്കുവേണ്ടിയുള്ള സാമൂഹിക ആഘാതപഠനത്തെ ആരും എതിർക്കുന്നില്ല. മറിച്ച് ഇതിനുമുമ്പെങ്ങും കണ്ടിട്ടില്ലാത്ത ജനദ്രോഹപരമായ പഠനരീതിയെയാണ് എതിർക്കുന്നത്. പൊതുജനത്തിന്റെ സംശയങ്ങൾ ദുരീകരിച്ചും ആശങ്കകൾ അകറ്റിക്കൊണ്ടും വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭരണാധികാരികൾക്ക് കഴിയണം. (29/3/2022)

## കെ റെയിൽ സംബന്ധിച്ച സാധാരണക്കാരുടെ ആശങ്കകളെ സർക്കാർ അവഗണിക്കരുത്: കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

ജനങ്ങളെ മറന്നുകൊണ്ടുള്ള വികസനമല്ല, ജനങ്ങളെ ഒപ്പം നിർത്തിക്കൊണ്ടുള്ള വികസനമാണ് നാടിന് ആവശ്യം. ചില വികസന പദ്ധതികളുടെ പേരിൽ എല്ലാം നഷ്ടപ്പെട്ട നിരവധിപ്പേർ ഇന്നും ജീവിച്ചിരിക്കുന്ന നാടാണ് കേരളം. വാഗ്ദാനങ്ങൾ ലംഘിക്കപ്പെട്ട ചരിത്രങ്ങൾ ഏറെയാണ്. അത്തരം മുന്നനുഭവങ്ങളുടെ പേരിൽ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ആകുലതകൾ പരിഹരിക്കാനുള്ള ഉത്തരവാദിത്തത്തിൽനിന്നും സർക്കാർ ഒഴിഞ്ഞുമാറരുത്.

സംസ്ഥാനം വലിയ സാമ്പത്തികപ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ താങ്ങാനാവാത്ത ബാധ്യത വരുത്തിവയ്ക്കുന്ന ഇത്തരം പദ്ധതികൾ പ്രായോഗികമാണോ എന്നുള്ളതിനും വ്യക്തമായ വിശദീകരണം ലഭിക്കേണ്ടതുണ്ട്. അടിസ്ഥാന ഗതാഗത സൗകര്യമായ റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട നിരവധി അപര്യാപ്തതകൾ കേരളത്തിന്റെ

www.malankaralibrary.com



പ്രധാന പ്രതിസന്ധിയാണ്. ആവശ്യത്തിന് സൗകര്യമുള്ള റോഡുകളും, ഓവർബ്രിഡ്ജുകളും സംസ്ഥാനത്തിന്റെ അടിയന്തിര ആവശ്യങ്ങളാണ്. ഒരിക്കലും മാറ്റിനിർത്താൻ കഴിയാത്ത അത്തരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകാതെ പുതിയ പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുന്നത് യുക്തമാണോ എന്നും ആലോചിക്കേണ്ടതുണ്ട്.

പരിസ്ഥിതി സാമൂഹിക പ്രവർത്തകർ മുതൽ സാധാരണക്കാർ വരെയുള്ള വലിയൊരു സമൂഹം കെ റെയിൽ പദ്ധതിയെക്കുറിച്ച് ആശങ്കപ്പെടുമ്പോൾ സർക്കാർ നടപടികൾ കൂടുതൽ സുതാര്യമാവേണ്ടതുണ്ട്. എല്ലാവിധത്തിലുള്ള ആശങ്കകളെയും പരിഹരിച്ച് യുക്തമായ തീരുമാനമെടുക്കാൻ തയ്യാറാവുന്നതോടൊപ്പം വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ് നിർമ്മാണം പോലുള്ള മുൻ പദ്ധതികളിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്ക് ഇനിയെങ്കിലും അർഹിക്കുന്ന നീതി നടപ്പാക്കി നൽകാനും സർക്കാർ തയ്യാറാകണം. (21/3/2022)

## സിൽവർ ലൈൻ, സർക്കാർ ജനാധിപത്യരീതിയിൽ സമീപിക്കണം: കെആർഎൽസിസി

സിൽവർ ലൈനിനെതിരെ ഉയരുന്ന പ്രതിഷേധങ്ങളെ സർക്കാർ വിവേകപൂർവ്വം സമീപിക്കണമെന്ന് കെആർഎൽസിസി. വികസനത്തെയും അതിനുള്ള ശ്രമങ്ങളെയും കെആർഎൽസിസി അനുകൂലിക്കുകയാണ്. എന്നാൽ സിൽവർ ലൈനിനെതിര ഉയരുന്ന പ്രതിഷേധങ്ങളെയും വിയോജിപ്പുകളെയും ജനാധിപത്യ രീതിയിലാണ് സർക്കാർ സമീപിക്കേണ്ടത്. ജനങ്ങളെ ശത്രുക്കളായി കരുതുകയും ബലം പ്രയോഗിക്കുന്നതും ശരിയല്ല. മുൻ കാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഭയാശങ്കകൾ ഉയരുന്നത് സ്വഭാവികമാണ്. കേരളത്തിന്റെ പാരിസ്ഥിതിക ദുർബലതയിലും സാമ്പത്തിക ദാരിദ്ര്യത്തിലും ഈ പദ്ധതി അനിവാര്യമാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. സുഗമമായ ഗതാഗതം സാധ്യമാക്കാൻ ബദൽ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താൻ കേരളം ശ്രമിക്കണം. പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക ആഘാത പഠനങ്ങൾ സുതാര്യതയോടെ സംഘടിപ്പിച്ച് സമൂഹം ഉയർത്തുന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നല്കാൻ സർക്കാരിനു ബാധ്യതയുണ്ട്, കെആർഎൽസിസി സംസ്ഥാനസമിതി യോഗം അഭിപ്രായപ്പെട്ടു.

കെആർഎൽസിസി പ്രസിഡണ്ട് ബിഷപ്പ് ഡോ. ജോസഫ് കരിയിൽ അദ്ധ്യക്ഷത വഹിച്ചു. കെആർഎൽസിബിസി സെകട്ടറി ജനറൽ ബിഷപ്പ് ഡോ സെൽവിസ്റ്റർ പൊന്നുമുത്തേൻ, വൈസ് പ്രസിഡണ്ടുമാരായ ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ, ജോസഫ് ജൂഡ്, ഫാ. പ്രസാദ് സിപ്രിയാൻ, ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, ഭാരവാഹികളായ പി ജെ തോമസ്, പുഷ്പ ക്രിസ്റ്റി, ഷിബു ജോസഫ്, എബി കുന്നേൽപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു. (23/3/2022)

## കെ റെയിൽ പദ്ധതി ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ സർക്കാർ തയ്യാറാവണം: കെസിവൈഎം സംസ്ഥാന സമിതി

കേരളത്തിലെ വികസന കുതിപ്പിന് കൂടുതൽ ആവേശം പകരുമെന്ന് അവകാശപ്പെടുന്ന കെ-റെയിൽ പദ്ധതിയെപറ്റിയുള്ള ജനത്തിന്റെ ആശങ്ക പരിഹരിക്കാൻ സർക്കാർ തയ്യാറാവണമെന്ന് കെസിവൈഎം സംസ്ഥാന സമിതി. സന്തുലിത വികസനത്തിലൂന്നിയ വികസന നയമാണ് ഭരണകർത്താക്കൾ ആവിഷ്കരിക്കേണ്ടത് എന്നും, കെ-റെയിൽ പോലുള്ള വൻകിട പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതിന്റെ സാധ്യതകൾ ചർച്ചചെയ്തു പൊതു സമൂഹത്തെ ബോധവൽക്കരിക്കാൻ സർക്കാരിന് ബാധ്യതയുണ്ടെന്നും കെസിവൈഎം അഭിപ്രായപ്പെട്ടു. ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ പ്രതിഷേധിക്കാനുള്ള അവകാശം പൊതുസമൂഹത്തിനുണ്ടെന്നും അവരുടെ അവകാശങ്ങളെ, സമരങ്ങളെ അക്രമംകൊണ്ട് തോൽപ്പിക്കുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളി ആണെന്നും കെസിവൈഎം പറഞ്ഞു. കേന്ദ്രമന്ത്രാലയം, പരിസ്ഥിതിപ്രവർത്തകർ, വിദഗ്ധ ഉപദേശകർ കെ-റെയിൽ പദ്ധതിയെ എതിർക്കുമ്പോൾ,അവയ്ക്ക് വ്യക്തമായ മറുപടി നൽകാതെ പദ്ധതിക്കുവേണ്ടി കല്ലിടീൽ പോലുള്ള നടപടിക്രമങ്ങൾ തുടരുന്നത് സർക്കാർ നിർത്തിവയ്ക്കണം. സമരങ്ങളെ അക്രമം കൊണ്ട് അടിച്ചമർത്താൻ ശ്രമിക്കുന്ന പോലീസ് നടപടിയെ കെസിവൈഎം സംസ്ഥാന സമിതി അപലപിച്ചു. (19/3/2022)

www.malankaralibrary.com



# വികസനമെന്നാൽ കെ-റെയിൽ മാത്രമോ?

**കാ**സർഗോഡ് മുതൽ തിരുവനന്തപുരം വരെ 530 കിലോമീറ്റർ ദൂരത്തിൽ പുതുതായി ഒരു അതിവേഗ റെയിൽ പാത. അതിലൂടെ മണിക്കൂറിൽ 200 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്ന സിൽവർ ലൈൻ ട്രെയിനുകൾ. നാലുമണിക്കൂറിൽ താഴെയുള്ള സമയം കൊണ്ട് കാസർഗോഡ് നിന്ന് തിരുവനന്തപുരം വരെ യാത്രചെയ്ത് എത്താമെന്ന ആകർഷകമായ വാഗ്ദാനം. 66000 കോടി രൂപയാണ് പ്രോജക്ടിന്റെ ആകെ ചെലവായി കണക്കാക്കുന്നതെങ്കിലും അത് രണ്ടു ലക്ഷം കോടി രൂപവരെ ഉയരുമെന്ന് വിമർശകർ പറയുന്നു. 3000 ഏക്കർ സ്ഥലമാണ് ഈ പ്രോജക്ടിനായി ഏറ്റെടുക്കേണ്ടതായുള്ളത്. മനുഷ്യരുടെയും മൃഗങ്ങളുടെയും സുരക്ഷിതത്വം മുൻനിർത്തി കെ റെയിൽ പാതയ്ക്ക് ഇരുവശവും മതിലുകൾ നിർമ്മിക്കേണ്ടതുണ്ട്. മുൻവർഷങ്ങളിലെ പ്രളയത്തിൽ വെള്ളം പൊങ്ങിയ പ്രദേശങ്ങളിൽ അതിലും ഉയരത്തിലായിരിക്കും പാതകൾ നിർമ്മിക്കപ്പെടുക. പ്രത്യക്ഷത്തിൽ അത്യാകർഷകമായി തോന്നുമെങ്കിലും, ആധുനിക കേരളചരിത്രത്തിലെ ഏറ്റവും വലുതും സങ്കീർണവുമായ ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട ആശങ്കകൾ എണ്ണമറ്റതാണ്.

കെ റെയിൽ - സിൽവർ ലൈനുമായി ബന്ധപ്പെട്ട വാഗ്വാദങ്ങളും അവകാശവാദങ്ങളും പുരോഗമിക്കുകയാണ്. പ്രാരംഭ നടപടിക്രമങ്ങളും കല്ല് സ്ഥാപിക്കലുമായി സർക്കാരും മുമ്പോട്ട് തന്നെ. പ്രത്യക്ഷത്തിൽ സർക്കാർ വലിയ ആത്മവിശ്വാസം പ്രകടിപ്പിക്കുമ്പോഴും, അനുകൂല പ്രതികരണങ്ങളും പിന്തുണയും താരതമ്യേന വളരെ കുറവാണ് എന്നുള്ളതാണ് വാസ്തവം. സാമ്പത്തികം, പാരിസ്ഥിതികം, പ്രായോഗികത തുടങ്ങി വിവിധ തലങ്ങളിൽ നിന്നുകൊണ്ടുള്ള വിമർശനങ്ങൾക്കാണ് ഈ ദിവസങ്ങളിൽ മുൻതൂക്കം കൂടുതൽ. സാധാരണക്കാരിൽ ഒരു വിഭാഗത്തിന് ഇക്കാര്യത്തിൽ വലിയ ആശയക്കുഴപ്പവുമുണ്ട്. വികസനവും ആധുനിക സൗകര്യങ്ങളും വേണം എന്ന അഭിപ്രായപ്രകടനങ്ങളുമായി ഒരു വിഭാഗം കെ റെയിലിനെ അനുകൂലിക്കുമ്പോൾ, സാമ്പത്തികവും പാരിസ്ഥിതികവുമായ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് ഒരു വലിയ വിഭാഗം സിൽവർ ലൈൻ പദ്ധതിയെ എതിർക്കുന്നു.

> " പ്രത്യക്ഷത്തിൽ അത്യാകർഷകമായി തോന്നുമെങ്കിലും, ആധുനിക കേരളചരിത്രത്തിലെ ഏറ്റവും വലുതും സങ്കീർണവുമായ ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട ആശങ്കകൾ എണ്ണമറ്റതാണ് "



www.malankaralibrary.com

**കേരളത്തിന്റെ വികസന ആഭിമുഖ്യം**

ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും പിന്നിലാണ് കേരളത്തിന്റെ സ്ഥാനം എന്നുള്ളതിൽ സംശയമില്ല. ദേശീയപാത മുതൽ പഞ്ചായത്ത് റോഡുകൾ വരെയുള്ള മൂന്നുലക്ഷത്തി മുപ്പത്തിരണ്ടായിരത്തോളം കിലോമീറ്റർ റോഡാണ് കേരളത്തിലുള്ളത്. ഒരു കോടിയിലേറെ വാഹനങ്ങൾ ഈ റോഡിലൂടെ സഞ്ചരിക്കുന്നു. ഈ കണക്കുകൾ പ്രകാരം കേരളത്തിൽ വികസനത്തിന്റെ കാര്യത്തിൽ പ്രാമുഖ്യം ലഭിക്കേണ്ടത് റോഡ് ഗതാഗതത്തിനാണ് എന്നുള്ളതിൽ സംശയമില്ലല്ലോ. യാതൊരുവിധ സമാന്തര ഗതാഗത സംവിധാനങ്ങൾക്കും റോഡ് ഗതാഗതത്തിന് പകരമാകാനോ, അതുമായി ബന്ധപ്പെട്ട അപര്യാപ്തതയ്ക്ക് പരിഹാരമാകാനോ ആവില്ല.

സമീപകാലങ്ങളിൽ നേരിയ വ്യത്യാസം വന്നിട്ടുണ്ടെന്നല്ലാതെ, കേരളത്തിന്റെ റോഡ് ഗതാഗത വികസനവുമായി ബന്ധപ്പെട്ട സമീപനങ്ങൾ തികച്ചും പ്രാകൃതവും, അശാസ്ത്രീയവും, ദീർഘവീക്ഷണമില്ലാത്തതുമാണ്. ഇന്ന് കേരളം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലുതും ഏറെക്കുറെ അപരിഹാര്യവുമായ വികസന പ്രതിസന്ധിയുടെ അടിസ്ഥാനം റോഡ് ഗതാഗതവുമായി ബന്ധപ്പെട്ടതാണ്. എല്ലാത്തരം വികസനങ്ങൾക്കും അടിസ്ഥാനം ശാസ്ത്രീയവും സമഗ്രവും സന്തുലിതവുമായ ഗതാഗത സംവിധാനങ്ങളാണ്. റോഡ് ഗതാഗതം, ജല ഗതാഗതം, വിവിധ റെയിൽ ഗതാഗതങ്ങൾ, ആകാശ ഗതാഗതം തുടങ്ങിയവയ്ക്കെല്ലാം അതിന്റേതായ പ്രാധാന്യമുണ്ട്. എന്നാൽ, കേരളം ഉൾപ്പെടെ ലോകത്തിലെ ഏതാണ്ട് എല്ലാ പ്രദേശങ്ങളിലും തന്നെ ഗതാഗത സംവിധാനങ്ങളുടെ അടിത്തറ റോഡ് ഗതാഗതമാണ്. അതിനെ എഴുതിത്തള്ളിയിട്ടോ, രണ്ടാം നിരയിലേക്ക് മാറ്റി നിർത്തിയിട്ടോ മറ്റൊരു സംവിധാനത്തെ വികസിപ്പിക്കാമെന്ന ചിന്ത അബദ്ധമാണ്.

> **കേരളത്തിന്റെ റോഡ് ഗതാഗത വികസനവുമായി ബന്ധപ്പെട്ട സമീപനങ്ങൾ തികച്ചും പ്രാകൃതവും, അശാസ്ത്രീയവും, ദീർഘവീക്ഷണമില്ലാത്തതുമാണ്.**

കേരളത്തിന്റെ വികസന അഭിമുഖ്യങ്ങളിലെ അശാസ്ത്രീയതയ്ക്ക് ഒട്ടേറെ സമീപകാല ഉദാഹരണങ്ങളുണ്ട്. സംസ്ഥാനത്തിന്റെ വ്യാപാര നഗരമായ കൊച്ചിയിൽ സമീപകാലത്ത് പണികഴിച്ചിട്ടുള്ള വിവിധ നിർമ്മിതികൾ തന്നെയാണ് പ്രധാനം. കൊച്ചിയുടെ രണ്ട് പ്രധാന ഗേറ്റ് വേകളായ ഇടപ്പള്ളി, വൈറ്റില എന്നീ ജംഗ്ഷനുകളിൽ സമീപകാലത്താണ് മേൽപ്പാലങ്ങൾ നിർമ്മിക്കുകയുണ്ടായത്. 2016ൽ തുറന്നുകൊടുത്ത ഇടപ്പള്ളിയിലെ പാലം പണിതത് ഡിഎംആർസി ആണ്. ഏറ്റവും ഒടുവിൽ കഴിഞ്ഞ വർഷം വൈറ്റിലയിലെ പാലവും ഗതാഗതത്തിനായി തുറന്നുകൊടുക്കുകയുണ്ടായി. കോട്ടയം, ആലപ്പുഴ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽനിന്ന് എറണാകുളത്തേക്കും, എറണാകുളം വഴി മറ്റു ജില്ലകളിലേക്കും ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകേണ്ട കേരളത്തിലെ ഏറ്റവും തിരക്കേറിയ ജംഗ്ഷനിൽ വളരെ പ്രാകൃതവും അപര്യാപ്തവുമായ ഒറ്റ ലൈൻ മേൽപ്പാലം പണിത പ്രവൃത്തി ന്യായീകരണമർഹിക്കുന്നില്ല. പണി തീർന്ന് കേവലം ഒരു വർഷം കഴിയും മുമ്പേ അസഹനീയമായ ബ്ലോക്ക് വൈറ്റിലയിൽ പലപ്പോഴും കണ്ടുതുടങ്ങിയിരിക്കുന്നു.

കൂടുതൽ സങ്കീർണ്ണമായ സാഹചര്യമാണ് ഇടപ്പള്ളിയിലേത്. തൃശൂർ മുതൽ



www.malankaralibrary.com

വടക്കോട്ടുള്ള മുഴുവൻ ജില്ലകളിൽനിന്നും എറണാകുളത്തേക്ക് പ്രവേശിക്കേണ്ട ഏക മാർഗ്ഗമായ ഇടപ്പള്ളി ജംഗ്ഷനിലെ ട്രാഫിക്കിന് പരിഹാരമായി ഭരണാധികാരികൾ വിധിച്ചതും ഒറ്റ ലൈൻ മേൽപ്പാലമാണ്. കൂടാതെ, ലോകത്ത് ഒരു രാജ്യത്തും അത്തരമൊരു ജംഗ്ഷനിൽ അനുവദിക്കുകയില്ലാത്ത വിധത്തിലുള്ള വലിയൊരു ഷോപ്പിംഗ് മാളിന് ഉപാധിരഹിതമായി അനുമതി നൽകുകയും ചെയ്തിരിക്കുന്നു. നട്ടുച്ചയ്ക്ക് പോലും കിലോമീറ്ററുകൾ നീണ്ട ബ്ലോക്ക് ആണ് ഇന്നത്തെ ഇടപ്പള്ളിയിലെ പതിവ് കാഴ്ച.

കൂടുതൽ സൗകര്യങ്ങളോടെ ഇനിയൊരു മേൽപ്പാലം പുതുക്കി പണിയാൻ കഴിയില്ല എന്നുറപ്പുള്ള, സങ്കീർണ്ണങ്ങളായ വൈറ്റില, ഇടപ്പള്ളി ജംഗ്ഷനുകളിൽ യഥാക്രമം 86, 38 കോടി രൂപ മുടക്കി മേൽപ്പാലങ്ങൾ പണിതതിന് പകരം ആനുപാതികമായി ഉയർന്ന തുക വകയിരുത്തി ദീർഘ വീക്ഷണത്തോടെ മികച്ച സംവിധാനങ്ങൾ ഒരുക്കേണ്ടിയിരുന്നത് ഇന്ന് ചർച്ച ചെയ്യപ്പെടുന്ന സിൽവർ ലൈൻ പദ്ധതിയെക്കാൾ വളരെയേറെ പ്രാധാന്യമർഹിക്കുന്ന കേരളത്തിന്റെ പൊതുവായ ആവശ്യമായിരുന്നു. കാരണം, 66000 മുതൽ 2 ലക്ഷം കോടി രൂപ വരെ മുതൽമുടക്ക് വന്നേക്കാമെന്ന് പറയപ്പെടുന്ന കെ റെയിലിൽ അഞ്ചോ എട്ടോ വർഷം കഴിഞ്ഞ് സഞ്ചരിച്ചേക്കുന്നവരേക്കാൾ എത്രയോ മടങ്ങ് ആളുകൾ ഈ ജംഗ്ഷനുകളിലൂടെ ഓരോ ദിവസവും കടന്നുപോകുന്നുണ്ട്!

ശരിയായ ആസൂത്രണം കൂടാതെ പണിയപ്പെട്ട റോഡുകളും കെട്ടിടങ്ങളും വലിയ ഗതാഗത തടസത്തിന് കാരണമാകുന്നതിനാലാണ് കേരളത്തിലെ വിവിധ നഗരങ്ങൾക്ക് അനുബന്ധമായി ബൈപ്പാസുകൾ പണിയപ്പെട്ടിട്ടുള്ളത്. അത്തരം ബൈപ്പാസുകളുടെ നിർമ്മിതികൾ ശ്രദ്ധിച്ചാൽ ഗുരുതരമായ ഒട്ടേറെ അനാസ്ഥകളും അഴിമതികളും കാണാവുന്നതാണ്. സ്ഥലമെടുപ്പിൽ സ്വാധീനങ്ങൾ കടന്നുകൂടിയതിനാൽ പുതിയ റോഡുകൾ പലതും വളവും തിരിവും ഉള്ളവയാണ്. പുതിയ റോഡുകളുടെ കച്ചവട സാധ്യതകൾ ചിലർ വ്യാപകമായി ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ അടുത്ത കാലങ്ങളിൽ പണി പൂർത്തിയാക്കപ്പെട്ടിട്ടുള്ള പുതിയ റോഡുകളുടെ മിക്ക ഭാഗങ്ങളിലും പുതിയ കെട്ടിടങ്ങളും ഷോപ്പിംഗ് മാളുകളും പണിതുയർത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഒട്ടേറെയിടങ്ങളിൽ ഗതാഗതക്കുരുക്കുകൾ രൂക്ഷമാണ്. കോഴിക്കോട് ബൈപ്പാസിലെ ഹൈലൈറ്റ് മാൾ പരിസരം ഉദാഹരണമാണ്.

> **ഒരിക്കലും പരിഹരിക്കാൻ കഴിയാത്തവിധം അത്രമാത്രം ഗുരുതരമായ വികസന പ്രതിസന്ധികളിലാണ് കേരളത്തിലെ മിക്കവാറും പട്ടണങ്ങളുടെയും പല ഭാഗങ്ങളും.**

അശാസ്ത്രീയസമീപനവും സ്വാർത്ഥ താൽപ്പര്യങ്ങളും അഴിമതിയുമാണ് കേരളത്തിലെ റോഡ് ഗതാഗത മേഖലയിലെ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം. മാറിവരുന്ന സർക്കാരുകളുടെ രോഗാതുരമായ വികസനാഭിമുഖ്യവും അഴിമതികൊണ്ടു സംഭവിച്ച പോരായ്മകളും എല്ലായിടങ്ങളിലും മുഴച്ചുനിൽക്കുന്നു. ഒരിക്കലും പരിഹരിക്കാൻ കഴിയാത്തവിധം അത്രമാത്രം ഗുരുതരമായ വികസന പ്രതിസന്ധികളിലാണ് കേരളത്തിലെ മിക്കവാറും പട്ടണങ്ങളുടെയും പല ഭാഗങ്ങളും. കൊച്ചി നഗരം ഇപ്പോൾ അഭിമുഖീകരിക്കുന്ന ഗതാഗത പ്രതിസന്ധികൾ വിലയിരുത്തിയാൽ സമീപഭാവിയിൽ ഈ പട്ടണം തന്നെ എഴുതി തള്ളേണ്ടതായി വന്നേക്കാമെന്നു തോന്നാം.



www.malankaralibrary.com

കൊച്ചി മെട്രോ പ്രവർത്തനം ആരംഭിച്ചാൽ കൊച്ചിയിലെ ഗതാഗത കുരുക്കിന് പരിഹാരമാകുമെന്ന സർക്കാരിന്റെ വാഗ്ദാനത്തെ തെറ്റിച്ചുകൊണ്ട് ഗതാഗതക്കുരുക്കുകൾ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നു.

വികസനകാര്യങ്ങളെ ഇത്രമാത്രം ബാലിശമായി സമീപിക്കുന്ന ഭരണകൂടം, അവയുടെ അടിസ്ഥാന പ്രശ്നങ്ങളെയും, സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യങ്ങളെയും മറന്നുകൊണ്ടും ശരിയായ ഒരു വികസനനയം സ്വീകരിക്കാതെയുമാണ് പുതിയ പദ്ധതിക്ക് കോപ്പുകൂട്ടുന്നത് എന്നുള്ളതാണ് അടിസ്ഥാനപരമായ വെല്ലുവിളികളിൽ പ്രധാനം.

### സ്ഥലം ഏറ്റെടുപ്പ് എന്ന ആശങ്ക

സാധാരണക്കാരെ ഏറ്റവുമധികം ആശങ്കയിലാഴ്ത്തിയിരിക്കുന്ന പ്രതിസന്ധിയാണ് സ്ഥലം ഏറ്റെടുപ്പ്. മൂവായിരം ഏക്കറിൽപ്പരം ഭൂമിയാണ് കെ റെയിൽ പ്രോജക്ടിനായി ഏറ്റെടുക്കേണ്ടതുള്ളത്. പതിനായിരക്കണക്കിന് പേരെ പ്രത്യക്ഷത്തിൽ തന്നെ ബാധിക്കുന്ന സ്ഥലമെടുപ്പും കുടിയിറക്കുമാണ് ഇനി സംഭവിക്കാനിരിക്കുന്നത്. നിർബ്ബന്ധിത ഏറ്റെടുക്കൽ ശ്രമങ്ങളെ തുടർന്ന്, കെ റെയിലിനെ കണ്ണീർ റെയിൽ എന്ന് വിശേഷിപ്പിക്കേണ്ടതായി വരും വിധമുള്ള കാഴ്ചകൾ ഈ ദിവസങ്ങളിൽ കേരളത്തിൽനിന്ന് ലോകം കണ്ടുകൊണ്ടിരിക്കുന്നു. കിടപ്പാടവും തൊഴിലിടവും വിട്ട് ഇറങ്ങേണ്ടിവരുന്ന ആയിരക്കണക്കിന് കുടുംബങ്ങളുടെ ആശങ്ക വളരെ ഗുരുതരമാണ്. സമാനമായ പദ്ധതികളുടെ ഭാഗമായി പതിറ്റാണ്ടുകൾക്ക് മുമ്പ് കുടിയിറക്കപ്പെട്ടിട്ടുള്ള അനേകരുടെ ജീവിതാനുഭവങ്ങൾ കേരളത്തിലെ കൊച്ചുകുഞ്ഞുങ്ങൾ പോലും മനസിലാക്കിയിട്ടുണ്ട്. കൊച്ചിയിൽ മൂലമ്പള്ളിയിൽ പതിനാല് വർഷങ്ങൾക്ക് മുമ്പ് കുടിയിറക്കപ്പെട്ട നിരവധി കുടുംബങ്ങൾ ഇന്നും സർക്കാരിന്റെ കാരുണ്യം കാത്ത് കഴിയുന്ന കാഴ്ചയും അവരുടെ ജീവിതത്തിലുണ്ടായ ദുരനുഭവങ്ങളും ഉദാഹരണങ്ങൾ മാത്രം. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായാണ് അവർ കുടിയിറക്കപ്പെട്ടത്. വളരെ എളുപ്പത്തിൽ പരിഹരിക്കപ്പെടാവുന്ന പ്രശ്നമാണ് അതെങ്കിലും, കോടതി പോലും പലപ്പോഴായി ഇടപെട്ടിട്ടും, സർക്കാർ നിഷ്കരുണം മുഖം തിരിച്ചു നിൽക്കുകയാണ്.

കേവലമൊരു പാലം പണിതുതീർക്കാൻ നാലും അഞ്ചും വർഷങ്ങൾ വേണ്ടിവരുന്ന ഈ നാട്ടിൽ, പണിത പാലം ഒറ്റവർഷത്തിനുള്ളിൽ പൊളിച്ചു പണിത് അഴിമതിയുടെ പുതുചരിത്രം എഴുതിയ ഈ നാട്ടിൽ, ഇത്തരമൊരു പ്രോജക്ട് അഞ്ചുവർഷത്തെ കാലയളവിൽ പൂർത്തീകരിക്കുമെന്ന വാദഗതിയോടെ ആരംഭിക്കുകയും പ്രാരംഭ നടപടികളുടെ ഭാഗമായി ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കിടപ്പാടവും തൊഴിലിടങ്ങളും നഷ്ടപ്പെടുകയും ചെയ്യുകയും, എന്നാൽ, പല മുന്നനുഭവങ്ങളും പോലെ അവരും ദുരിതങ്ങളിൽ അകപ്പെടുകയും ചെയ്താൽ ആരുണ്ടാവും അവർക്കുവേണ്ടി സംസാരിക്കാൻ എന്ന ചോദ്യം വലുതാണ്. നിലപാടിലും തീരുമാനങ്ങളിലുമുള്ള ആത്മാർത്ഥത വാക്കിലും കടലാസിലുമല്ല, നീതി കാത്ത് പുറമ്പോക്കിൽ കഴിയുന്ന അനേകരോടുള്ള മനോഭാവത്തിലൂടെ തെളിയിക്കാനാണ് സർക്കാർ തയ്യാറാകേണ്ടത്.

> **വികസനകാര്യങ്ങളെ ഇത്രമാത്രം ബാലിശമായി സമീപിക്കുന്ന ഭരണകൂടം, സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യങ്ങളെ മറന്നുകൊണ്ടാണ് പുതിയ പദ്ധതിക്ക് കോപ്പുകൂട്ടുന്നത് എന്നുള്ളതാണ് അടിസ്ഥാനപരമായ വെല്ലുവിളി.**

### സാമ്പത്തികമായ ആശങ്കകൾ

പാരിസ്ഥിതികവും ബൗദ്ധികവുമായ സാഹചര്യങ്ങൾ എല്ലാവിധത്തിലും അനുകൂലമായിട്ടും, സാമ്പത്തികമായി തകർന്നു നിൽക്കുന്ന ഇന്നത്തെ കേരളത്തിന് ഇത്തരമൊരു പദ്ധതിയുടെ ഭാരം ചുമലിലേറ്റാനുള്ള കെൽപ്പു



www.malankaralibrary.com

ണ്ടോ എന്ന ചോദ്യത്തിന്, ഇല്ല എന്ന ഉത്തരമാണ് സാമ്പത്തിക വിദഗ്ധരിൽ ഏറിയ പങ്കും നൽകുന്നത്. മദ്യത്തിൽനിന്നും ലോട്ടറിയിൽനിന്നും പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം മാറ്റിനിർത്തിയാൽ ദരിദ്രരാജ്യങ്ങൾ തോറ്റുപോകുന്ന നിലയിലേയ്ക്ക് കൂപ്പുകുത്തുമെന്ന ദയനീയാവസ്ഥയിലാണ് ഇന്ന് നാം. മൂന്നരലക്ഷം കോടി രൂപയോളം വരുന്ന പൊതുകടം എന്ന തീരാ ബാധ്യതയിലാണ് ഇന്ന് കേരളത്തിന്റെ സാമ്പത്തികസ്ഥിതി നിലനിൽക്കുന്നത്. ഇത്രമാത്രം വലിയ സാമ്പത്തിക ബാധ്യതകൾക്ക് മുകളിൽ നിലയുറപ്പിച്ചിരിക്കുന്ന ഈ സാമ്പത്തിക വ്യവസ്ഥിതി ഒരു ചീട്ടുകൊട്ടാരം പോലെ ദുർബ്ബലമാണ്. ആ പശ്ചാത്തലത്തിൽ, സംസ്ഥാനത്തിന് ഇനിവരുന്ന പത്തുവർഷങ്ങൾക്കുള്ളിൽ വീണ്ടും രണ്ടുലക്ഷം കോടി രൂപകൂടി അധികബാധ്യത ഉണ്ടായേക്കാവുന്ന ചിത്രം അചിന്തനീയമാണ്. മദ്യ വിലയും നികുതിയും വർദ്ധിപ്പിക്കുക, കൂടുതൽ ബാറുകൾ തുറക്കുക, ലോട്ടറി കൂടുതൽ പ്രിന്റ് ചെയ്ത് വിൽക്കുക (കഴിഞ്ഞ ഓണം ബമ്പർ വിറ്റഴിച്ചത് 300 രൂപ വിലയുള്ള 65 ലക്ഷം ടിക്കറ്റുകളാണെന്നാണ് കണക്കുകൾ, 1000% ലാഭം) എന്നിങ്ങനെയുള്ള വഴികളാണ് സ്ഥിരം വരുമാനത്തിനും അധിക വരുമാനത്തിനുമായി ഇപ്പോഴും സർക്കാരിന് മുന്നിൽ പ്രധാനമായുള്ളത് എന്നതാണ് ലജ്ജാകരമായ മറ്റൊരു വസ്തുത.

നനഞ്ഞിടം കുഴിക്കുന്ന ശൈലിയിൽ സാധാരണക്കാരനെ പരിധിവിട്ട് ചൂഷണം ചെയ്യുന്ന ഇത്തരം പ്രവണതകൾ ആത്യന്തികമായി നാടിന്റെ വളർച്ചയ്ക്ക് കാരണമായി മാറുന്നില്ല. മദ്യവും ലോട്ടറിയും മറ്റും വില്പനനടത്തി അമിത ലാഭമുണ്ടാക്കുകയും, അതോടൊപ്പം അവയുടെ ഉപഭോക്താക്കളായ ഒരു വിഭാഗത്തെ കൊടിയ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയും ചെയ്തുകൊണ്ട് ഏതൊരു വികസന പ്രവർത്തനത്തിന് തറക്കല്ലിട്ടാലും അതിന്റെ നന്മയെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും സംശയിക്കേണ്ടതുണ്ട്. ഇവിടെ വികസനവും പുരോഗതിയും ഉണ്ടാകേണ്ടത് എല്ലാ ജനങ്ങൾക്കുമാണ്. സമഗ്രമായ വളർച്ചയാണ് ശാശ്വതമായ പുരോഗതിയിലേക്ക് നാടിനെ നയിക്കുന്നത്. സാമ്പത്തിക അസമത്വവും അസന്തുലിതാവസ്ഥയും ഒട്ടേറെ പ്രതിസന്ധികളിലേയ്ക്ക് നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു. സുരക്ഷിതത്വവും ക്ഷേമവും ചിലരുടെ മാത്രമല്ല, എല്ലാ പൗരന്മാരുടെയും അവകാശമാണെന്ന തിരിച്ചറിവ് ഭരണ വരേണ്യ വർഗ്ഗങ്ങൾക്ക് അത്യന്താപേക്ഷിതമാണ്.

**സുരക്ഷിതത്വവും ക്ഷേമവും ചിലരുടെ മാത്രമല്ല, എല്ലാ പൗരന്മാരുടെയും അവകാശമാണെന്ന തിരിച്ചറിവ് ഭരണ വരേണ്യ വർഗ്ഗങ്ങൾക്ക് അത്യന്താപേക്ഷിതമാണ്.**

വിവിധ ദേശങ്ങളിൽ എന്നതുപോലെ, ഭരണകൂടം നേരിട്ട് നടത്തുന്നതും നടപ്പാക്കുന്നതുമായ ഗതാഗത രംഗത്തെ വികസന, ആവശ്യസേവന പ്രവർത്തനങ്ങൾ നാടിന് ആവശ്യമാണ്. കെഎസ്ആർടിസി, മെട്രോ സർവീസ് മുതൽ അതിവേഗ ട്രെയിൻ സർവീസ് വരെ അത്തരം ആവശ്യങ്ങളിൽ കാലാനുസൃതമായി ഉൾപ്പെട്ടേക്കാം. സ്വാഭാവികവും അനിവാര്യവുമായ വികസന ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന ഏതൊരു നാടിനും ഇത്തരം സർവീസുകൾ ആവശ്യമായി വരും. സർക്കാർ സംരംഭങ്ങളായി നടത്തപ്പെടുന്ന ഇത്തരം പദ്ധതികളെ ലാഭനഷ്ടക്കണക്കുകളുമായി ബന്ധപ്പെടുത്തിയുള്ള ചർച്ചകൾ ഒരുപരിധി വരെ അപ്രസക്തമാണ് എന്നുള്ളതാണ് വാസ്തവം. കാരണം, ജനാധി



www.malankaralibrary.com

പത്യ സർക്കാരുകളുടെ ബാലൻസ് ഷീറ്റിൽ മിച്ചമായുണ്ടാകേണ്ടത് സാമ്പത്തികലാഭമല്ല, ജനങ്ങളുടെ സംതൃപ്തിയും പദ്ധതികളുടെ ഫലപ്രാപ്തിയുമാണ്. എന്നാൽ, കഴിഞ്ഞ ചില പതിറ്റാണ്ടുകളായി പിന്നോട്ട് സഞ്ചരിക്കുന്ന കേരളത്തിന്റെ സമ്പദ് വ്യവസ്ഥിതിയിൽ വികസനത്തിന്റെപേരിൽ അശാസ്ത്രീയമായും വീണ്ടുവിചാരമില്ലാതെയും നടത്തുന്ന അടിച്ചേൽപ്പിക്കലുകളും അനുബന്ധ വാദഗതികളും കേരളസമൂഹത്തിന് ദീർഘകാല ബാധ്യതയായി മാറും എന്നുള്ളത് നിസ്തർക്കമാണ്.

നഷ്ടങ്ങളുടെ കണക്കുകൾ നിരത്തി സർവീസുകൾ വെട്ടിച്ചുരുക്കി സാധാരണക്കാർക്ക് പ്രയോജനമില്ലാതാക്കിക്കൊണ്ടിരിക്കുന്ന കെഎസ്ആർടിസിയെ പുനരുജ്ജീവിപ്പിച്ച് ജനപ്രിയ സേവനമാക്കി മാറ്റിയെടുക്കുക ഇന്നത്തെ കേരളത്തിന്റെ പ്രധാന ആവശ്യങ്ങളിലൊന്നാണ്. മറ്റെല്ലാത്തിനേക്കാൾ മുകളിൽ റോഡ് ഗതാഗത മേഖലയിൽ അടിയന്തിര ശ്രദ്ധ ആവശ്യമാണ്. അത്തരം രംഗങ്ങളിലെ ക്രിയാത്മക ഇടപെടലുകളാണ് ജനം ആഗ്രഹിക്കുന്നത്. ഏതുവിധേനയും ഫണ്ട് കണ്ടെത്തി പരിഹാരമുണ്ടാക്കേണ്ട ഇത്തരം എണ്ണമറ്റ അടിയന്തിര വിഷയങ്ങളിൽ തികഞ്ഞ അവഗണന തുടരുന്നതോടൊപ്പം തന്നെ ഇത്തരം സ്വപ്നപദ്ധതികൾ അവതരിപ്പിച്ച് ആശങ്കവിതയ്ക്കുകയും ചെയ്യുന്ന ശൈലി പ്രതിഷേധാത്മകമാണ്.

**ഇത് ജനനന്മയോ സാമൂഹിക ക്ഷേമമോ ലക്ഷ്യം വച്ചുള്ള പദ്ധതിയല്ല, മറിച്ച് ബിസിനസ് താൽപര്യങ്ങളാണ് മുന്നിട്ടു നിൽക്കുന്നത് എന്നുള്ള ചിന്ത അനേകായിരങ്ങളെ ഈ ദിവസങ്ങളിൽ വീർപ്പ് മുട്ടിക്കുന്നുണ്ട്.**

### ഉപസംഹാരം

മേൽപ്പറഞ്ഞ ചില വിഷയങ്ങളിൽ ഒതുങ്ങുന്നതല്ല കെ റെയിൽ സംബന്ധമായ ആശങ്കകൾ. ഇന്നത്തെ കേരളത്തിലും കേരളത്തിന്റെ ഭൂപ്രകൃതിയിലും ഈ പദ്ധതിയുടെ പ്രായോഗികത, വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിങ്ങനെ ഒട്ടേറെ വശങ്ങളിൽ നിന്നുള്ള ചോദ്യങ്ങളും ഈ ദിവസങ്ങളിൽ ഉയരുന്നുണ്ട്. എല്ലാം ആഴമുള്ള വിഷയങ്ങൾതന്നെയാണ്. ഭാവി തലമുറയ്ക്കുവേണ്ടിയുള്ള കരുതൽ എന്നോ, വികസനത്തിന് അനിവാര്യമെന്നോ ഉള്ള ചില വിശദീകരണങ്ങൾക്കൊണ്ട് അവസാനിക്കുന്നവയല്ല അത്തരം ആകുലതകൾ. ഭാവി തലമുറയ്ക്കായി നാം കരുതലുള്ളവരാകണം. എന്നാൽ, ആ കരുതൽ പ്രകടിപ്പിക്കപ്പെടേണ്ടത് അവർക്ക് ക്രിയാത്മകമായി പ്രവർത്തിക്കാനും വളരാനും അനുയോജ്യമായ പരിസ്ഥിതി അവർക്കായി നീക്കിവച്ചുകൊണ്ടുകൂടിയാവണം. മലിനീകരണങ്ങളും അശാസ്ത്രീയ നിർമ്മിതികളും പരിസ്ഥിതിയിലേക്കുള്ള കടന്നുകയറ്റങ്ങളും കൊണ്ട് ജീവിതം തന്നെ ദുസ്സഹമായിരിക്കുന്ന ഈ സാഹചര്യത്തിൽ ഭാവി തലമുറയെക്കുറിച്ച് നാം കൂടുതൽ കരുതലുള്ളവരാകേണ്ടത് ഇത്തരത്തിലാണ്. അവസാനമില്ലാത്ത അവകാശവാദങ്ങളുമായി രംഗപ്രവേശം ചെയ്യുന്നവർ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണിത്.

ഭാവിതലമുറയ്ക്കായുള്ള പ്രവർത്തന പദ്ധതികളിൽ അർഹിക്കുന്ന പ്രാധാന്യം ലഭിക്കാത്ത മറ്റൊന്നുകൂടിയുണ്ട്. വ്യവസായ, വാണിജ്യ, തൊഴിൽ മേഖലകളുടെ വളർച്ചയാണ് അത്. കഴിവുറ്റ സംരംഭകരും, പ്രൊഫഷണലുകളും പതിറ്റാണ്ടുകളായി സംസ്ഥാനവും രാജ്യവും വിട്ട് പുറംനാടുകളെ അഭയം പ്രാപിക്കുന്ന ദുരവസ്ഥ എന്തുകൊണ്ട് സർക്കാർ ഗൗരവമായി പരിഗണിക്കുന്നില്ല? ഒട്ടേറെ സംരംഭങ്ങൾ പൂട്ടിപ്പോകാനും,നിലവിലുള്ള നിരവധി പ്രസ്ഥാനങ്ങൾ പ്രതിസന്ധികളെ നേരിടാനുമുള്ള പ്രധാന കാരണം ഭരണകൂടത്തിന്റെ അനാസ്ഥയും കെടുകാര്യസ്ഥതയുമാണ്. ഒരു നാടിന്റെ യഥാർത്ഥ വികസനം ആ നാട്ടിലെ ജനങ്ങൾക്ക് മികച്ച ഉപജീവന സാദ്ധ്യതകൾ ഉറപ്പുവരുത്തിക്കൊണ്ടാണ് ആരംഭിക്കേണ്ടത്. അതിന് ആദ്യം ആവശ്യമായിരിക്കുന്നത് തൊഴിലവസരങ്ങളുടെയും തൊഴിൽ മേഖലകളുടെയും വളർച്ചയാണ്.

അഴിമതിയിൽ മുങ്ങി നിൽക്കുന്ന ഇന്നത്തെ കേരളത്തെ സംബന്ധിച്ചുള്ള പ്രധാന ആശങ്കയും, പതിനായിരക്കണക്കിന് കോടി രൂപകൊണ്ടുള്ള ആറാട്ട് സ്വപ്നം കണ്ടുകൊണ്ടുള്ള മുന്നിട്ടിറക്കമായി പലരും ഈ പദ്ധതിയെ വിലയിരുത്താനുള്ള കാരണങ്ങളും മേല്പറഞ്ഞവ തന്നെയാണ്. പൊതുജനത്തിന്റെയും സംഘടനകളുടെയും സ്വതന്ത്ര ചിന്തകരുടെയും അഭിപ്രായ സമന്വയമോ, ആശയങ്ങളോ പ്രതീക്ഷിക്കാതെയും സ്വീകരിക്കാതെയും നിർബ്ബന്ധ ബുദ്ധിയോടെ തുനിഞ്ഞിറങ്ങിയിരിക്കുന്നത് സംശയങ്ങൾ വർദ്ധിപ്പിക്കുന്നു. ജീവിതം വഴിമുട്ടുന്നതിലുള്ള ആശങ്കയിൽ വിലപിക്കുന്ന ജനങ്ങളെ അടിച്ചമർത്താനുള്ള നീക്കങ്ങൾ ആ സംശയങ്ങൾ വർദ്ധിപ്പിക്കുന്നു. ഇത് ജനനന്മയോ സാമൂഹിക ക്ഷേമമോ ലക്ഷ്യം വച്ചുള്ള പദ്ധതിയല്ല, മറിച്ച് ബിസിനസ് താൽപര്യങ്ങളാണ് മുന്നിട്ടു നിൽക്കുന്നത് എന്നുള്ള ചിന്ത അനേകായിരങ്ങളെ ഈ ദിവസങ്ങളിൽ വീർപ്പ് മുട്ടിക്കുന്നുണ്ട്. ജനവികാരം മനസിലാക്കി വിവേകത്തോടെ നിലപാടുകൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

www.malankaralibrary.com



# ജനങ്ങളുടെ ഉത്കണ്ഠകളും വേദനകളും ഞങ്ങളുടേതുമാണ്

മാർ ജോസഫ് പെരുന്തോട്ടം
ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ



**കെ-**റെയിൽ പദ്ധതിയുമായി സംസ്ഥാനസർക്കാർ മുന്നേറുമ്പോൾ അതിൻറെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുന്ന ജനങ്ങളുടെ മനസുകൾ നീറുകയാണ്. ഉള്ളതെല്ലാം ഉപേക്ഷിച്ചുപോകേണ്ടിവരുമെന്നുള്ള ഭീതി അവരെ തളർത്തുന്നു. സ്വന്തം സ്ഥലത്ത് സ്വസ്ഥമായി ജീവിക്കുവാനുള്ള അവരുടെ അവകാശം നിഷേധിക്കപ്പെടുന്നു എന്നുള്ളത് കെ-റെയിലിനെതിരേ പ്രതിഷേധിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. സ്വാഭാവികമായ ഈ പ്രതിഷേധത്തെ അധികാരവും ശക്തിയുമുപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നത് രംഗം കൂടുതൽ വഷളാക്കുന്ന അവസ്ഥയിലാക്കി.

രാഷ്ട്രീയകക്ഷിഭേദമില്ലാതെ നാനാ ജാതിമതസ്ഥരായ പതിനായിരക്കണക്കിനാളുകളുടെ കണ്ണീർ വീഴ്ത്തുന്ന ഈ പദ്ധതിയുടെ ഇരകളോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നതിനെ ചോദ്യംചെയ്യുകയും അവരെ നിശ്ശബ്ദരാക്കാൻ സമ്മർദം ചെലുത്തുകയും ചെയ്യുന്നതിനെ അംഗീകരിക്കാനാവില്ല.

കെ-റെയിൽ പാതയുടെ ഇരകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ നേരിൽക്കണ്ടു ബോധ്യപ്പെടാൻ പ്രസ്തുത സ്ഥലങ്ങൾ ഏതെങ്കിലും മതസമുദായ നേതാക്കൾ സന്ദർശിക്കുന്നതിനെ വിമർശിക്കുകയും അതിൽ രാഷ്ട്രീയം കലർത്തി വ്യാഖ്യാനിക്കുകയും ചെയ്യുന്നത് തികച്ചും പ്രതിഷേധാർഹമാണ്. കെറെയിലിൻറെ തണലിലും രാഷ്ട്രീയലാഭം കൊയ്യാനായിരിക്കും അവരുടെ ശ്രമം.

കെ-റെയിലിൻറെ ഇരകളായ വേദനിക്കുന്നവരോട് അനുകമ്പ പുലർത്തുന്ന മനുഷ്യസ്നേഹികളുടെ പേരിൽ പറയാൻ ആഗ്രഹിക്കുന്നു, “ഈ ജനങ്ങളുടെ ഉത്കണ്ഠകളും വേദനകളും ഞങ്ങളുടേതുമാണ്” എന്ന്. ബലപ്രയോഗത്തിലൂടെ അവരെ നിശ്ശബ്ദരാക്കാൻ അധികാരികൾ ശ്രമിക്കരുത്.

കെ-റെയിലിൻറെ പ്രത്യാഘാതങ്ങളെക്കുറിച്ചും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും അവയ്ക്കുള്ള പരിഹാര മാർഗങ്ങളെക്കുറിച്ചും ശാസ്ത്രീയപഠനങ്ങളും നിർദേശങ്ങളും ഏറെനാളായി ശ്രദ്ധയിൽപ്പെടുത്തിയിട്ടും അവയൊന്നും ഗൗനിക്കാതെയാ



www.malankaralibrary.com

ണ് സർക്കാർ മുന്നോട്ടുപോകുന്നത് എന്നുള്ള ആശങ്ക ഞങ്ങൾക്കുണ്ട്. മാത്രമല്ല, മതസമുദായങ്ങൾക്കിടയിൽ ഭിന്നത സൃഷ്ടിച്ച് രാഷ്ട്രീയ മുതലെടുപ്പു നടത്താനുള്ള ശ്രമവും നടക്കുന്നുവോ എന്നു തോന്നിപ്പോകുന്നു.

മതമേലധ്യക്ഷൻമാരോ സമുദായനേതാക്കന്മാരോ ജനങ്ങളുടെ ബുദ്ധിമുട്ടുകളിൽ അവർക്ക് ആശ്വാസവും ശക്തിയും പകരുന്നതും അവരുടെ പ്രശ്നങ്ങൾക്ക് നീതിപൂർവമായ പരിഹാരം കണ്ടെത്താൻ ഇടപെടുന്നതും ദുർവ്യാഖ്യാനിച്ച് വിമോചനസമരത്തിനൊരുങ്ങുന്നു എന്നുപറഞ്ഞ് പരിഹസിക്കുന്നത് ആശയക്കുഴപ്പം സൃഷ്ടിച്ച് പ്രശ്നം കൂടുതൽ സങ്കീർണമാക്കാനേ ഉപകരിക്കൂ. കെ-റെയിൽ പദ്ധതി അനേകർക്ക് ഒരു ജീവിതപ്രശ്നമാണ്. അതിനെ ഒരു രാഷ്ട്രീയ വിഷയമാക്കി രാഷ്ട്രീയ വികാരം ഊതിക്കത്തിച്ച് രാഷ്ട്രീയ കലഹവേദിയാക്കരുത്. രാഷ്ട്രീയത്തിനും മറ്റു വിഭാഗീയചിന്തകൾക്കും അതീതമായി ആയിരക്കണക്കിന് കുടുംബങ്ങളുടെ ജീവിതം തകർക്കുന്ന ഈ പ്രശ്നത്തിന് ഉചിതമായ പരിഹാരം കണ്ടെത്താൻ എല്ലാവരും ഒരുമിക്കണം.

സർക്കാർ നൽകുന്ന വാഗ്ദാനങ്ങളിൽ പലപ്പോഴും വിശ്വാസ്യത തോന്നാത്തത് മുന്നനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ്. ഒരുകാലത്ത് ഹൈറേഞ്ചിലേക്കും മറ്റും കുടിയേറ്റം പ്രോത്സാഹിപ്പിച്ചത് സർക്കാർ തന്നെയാണ്. പിൽക്കാലങ്ങളിൽ പ്രസ്തുത കുടിയേറ്റങ്ങളെ കൈയേറ്റങ്ങളായി ചിത്രീകരിച്ച് കർഷകരെ കുടിയിറക്കിയതും സർക്കാരാണ്. അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട നഷ്ടപരിഹാരം ലഭിക്കാതെ പലരും വേദനിച്ച് നിരാലംബരായി ഇഹലോകവാസം വെടിഞ്ഞു.

മറ്റൊരുദാഹരണമാണ് മൂലമ്പിള്ളി കുടിയിറക്ക്. ഈ സ്ഥലങ്ങളിലൊക്കെ കിടപ്പാടം നഷ്ടപ്പെട്ടവരിൽ പലരും ഇനിയും വേണ്ടവിധം പുനരധിവസിപ്പിക്കപ്പെട്ടിട്ടില്ല എന്നു പഠനങ്ങൾ പറയുന്നു. ഈ സാഹചര്യത്തിൽ കെ റെയിൽ പ്രശ്നം സംയമനത്തോടെ കൈകാര്യം ചെയ്യാനും ജനങ്ങളുടെ സ്വസ്ഥജീവിതം തകർക്കാതിരിക്കാനും സർക്കാർ ശ്രദ്ധിക്കണം. ജനാധിപത്യ സംവിധാനത്തിൽ ന്യായമായി പ്രതിഷേധിക്കുവാൻ ജനങ്ങൾക്കവകാശമുണ്ട്. അവർക്കെതിരേ അനാവശ്യമായി കേസെടുത്ത് അവരെ കഷ്ടപ്പെടുത്തരുത്.

സാധാരണക്കാരായ ആളുകളാണ് കെ റെയിലിൻറെ ഇരകളാകുന്നവരിൽ ബഹുഭൂരിപക്ഷവും. അവരിൽ എല്ലാ വിഭാഗക്കാരുമുണ്ട്. അതിനാൽ ഒരു പൊതുജനപ്രശ്നം എന്ന നിലയിൽ ഇതിനെ ഗൗരവമായിക്കാണാനും സമൂഹത്തിൽ ചേരിതിരിവുകൾ വളർത്താതെ സമാധാനാന്തരീക്ഷം സംജാതമാക്കുവാനും ജനങ്ങളുടെ സ്വത്തും ജീവനും സംരക്ഷിക്കുവാനും സർക്കാർ തയാറാകണം.അതാണ് ജനാധിപത്യമര്യാദ.



www.malankaralibrary.com



# വികസനം:
## കത്തോലിക്കാ സഭയുടെ നിലപാടെന്ത്?

**കെ** റെയിൽ സംബന്ധിച്ച വിവാദങ്ങളുടെ പശ്ചാത്തലത്തിൽ, രണ്ടാം വിമോചന സമരത്തിനുള്ള നീക്കം, തീവ്രവാദ-നക്സലൈറ്റ് ബാന്ധവം, സർക്കാരിനെ ആട്ടിമറിക്കാൻ രൂപപ്പെട്ട വിചിത്ര സഖ്യം തുടങ്ങിയ ആരോപണങ്ങൾ സർക്കാർതലങ്ങളിലൂടെയും, ഭരണകക്ഷിയുടെ നേതാക്കന്മാരിലൂടെയും ആസൂത്രിതമായി പ്രചരിപ്പിക്കാൻ ശ്രമങ്ങൾ നടന്നുവരുന്ന സാഹചര്യത്തിൽ തന്നെയാണ് കേരള കത്തോലിക്കാ മെത്രാൻ സംഘം തങ്ങളുടെ നിലപാട് വ്യക്തമാക്കിയിരിക്കുന്നത്. മുമ്പേ തന്നെ ചില അഭിവന്ദ്യ മെത്രാന്മാരും കെസിബിസി ഐക്യജാഗ്രതാ കമ്മീഷനും കെആർഎൽസിസിയും കെസിവൈഎം പോലുള്ള സംഘടനകളും പദ്ധതിയെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചിരുന്നു. അതിനെ പ്രതിരോധിക്കാനെന്നവണ്ണം കെ റെയിൽ പദ്ധതിയുടെ ജനദ്രോഹനയങ്ങൾ വ്യക്തമാകാതിരുന്ന അതിന്റെ ആരംഭഘട്ടത്തിൽ ചില അഭിവന്ദ്യ മെത്രാന്മാർ കെ റെയിലിനെ അനുകൂലിച്ചു സംസാരിച്ച ദൃശ്യങ്ങളും മറ്റും പ്രചരിപ്പിച്ച് ആശയക്കുഴപ്പമുണ്ടാക്കാനുള്ള ശ്രമങ്ങളുണ്ടായി. ഇക്കാര്യങ്ങളിൽ കത്തോലിക്കാ സഭയ്ക്കകത്ത് വിരുദ്ധാഭിപ്രായങ്ങളാണെന്നും, സഭയ്ക്കുള്ളത് വികസന വിരുദ്ധനയങ്ങളാണെന്നും വരെ ചിലർ സമർത്ഥിക്കാൻ ശ്രമിക്കുകയുണ്ടായി. ഈ വിഷയത്തിൽ സഭ രണ്ടുതട്ടിലാണെന്ന് സ്ഥാപിക്കാനും അതുവഴി ചില മുതലെടുപ്പുകൾ നടത്താനുമായിരുന്നു അക്കൂട്ടരുടെ പരിശ്രമം. അത്തരം വാദങ്ങളെല്ലാം അപ്രസക്തമാണെന്ന് തെളിയിക്കുന്നതാണ് കെ റെയിൽ വിവാദത്തിൽ കേരള കത്തോലിക്കാസഭ വെളിപ്പെടുത്തിയിരിക്കുന്ന നിലപാട്.




വേണ്ടത്ര പഠനങ്ങളുടെ പിൻബലത്തോടെയും ജനപിന്തുണയോടെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ലോകത്ത് എവിടെയും കത്തോലിക്കാസഭയ്ക്ക് പൂർണ്ണ യോജിപ്പാണുള്ളത്. അത്തരം പദ്ധതികൾക്കായി നഷ്ടങ്ങൾ ഏറ്റെടുക്കുന്നതിലോ, അതുമായി ഏതുവിധേനയും സഹകരിക്കുന്നതിലോ ഒരിക്കലും സഭ മടികാണിച്ചിട്ടില്ല. കേരളത്തിൽ തന്നെ വികസന പ്രവർത്തനങ്ങൾക്കായി സഭ നല്കിയിട്ടുള്ള സംഭാവനകൾ എത്രയോ വലുതാണ്? പതിറ്റാണ്ടുകൾക്കു മുമ്പ് തുമ്പയിലെ വിക്രം സാരാഭായ് സ്പേസ് സെന്ററിനായി ദൈവാലയം തന്നെ വിട്ടുകൊടുത്തതും, സമീപകാലത്ത് റോഡ് വികസനത്തിനായി കുരിശുപള്ളികൾ വിട്ടുകൊടുത്തതും ഉൾപ്പെടെയുള്ള നിരവധി മാതൃകകൾ നൽകുകയും, വിശ്വാസികളെ അപ്രകാരം ആഹ്വാനം ചെയ്യുകയും ചെയ്യുന്ന സഭയെ വികസനവിരോധികൾ എന്ന് മുദ്ര കുത്തുന്നവർ, ഒരുകാലത്ത് ട്രാക്ടറിനെയും, കമ്പ്യൂട്ടറിനെയുമൊക്കെ എതിർത്ത ചരിത്രമുള്ളവരാണ് എന്നത് മറക്കരുത്.

> **വേണ്ടത്ര പഠനങ്ങളുടെ പിൻബലത്തോടെയും ജനപിന്തുണയോടെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ലോകത്ത് എവിടെയും കത്തോലിക്കാസഭയ്ക്ക് പൂർണ്ണ യോജിപ്പാണുള്ളത്**

ആർക്കും പ്രഥമദൃഷ്ട്യാ ഇന്നത്തെ കേരളത്തിന് ആവശ്യമെന്ന് തോന്നാവുന്ന ഒന്നാണ് കെ റെയിൽ - സിൽവർലൈൻ പദ്ധതി എന്നുള്ളതിൽ സംശയമില്ല. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവുമധികം യാത്രാദുരിതം അനുഭവപ്പെടുന്ന സംസ്ഥാനമായ കേരളത്തിന്റെ ഇപ്പോഴുള്ള അവസ്ഥയിൽ പൊറുതിമുട്ടുന്ന ആർക്കും ഇത്തരമൊരാശയം ആകർഷകമായി തോന്നും. അതേസമയം, മറ്റു ചില വസ്തുതകളും പശ്ചാത്തലങ്ങളും കൂടി പരിഗണിക്കുമ്പോൾ ഈ പദ്ധതിയെക്കുറിച്ച് ഒരുപാട് ചോദ്യങ്ങൾ ഉയരുന്നുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ചും, അതിന്റെ

www.malankaralibrary.com

നടത്തിപ്പും പ്രായോഗികതയും സംബന്ധിച്ച സങ്കീർണ്ണതകളെക്കുറിച്ചും, സാമ്പത്തികവും പാരിസ്ഥിതികവുമായ വിവിധ വശങ്ങളെക്കുറിച്ചും ആഴമായ പഠനങ്ങൾ ഇല്ലാത്തപക്ഷം ആർക്കും ഇത്തരമൊരു പദ്ധതിയോട് അനുകൂല മനഃസ്ഥിതി ഉണ്ടായേക്കാം. പ്രോജക്റ്റിന്റെ പക്ഷത്തു നിന്ന് സംസാരിക്കുന്നവരുടെ വാദഗതികൾ മാത്രം കേട്ടാൽ എതിർപ്പുകൾ ഉന്നയിക്കുന്നവരുടെ ആരോപണങ്ങളിൽ കഴമ്പില്ല എന്ന് തോന്നിയേക്കാം. എങ്കിലും, സാമ്പത്തികവും പാരിസ്ഥിതികവും സാമൂഹികമായ ചില ഗുരുതര വിഷയങ്ങൾ ചർച്ചചെയ്യാതിരിക്കാനാവില്ല.

**എല്ലാ സാമൂഹിക വിഷയങ്ങളിലും സഭയ്ക്ക് സാധാരണക്കാരായ മനുഷ്യരുടെയും രാഷ്ട്രത്തിന്റെ നന്മയുടെയും പക്ഷം മാത്രമേയുള്ളൂ.**

### കത്തോലിക്കാ സഭയുടെ ഔദ്യോഗിക നിലപാടുകൾ

വാസ്തവത്തിൽ ഇത്തരം വിഷയങ്ങളിലെ സഭയുടെ നിലപാട് വളരെ വ്യക്തമാണ്. ജനനന്മയ്ക്ക് ഉപകരിക്കുന്നതും കാലഘട്ടത്തിന് ആവശ്യമായതുമായ ഏതുതരം വികസന പ്രവർത്തനങ്ങളെയും സ്വാഗതം ചെയ്യുന്ന നിലപാടാണ് സഭയ്ക്കുള്ളത്. പൊതുനന്മ എന്ന ആത്യന്തികലക്ഷ്യം, സാമൂഹ്യനീതിയുടെയും മനുഷ്യാവകാശങ്ങളുടെയും ശ്രദ്ധാപൂർവ്വകമായ സംരക്ഷണം, ഭാവിതലമുറയ്ക്ക് നല്കുന്ന പരിഗണന, പ്രകൃതിയോടുള്ള കരുതൽ തുടങ്ങിയ അടിസ്ഥാന തത്ത്വങ്ങളിൽ ഉറപ്പിക്കപ്പെട്ട് നടപ്പിൽ വരുത്തുന്ന എല്ലാ വികസന പ്രവർത്തനങ്ങളെയും കത്തോലിക്കാ സഭാ പ്രബോധനങ്ങൾ ശ്ലാഘിക്കുന്നുണ്ട്. ജനങ്ങളുടെ വികസനം, ആധുനിക ലോകത്തിലെ സുവിശേഷവത്കരണം (പോൾ ആറാമൻ പാപ്പ), സാമൂഹിക പരിഗണനകൾ (ജോൺ പോൾ രണ്ടാമൻ പാപ്പ), ദൈവം സ്നേഹമാകുന്നു (ബെനെഡിക്ട് പതിനാറാമൻ പാപ്പ), അങ്ങേയ്ക്ക് സ്തുതി (ഫ്രാൻസിസ് പാപ്പാ) തുടങ്ങിയ ചാക്രിക ലേഖനങ്ങളിലെല്ലാം ഈ ആശയം സ്പഷ്ടമാണ്. മനുഷ്യന്റെയും സമൂഹത്തിന്റെയും സമഗ്രമായ വികസനമാണ് കത്തോലിക്കാ സഭയുടെ വികസനനയം എന്ന് ചുരുക്കത്തിൽ പറയാവുന്നതാണ്. ഈ സമഗ്രതയിൽ വേർതിരിവുകളില്ലാതെ എല്ലാവരും പൂർണ്ണമായും ഗുണഭോക്താക്കളാകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത് എന്ന കാര്യത്തിൽ സഭാ പ്രബോധനങ്ങൾ നിഷ്കർഷ പുലർത്തുന്നുണ്ട്.

കെ റെയിൽ വിഷയത്തിൽ, ചില ചോദ്യങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭിക്കാതെയും, പൊതുജനത്തിന്റെ ആശങ്കകൾ ദുരീകരിക്കാതെയും ഈ പ്രോജക്ടിനെ അന്ധമായി പിന്തുണയ്ക്കാൻ കഴിയില്ല എന്നതാണ് നിലവിൽ സഭ വ്യക്തമാക്കിയിരിക്കുന്ന നിലപാട്. സാമ്പത്തികവും സാമൂഹികവുമായ ആശങ്കകൾ ജനങ്ങൾക്കിടയിൽ ശക്തമായി നിലനിൽക്കുന്നുണ്ട്. പൗരന്മാർക്ക് കാര്യങ്ങൾ വിശദമാക്കി നൽകുവാനും, അവരുടെ സംശയങ്ങൾ ദൂരീകരിക്കുവാനും സർക്കാർ അടിയന്തരമായി നടപടികൾ സ്വീകരിക്കാത്തത് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ച് സംശയം ജനിപ്പിക്കുന്നുണ്ട്. അതിനുപകരം, പോലീസിനെ രംഗത്തിറക്കി ബലം പ്രയോഗിച്ച് സ്വകാര്യ ഭൂമികളിലൂടെ നടത്തുന്ന




www.malankaralibrary.com

സർവ്വേകളും കല്ല് സ്ഥാപിക്കലുമൊക്കെ, ഈ നാട്ടിലെ പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുവാൻ കടപ്പെട്ടിരിക്കുന്ന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നത് ആശങ്കാജനകമാണ്. പാരിസ്ഥിതിക പഠനങ്ങൾ ഉൾപ്പെടെയുള്ള പല നടപടിക്രമങ്ങളും ഇനിയും പൂർത്തിയാവുകയും, ഇത്തരം വിഷയങ്ങളിൽ തൃപ്തികരമായ വിശദീകരണം കേരളസമൂഹത്തിന് ലഭിക്കുകയും ചെയ്യേണ്ടതുണ്ട്. റോഡ് വികസനം, പാർക്കിങ് സംവിധാനങ്ങൾ, തീരദേശ പരിപാലനം, വേസ്റ്റ് മാനേജ്മെന്റ്, കാടിറങ്ങുന്ന വന്യമൃഗങ്ങൾ കൃഷിക്കാർക്ക് വരുത്തുന്ന ദ്രോഹങ്ങൾ, ആരോഗ്യ പരിപാലനം, കുടിവെള്ള ലഭ്യത, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തുടങ്ങി അടിസ്ഥാന വികസനത്തിന്റെ നിരവധി മേഖലകൾ അടിയന്തിര സ്വഭാവത്തോടെ സർക്കാരിന് മുൻപിൽ ഉള്ളപ്പോളാണ് ജനസാന്ദ്രതയേറിയ ഈ നാട്ടിൽ ബലപ്രയോഗത്തിലൂടെ വികസനമെന്ന പേരിൽ കിരാതനടപടികൾക്ക് സർക്കാർ തുനിയുന്നത് എന്നത് വിരോധാഭാസമാണ്.

മുന്നനുഭവങ്ങളുടെ വെളിച്ചത്തിൽ കടുത്ത ആശങ്കകളിൽ അകപ്പെട്ടിരിക്കുന്ന സാധാരണക്കാരായ ജനങ്ങളുടെ ഭീതി സർക്കാർ ഗൗരവമായെടുത്തേ മതിയാവൂ. കെ റെയിൽ പദ്ധതിയുടെ പേരിൽ കുടിയിറക്ക് ഭീഷണി നേരിടുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് പകരം ബലപ്രയോഗം നടത്തി അടിച്ചമർത്തുന്ന രീതി ആശാസ്യമല്ല. സാമ്പത്തികമായി വലിയ തകർച്ചയിലേക്ക് സംസ്ഥാനം നീങ്ങുന്നു എന്ന മുന്നറിയിപ്പ് സി.എ.ജിയും നിരവധി സാമ്പത്തിക വിദഗ്ധരും നൽകിയിട്ടുള്ളതാണ്. ഇത്തരമൊരു സാഹചര്യത്തിൽ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ പോലും മാറ്റിവച്ച് ഭീമമായ ഒരു തുക വായ്പ്പയെടുത്ത് കെ റെയിൽ പദ്ധതി നടപ്പാക്കാൻ ശ്രമിച്ചാൽ വലിയ പ്രത്യാഘാതങ്ങൾക്ക് ഇടയുണ്ട്.

മറ്റു പല വിഷയങ്ങളിലുമെന്നതുപോലെ ഈ സാഹചര്യത്തിലും, വിവിധ രാഷ്ട്രീയ അനുഭാവികളുടെ നേതൃത്വത്തിൽ ചേരിതിരിഞ്ഞുള്ള വാഗ്വാദങ്ങൾ സമൂഹത്തിലും സമൂഹമാധ്യമങ്ങളിലും മുഖ്യധാരാമാധ്യമ ചർച്ചകളിലും പ്രകടമാണ്. രണ്ടിൽ ഏത് അഭിപ്രായം ആരുപറഞ്ഞാലും അയാൾ ആ പക്ഷത്തുനിൽക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ ആളാണ് എന്ന് സ്ഥാപിച്ച് രാഷ്ട്രീയമായി നേരിടാനുള്ള ശ്രമങ്ങളുണ്ട്. അതുപോലെതന്നെ, അപ്രതീക്ഷിതമായി വീണുകിട്ടുന്ന വാചകങ്ങളെ രാഷ്ട്രീയ മുതലെടുപ്പിനായി ഉപയോഗിക്കാനുള്ള നീക്കങ്ങളും കാണാം. ഇക്കാര്യത്തിലും മറ്റെല്ലാ സാമൂഹിക വിഷയങ്ങളിലും സഭയ്ക്ക് സാധാരണക്കാരായ മനുഷ്യരുടെയും രാഷ്ട്രത്തിന്റെ നന്മയുടെയും പക്ഷം മാത്രമേയുള്ളൂ. മറ്റുള്ള വ്യാഖ്യാനങ്ങളും പ്രചാരണങ്ങളും തീർത്തും അടിസ്ഥാനരഹിതവും അപ്രസക്തവുമാണ്.



www.malankaralibrary.com



# കേരളം നേരിടുന്ന വികസന പ്രശ്നങ്ങൾ

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി, അതിനെക്കാൾ മെച്ചമാണ് കേരളം എന്ന നിലയിലുള്ള വാദഗതികൾ പലപ്പോഴും കേൾക്കാറുണ്ട്. എന്നാൽ, മറ്റേതെങ്കിലും സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്നതാണോ കേരളത്തിന്റെ സാധ്യതകൾ എന്നുള്ള വിചിന്തനം ഈ കാലഘട്ടത്തിൽ ആവശ്യമാണ്. വിദ്യാഭ്യാസം, കാലാവസ്ഥ, അടിസ്ഥാന സൗകര്യങ്ങൾ, ജലലഭ്യത തുടങ്ങിയ ഒട്ടേറെ അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും വികസന മുരടിപ്പിൽ വീർപ്പുമുട്ടുന്ന ഇന്നത്തെ കേരളം, മുന്നോട്ടുള്ള യാത്രയിൽ വഴിമുട്ടി നിൽക്കുകയാണെന്ന് പറയാം.

## 1. ഗതാഗത സൗകര്യങ്ങൾ

എക്കാലവും മറ്റുപല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കേരളം നേരിട്ടിരുന്ന പ്രതിസന്ധികൾ ഗതാഗത സൗകര്യങ്ങൾ, റോഡുകൾ തുടങ്ങിയവ സംബന്ധിച്ചാണ്. തകർന്നുകിടക്കുന്ന റോഡുകൾ സമീപകാലം വരെ കേരളത്തിലെ സാധാരണ കാഴ്ചയായിരുന്നു. ഇന്ന് ദേശീയപാതകൾ മുതൽ പഞ്ചായത്ത് റോഡുകൾ വരെയുള്ളവയുടെ അവസ്ഥയ്ക്ക് പ്രകടമായ മാറ്റങ്ങൾ ഉണ്ടായെങ്കിലും, ഗതാഗതക്കുരുക്കുകൾ, റോഡുകളുടെ സൗകര്യക്കുറവ് എന്നിങ്ങനെ മറ്റുചില പ്രതിസന്ധികൾ കൂടുതൽ രൂക്ഷമായിരിക്കുന്നു. പട്ടണങ്ങളിലെ ഗതാഗതക്കുരുക്കുകൾ ഇന്ത്യൻ നഗരങ്ങളിൽ അപൂർവമല്ല എങ്കിലും, പ്രധാന റോഡുകളുടെ സൗകര്യക്കുറവ് മൂലം സംസ്ഥാനത്തുടനീളമുള്ള ഗതാഗത തടസം കേരളത്തിലേതുപോലെ മറ്റെവിടെയും ഉണ്ടായിരിക്കാനിടയില്ല. മറ്റു സംസ്ഥാനങ്ങളിലെ മിക്ക ദേശീയപാതകളും പ്രധാന റോഡുകളും ആവശ്യാനുസരണമുള്ള സൗകര്യങ്ങളോടെ പുതുക്കിപ്പണിതവയാണെങ്കിൽ കേരളത്തിലെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. അടിയന്തിര ആവശ്യങ്ങളുള്ള പലയിടങ്ങളിലും നാലുവരിപ്പാത പണിയുവാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല. അതിനാവശ്യമായ സ്ഥലമെടുപ്പ് വർഷങ്ങൾക്ക് മുമ്പേ ആരംഭിച്ചിട്ടും പലയിടങ്ങളിലും മുടങ്ങിക്കിടക്കുകയാണ്.

സ്വാതന്ത്ര്യത്തിന് മുമ്പ് രാജഭരണകാലത്ത് വിഭാവനം ചെയ്ത് പണികഴിപ്പിക്കപ്പെട്ട കേരളത്തിന്റെ എംസി റോഡ് (മെയിൻ സെൻട്രൽ റോഡ്) എന്ന, ഒന്നാം നമ്പർ സംസ്ഥാന പാത ഒരു ഘട്ടം വരെ നമ്മുടെ വികസനത്തിന്റെ നെടുംതൂണ് ആയിരുന്നു. കാലാനുസൃതമായതും ദീർഘവീക്ഷണത്തോടെയുള്ളതുമായ പരിഷ്കരണങ്ങൾ നടപ്പാക്കാതെ വന്നതോടെ അങ്കമാലി മുതൽ തിരുവനന്തപുരം വരെ നീളുന്ന 240 കിലോമീറ്റർ ദൈർഘ്യമുള്ള എംസിറോഡിന്, മധ്യകേരളത്തിന്റെയും തെക്കൻ കേരളത്തിന്റെയും ഗതാഗത ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ കഴിയാതെയായി. കാലാനുസൃതമായി പരിഷ്കരിക്കപ്പെടാതെ പോയതിനാൽ ഉപയോഗശൂന്യമായ റോഡുകളും കേരളത്തിലുണ്ട്.

സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിന്റെ നെടുംതൂണായിരിക്കേണ്ട ഗതാ



www.malankaralibrary.com

ഗത സൗകര്യങ്ങൾ ഇന്നും നമുക്ക് അപര്യാപ്തമാണ് എന്നുതന്നെ പറയാം. 2001 2004 കാലഘട്ടത്തിൽ ആന്റണി മന്ത്രിസഭ വിഭാവനം ചെയ്ത എക്സ്പ്രസ് ഹൈവേ പ്രതിപക്ഷത്തിന്റെ കടുത്ത സമരമുറകൾക്ക് മുന്നിൽ നടപ്പാക്കാനാവാതെ പോവുകയായിരുന്നു. എക്സ്പ്രസ് ഹൈവേ എന്ന ആശയം ഉയർന്ന് രണ്ട് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും ഗതാഗത വികസനത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ അവസ്ഥ ശോചനീയമാണ്. ഏതുതരം വികസന മുന്നേറ്റങ്ങൾക്കും അടിസ്ഥാനമായി നിലകൊള്ളേണ്ട ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ നാം പതിറ്റാണ്ടുകൾ പിന്നോട്ട് പോയിരിക്കുന്നു. എക്സ്പ്രസ് ഹൈവേ എന്ന സ്വപ്ന പദ്ധതിക്ക് പ്രധാനമായും തടസം നിന്ന കമ്മ്യൂണിസ്റ്റ് പ്രതിപക്ഷം പിന്നീട് ഭരണപക്ഷമായ കാലങ്ങളിൽ പലപ്പോഴും സമാനമായ പദ്ധതികൾ ഉയർത്തിക്കൊണ്ടുവരാൻ പരിശ്രമിക്കുകയുണ്ടായെങ്കിലും വിജയിച്ചില്ല. നിലവിലുള്ള റോഡുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിലും മാറിവരുന്ന സർക്കാരുകൾ പരാജയമാണെന്നത് വാസ്തവം തന്നെയാണ്. ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങൾ വർഷങ്ങളായി തുടരുന്നതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് വിവിധ ഭരണ നേതൃത്വങ്ങൾക്ക് ഒഴിഞ്ഞുമാറാൻ കഴിയില്ല. കേരളസംസ്ഥാനത്തിന്റെ എല്ലാവിധത്തിലുമുള്ള വികസനസ്വപ്നങ്ങൾക്കും വിലങ്ങുതടിയാണ് റോഡ് സൗകര്യത്തിന്റെ അപര്യാപ്തത എന്നത് ഒരു യാഥാർത്ഥ്യമാണ്.

സർക്കാരിന്റെ നയങ്ങളിലുള്ള പോരായ്മകളാണ് റോഡ് വികസനത്തിനും ഗതാഗതക്കുരുക്കുകളുടെ വർദ്ധനയ്ക്കും പ്രധാന കാരണമായി നിലകൊള്ളുന്നത്. കാലാകാലങ്ങളായി മാറിവരുന്ന സർക്കാരുകളും ഉത്തരവാദിത്തപ്പെട്ട മന്ത്രാലയങ്ങളിലെ പ്രമുഖ സ്ഥാനങ്ങളിലുള്ളവരും ഭരണവർഗം പൊതുവായും സുസ്ഥിരമായ വികസനത്തിലേക്ക് നാടിനെ നയിക്കാനുതകുന്ന നയങ്ങൾ സ്വീകരിക്കാൻ ശ്രമിച്ചിട്ടില്ല. റോഡുകളും, ചെറുതും വലുതുമായ സിറ്റികളും ശരിയായ പ്ലാനുകളെ ആശ്രയിച്ച് നിർമ്മിക്കപ്പെട്ടവയല്ല. ടൗൺ പ്ലാനിംഗുകളിൽ സംഭവിച്ചിട്ടുള്ള പോരായ്മകളാണ് ഗതാഗത രംഗത്ത് വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുള്ളത്.

ലോകത്ത് മറ്റെവിടെയും കാണപ്പെടാത്ത ചില പതിവുകൾ കേരളത്തിൽ കാണാം. പ്രധാന റോഡുകളോട് ചേർന്ന് വലിയ കച്ചവട സംരംഭങ്ങളും ഷോപ്പിംഗ് മാളുകളും മുതൽ ഫ്ളാറ്റുകളും ഭവനങ്ങളും വരെ പണിതുയർത്തുന്ന രീതിയാണത്. റോഡുകളുടെ വികസനങ്ങൾക്ക് കേരളത്തിൽ പതിനാല് ജില്ലകളിലും പ്രധാന തടസമായിരിക്കുന്നത് റോഡിനോട് ചേർന്നുള്ള നിർമ്മിതികളാണ്. ഇക്കാര്യം പതിറ്റാണ്ടുകൾക്ക് മുമ്പേ വ്യക്തമായിട്ടുപോലും അത്തരം നിർമ്മാണ ശൈലിക്ക് നിയന്ത്രണം ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഭരണ നേതൃത്വങ്ങളും റിയൽ എസ്റ്റേറ്റ് മാഫിയകളും തമ്മിലുള്ള അവിശുദ്ധ ബന്ധങ്ങളാണ് ഇത്തരം ഗൗരവമായ അലംഭാവങ്ങൾക്ക് കാരണമെന്ന് സംശയിക്കാവുന്നതാണ്. സമീപകാലത്ത് പണികഴിപ്പിച്ചിട്ടുള്ള ദേശീയപാത ബൈപ്പാസുകൾക്ക് സമീപങ്ങളിൽ പോലും വലിയ ഷോപ്പിംഗ് മാളുകൾ പണികഴിപ്പിച്ചിരിക്കുന്ന കാഴ്ചകൾ



www.malankaralibrary.com

കേരളത്തിൽ പലയിടങ്ങളിലും കാണാം. ഗതാഗത കുരുക്കുകൾ ഒഴിവാക്കാനായി പണിത ബൈപ്പാസുകളിലും ഗതാഗത കുരുക്കുകൾ വർധിച്ചുവരുന്ന പ്രതിഭാസം കേരളത്തിൽ പൊതുവായുണ്ട്

റിയൽ എസ്റ്റേറ്റ് മാഫിയകൾ ഭരണതലങ്ങളിൽ പിടിമുറുക്കിയിരിക്കുന്നതാണ് റോഡ് വികസന കാര്യങ്ങളിൽ പ്രധാനമായൊരു തടസമായിരിക്കുന്നത്. പുതിയ റോഡുകൾ വരാൻ പോകുന്നതായി അറിവ് ലഭിക്കുന്നതിന് പിന്നാലെ തന്നെ ആ പ്രദേശം കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്നവരുടെ ഇടപെടലുകൾ പലയിടങ്ങളിലും പ്രകടമാണ്. അതിനാൽത്തന്നെ, അത്തരം റോഡുകൾക്കുള്ള സ്ഥലമേറ്റെടുപ്പുകളെ അത്തരക്കാർ സ്വാധീനിക്കുകയും റോഡിന്റെ പ്ലാനുകളിൽപ്പോലും മാറ്റം വരുത്തുകയും ചെയ്തതായുള്ള അനുഭവങ്ങൾ സമീപകാലങ്ങളിലുണ്ട്.

റോഡ് സൈഡ് ഡവലപ്പ്മെന്റ് എന്ന അശാസ്ത്രീയ പ്രവണതയെ നിയന്ത്രിക്കാനും, ഭാവിയിൽ കുറച്ചുകൊണ്ടുവരുവാനുമുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്യേണ്ടതാണ്. റിയൽ എസ്റ്റേറ്റ് ഇടപെടലുകൾ കുറയ്ക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ നടപ്പാക്കുകയും അതിനാവശ്യമായ നിയമ നിർമ്മാണങ്ങൾ ഉണ്ടാവുകയും വേണം.

## 2. അഴിമതി

അഴിമതിയുടെ നീരാളിപ്പിടുത്തത്തിൽ പെട്ട് നിറവേറ്റപ്പെടാതെ കിടക്കുന്ന ഒന്നാണ് കേരളത്തിന്റെ വികസന സ്വപ്നങ്ങൾ. സമീപകാല ഉദാഹരണമായ പാലാരിവട്ടം പാലം അഴിമതി ഉൾപ്പെടെ പലതും നമ്മിൽ അത്ഭുതം ഉളവാക്കും.

ലോകബാങ്ക് ഫണ്ടിംഗിൽ കേരളത്തിൽ 1600 കോടിയുടെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിരുന്ന 2006 കാലയളവിൽ അതിൽ ഒരു ഭാഗം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിരുന്ന ഒരു മലേഷ്യൻ കമ്പനിയുടെ ചീഫ് പ്രൊജക്ട് മാനേജർ ലീ സീ ബീൻ ആ വർഷം നവംബർ പതിനൊന്നിന് ആത്മഹത്യ ചെയ്ത സംഭവം കേരളത്തിലെ അഴിമതി കുരുക്കുകളുടെ നാണംകെട്ട ഒരു ഉദാഹരണമാണ്. അഴിമതിയുമായി ബന്ധപ്പെട്ട കാരണങ്ങൾ സൃഷ്ടിച്ച സമ്മർദ്ദമാണ് ലീയെ ആത്മഹത്യയിലേക്ക് നയിച്ചതെന്ന് അക്കാലത്ത് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഈ കാലഘട്ടത്തിലും എല്ലാത്തരം വികസന പ്രവർത്തനങ്ങളുടെയും നടത്തിപ്പിൽ അഴിമതി ഈ രീതിയിലുള്ള തടസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

സർക്കാർ സംവിധാനങ്ങൾ പലതും അഴിമതിയുടെ പിടിയിൽ അകപ്പെട്ടിരിക്കുന്നതിനാലാണ് സാമ്പത്തികമായും സാമൂഹികമായും സുസ്ഥിരത കൈവരിക്കാനും അനിവാര്യമായ വികസനം ആർജ്ജിക്കാനും കേരളത്തിന് കഴിയാതെ പോയിരിക്കുന്നത്. അഴിമതി എന്നുള്ളത് ഒരു സ്വാഭാവിക യാഥാർഥ്യം എന്ന രീതിയിൽ പൊതുസമൂഹവും പൊതുമാധ്യമങ്ങളും കണക്കാക്കുന്നതിന്റെ അപകടം വളരെ വലുതാണ്. കൈക്കൂലി വാങ്ങുക എന്നുള്ളത് സ്വാഭാവികമാണ് എന്ന ചിന്ത ഇവിടെ വേരുറച്ചിരിക്കുന്നു. ഏതാനും വകുപ്പുകളുടെ അടിസ്ഥാന തലങ്ങളിൽ മാത്രമാണ് അഴിമതി വിരുദ്ധ നടപടികൾ അൽപ്പമെങ്കിലും നടക്കുന്നത്. പൊതുമരാമത്ത്, ആരോഗ്യപരിപാലനം, നിരീക്ഷണ സംവിധാനങ്ങൾ, ഭരണ സംവിധാനങ്ങളുടെ വിവിധ തലങ്ങൾ തുടങ്ങിയ മേഖലകളിൽ പിടിമുറുക്കുന്ന അഴിമതി ഒട്ടേറെ ഗുരുതര പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നുണ്ട്.

ആരോഗ്യരംഗത്തെ വലിയ വീഴ്ചകൾക്കും പൊതുജനാരോഗ്യ പ്രശ്നങ്ങൾക്കും പ്രധാനകാരണം ആരോഗ്യ സംവിധാനങ്ങൾ അഴിമതിയിൽ മുങ്ങിനിൽക്കുന്നു എന്നുള്ളതാണ്. ഭക്ഷ്യവസ്തുക്കളുടെ വില്പനശാലകൾ, ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയയിടങ്ങളിൽ ശരിയായ പരിശോധനകൾ നടക്കുന്നില്ല എന്നുള്ളത് വ്യക്തമാണ്. വിഷം കലർന്ന ഭക്ഷ്യവസ്തുക്കളും അനാരോഗ്യകരമായ രീതിയിലും സാഹചര്യങ്ങളിലും പാചകം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളും ഗുരുതരമായ ആരോഗ്യ പ്രതിസന്ധികൾക്ക് കാരണമാകുന്നു. അപൂർവ്വമായ അവസരങ്ങളിൽ മാത്രമാണ് ഇത്തരം വാർത്തകൾ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്നത്.



www.malankaralibrary.com

വിവിധ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ അനുവാദങ്ങളിലും നയങ്ങളിലും അഴിമതി കടന്നുവരുന്നത് കേരളത്തിലെ വികസനങ്ങൾക്ക് വലിയ വിലങ്ങുതടിയാണ്. സാമ്പത്തികമായ അഴിമതികൾ മാത്രമല്ല സ്വജനപക്ഷപാതവും, രാഷ്ട്രീയവുമായ ഇടപെടലുകളും ഇത്തരം വിവിധ രംഗങ്ങളിൽ അഴിമതിയുടെ പട്ടികയിൽ പെടുത്തി ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്തും, റവന്യൂ വകുപ്പിലും, സർക്കാർ ജോലികളുടെ കാര്യത്തിലുമെല്ലാം പലവിധത്തിൽ അഴിമതിയുടെ സ്വാധീനം പ്രകടമാണ്.

ലോകരാജ്യങ്ങൾക്ക് മുന്നിൽ പോലും കേരളജനതയെ അപമാനിതരാക്കുന്ന അഴിമതി എന്ന ദുർഭൂതത്തെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ വേണ്ട നടപടികൾ അതീവഗൗരവമായി സ്വീകരിക്കപ്പെടേണ്ടതുണ്ട്. ഇതിനാവശ്യമായ നിയമനിർമ്മാണങ്ങളും അതിന് ഉപോൽബലകമായ ശക്തമായ നയരൂപീകരണങ്ങളും സർക്കാർ തലത്തിൽ ഉണ്ടാവുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. തകർന്നുകൊണ്ടിരിക്കുന്ന ഈ സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനുള്ള ആദ്യ പടിയായിരിക്കും അത്.


### 3. ശാസ്ത്രീയമായ ആസൂത്രണത്തിന്റെ അഭാവം

കേരളത്തിന്റെ സുസ്ഥിര വികസനത്തിന് എക്കാലവും തടസ്സമായി നിൽക്കുന്ന പ്രധാനപ്പെട്ട ഒരുകാര്യം, ശാസ്ത്രീയവും സമഗ്രവുമായ ആസൂത്രണമില്ലായ്മയാണ്. ചില പതിറ്റാണ്ടുകളെയെങ്കിലും മുന്നിൽ കണ്ടുകൊണ്ടുള്ളതാവണം വിവിധ മേഖലകളിലെ പ്രവർത്തന പദ്ധതികൾ. എന്നാൽ, കഴിഞ്ഞ ചില വർഷങ്ങൾക്കിടയിലെ കേരളത്തിന്റെ വികസനക്കാഴ്ചകളിലേക്ക് കണ്ണോടിച്ചാൽ, ഈ കാലഘട്ടത്തിൽ ഈ സമൂഹവും സാഹചര്യങ്ങളും ആവശ്യപ്പെടുന്നതിനെക്കാൾ വളരെ താഴ്ന്ന നിലവാരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാകും. ഒരു നൂറ്റാണ്ടിനടുത്ത ചരിത്രമുള്ള എംസി റോഡ് ഒരു പതിറ്റാണ്ട് മുമ്പ് വരെയും കേരളത്തിന് അനുഗ്രഹമായിരുന്നെങ്കിൽ, ഇപ്പോൾ പണികഴിപ്പിക്കപ്പെടുന്ന പ്രധാന പാതകൾ പോലും ഈ നാളുകളിലെ ആവശ്യങ്ങൾക്ക് തന്നെയും മതിയാവാത്തതാണ്.

ഇന്നുള്ള വലിയ റോഡുകൾ ദീർഘ വീക്ഷണത്തോടെ പണികഴിപ്പിക്കപ്പെട്ടവയല്ല മറിച്ച്, ചെറിയ റോഡുകൾ ക്രമേണ പ്രധാന പാതകളായി മാറ്റപ്പെടുകയാണ് ഉണ്ടായിട്ടുള്ളത് എന്നുള്ളതിന്റെ തെളിവാണ്, കേരളത്തിലെ ഒട്ടുമിക്ക പ്രധാന പാതകളും പ്രധാന പട്ടണങ്ങൾക്ക് നടുവിലൂടെ കടന്നുപോകുന്നു എന്നുള്ളത്. പട്ടണങ്ങളിൽ തിരക്കേറുന്നതിനനുസരിച്ച് റോഡുകളിൽ നിയന്ത്രണാതീതമായ ബ്ലോക്കുകളും സൃഷ്ടിക്കപ്പെടുന്നു. ഇത്തരം പ്രതിസന്ധികൾ ബൈപ്പാസുകൾ നിർമ്മിക്കപ്പെടുന്നതുവഴിയായി ഒട്ടൊക്കെ പരിഹരിക്കപ്പെടുന്നെങ്കിലും, അവയും പലകാരണങ്ങളാൽ താൽക്കാലികാശ്വാസം മാത്രമായി മാറുകയാണ്. ശരിയായ ആസൂത്രണത്തിന്റെ അഭാവമാണ് അവിടെയും പ്രധാന വില്ലൻ.

ടൗൺ പ്ലാനിംഗിലെ അപര്യാപ്തതകളും ആസൂത്രിതമായി നിർമ്മിച്ച പട്ടണങ്ങളുടെ അഭാവവും കേരളത്തിന്റെ പ്രധാന പോരായ്മകളിൽ ഒന്നാണ്. നഗരങ്ങളുടെ പ്രധാന ഭാഗങ്ങൾ പോലും ഉപേക്ഷിക്കപ്പെടുകയോ അപ്രധാനമായി മാറ്റപ്പെടുകയോ ചെയ്യുന്ന കാഴ്ചകൾ കേരളത്തിൽ പലയിടത്തുമുണ്ട്. ടൗണുകൾ തന്നെ ഇത്തരത്തിൽ ഭാവിയിൽ ഉപേക്ഷിക്കപ്പെട്ടേക്കാം. ഇത്തരമൊരു സാഹചര്യം നിലനിൽക്കുമ്പോൾ പോലും, ഒരു മാതൃകയായെങ്കിലും ഭാവിയിലേക്കുകൂടി ഉപകരിക്കുന്ന ഒരു ചെറുപട്ടണം ശാസ്ത്രീയമായ പ്ലാനിംഗുകളോടെ വികസിപ്പിച്ചുകൊണ്ടുവരാൻ സർക്കാരുകൾ തയ്യാറായിട്ടില്ല.

വികസനത്തിന് വിലങ്ങുതടിയാകുന്നു



www.malankaralibrary.com

എന്നുള്ളതിന് പുറമെ, ശരിയായ ആസൂത്രണത്തിന്റെ അഭാവം മറ്റ് ചില പ്രതിസന്ധികൾക്കും കാരണമാകുന്നുണ്ട്. ശാസ്ത്രീയ പഠനങ്ങളുടെ പിൻബലത്തോടെയുള്ള ആസൂത്രണമില്ലാതെ റോഡുകളും നഗരങ്ങളും പണിയുന്നത് പലവിധ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കും മലിനീകരണത്തിനും കാരണമാകുന്നുണ്ട്. കേരളത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറ്റവുമധികം ഉയർന്നുനിൽക്കാൻ കാരണം ഇതുതന്നെയാണ്. കേരളത്തിലെ പ്രധാന നഗരങ്ങളിൽ പോലും ശരിയായ വിധത്തിലുള്ള മാലിന്യ നിർമ്മാർജ്ജന, സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഇത്തരം പ്രധാന വെല്ലുവിളികളെ ശരിയായ രീതിയിൽ അപഗ്രഥിച്ചുകൊണ്ട് ആസൂത്രിതമായി മുന്നോട്ടു നീങ്ങുവാൻ ഭരണകൂടങ്ങൾ തയ്യാറാകാത്ത പക്ഷം കേരളത്തിന്റെ തിരിച്ചുവരവ് വളരെ ദുഷ്കരമായി മാറും എന്ന് തീർച്ച.



## 4. മലിനീകരണം

പലവിധ മലിനീകരണങ്ങൾ നിയന്ത്രണാതീതവും അപകടകരവുമാണ് എന്നുള്ളതാണ് കേരളത്തെ സംബന്ധിച്ച് അതീവ പ്രാധാന്യത്തോടെ പരിഗണിക്കേണ്ട മറ്റൊരു പ്രധാന വസ്തുത. ശരിയായ ആസൂത്രണമില്ലായ്മയാണ് ഇവിടെ മലിനീകരണ തോതുയരാൻ പ്രധാന കാരണമായിരിക്കുന്നത്. അന്തരീക്ഷ മലിനീകരണവും, ജല മലിനീകരണവും, കായൽ, നദി തുടങ്ങി പലവിധ പരിസ്ഥിതി മലിനീകരണങ്ങളും അത്യന്തം ഗുരുതരമായ ഒരു സാഹചര്യത്തിലേക്ക് കേരള സമൂഹത്തെ എത്തിച്ചിരിക്കുന്നു.

**ജല മലിനീകരണം**

ശുദ്ധജലത്തിന്റെ മലിനീകരണത്തോത് എല്ലാ പരിധികളും ലംഘിച്ചിരിക്കുകയാണ് കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ വിവിധ റിപ്പോർട്ടുകളിൽ കേരളത്തിലെ ശുദ്ധ ജലത്തിന്റെ ഗുണമേന്മ ഗണ്യമായ തോതിൽ കുറയുന്നു എന്ന മുന്നറിയിപ്പുകളുണ്ട് (ഉദാഹരണം: ഗ്രൗണ്ട് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് റിപ്പോർട്ട് 2019). ഉപരിതലത്തിൽ നിന്നുള്ള ജലത്തിന്റെ കാര്യത്തിൽ മാത്രമല്ല ഭൂഗർഭ ജലത്തിലും മാലിന്യം വർധിക്കുന്നതായാണ് റിപ്പോർട്ടുകൾ. മനുഷ്യരുടെയും മറ്റ് ജീവജാലങ്ങളുടെയും പ്രത്യേകിച്ച് ജലജീവികളുടെയും നിലനിൽപ്പിനെ ബാധിക്കുന്ന വിധത്തിൽ ഗുരുതരമാണ് കേരളത്തിൽ പലയിടങ്ങളിലും ജലാശയങ്ങളിലെ മലിനീകരണം.

ഇപ്രകാരം കേരളത്തിൽ ജലത്തിന്റെ ഗുണനിലവാരം കുറയുന്നത്, ഈ സമൂഹത്തിന് മുന്നിൽ പാരിസ്ഥിതികവും ആരോഗ്യകരവും സാമ്പത്തികവുമായ നിരവധി വെല്ലുവിളികൾ ഉയർത്തുന്നതായി വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിന്റെ നഗര പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന നദികളുടെ ഗുണമേന്മ ഏതാണ്ട് പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നതായാണ് വിലയിരുത്തൽ. അത്തരം പ്രദേശങ്ങളിലെ നദികളിൽ ജലത്തിന്റെ ഗുണമേന്മ നഷ്ടപ്പെടുന്ന അർബൻ റിവർ സിൻഡ്രോം എന്ന പ്രതിഭാസം കാണപ്പെടുന്നതായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനങ്ങളിൽ വെളിപ്പെടുത്തുന്നു.

ശുദ്ധജല ലഭ്യതയിലെ കുറവ്, ശുചീകരണത്തിന്റെ അഭാവം, വൃത്തിഹീനമായ അവസ്ഥ തുടങ്ങിയവ പരക്കെയുള്ള രോഗങ്ങൾക്കും നിരവധി മരണങ്ങൾക്കും കാരണമാകുന്ന ചില ദരിദ്ര രാഷ്ട്രങ്ങളിലെ അവസ്ഥയാണ് കേരളത്തിലും ആഗതമാകുന്നത്. അഞ്ചു വർഷങ്ങൾക്ക് മുമ്പ് നടന്ന പഠനങ്ങളുടെ (2015 16) വെളിച്ചത്തിൽ, ജലജന്യ രോഗങ്ങളുടെ തോത് കേരളത്തിൽ 35.6 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ഇന്നത്തെ സ്ഥിതി കൂടുതൽ അപകടകരമായിരിക്കുമെന്ന് നിശ്ചയം.

ജലമലിനീകരണം വഴിയുള്ള സാമ്പത്തിക ആഘാതം ജിഡിപിയുടെ 2.1 ശതമാനം വരെ വരുമെന്ന ചില കണക്കുകളുണ്ട്. മലിനീകരണ തോത് വർദ്ധിക്കുന്നത് രാജ്യത്തിനും സംസ്ഥാനത്തിനും വലിയ സാമ്പത്തിക ബാധ്യതയായി മാറുമെന്നതും വ്യക്തം.

www.malankaralibrary.com

അശാസ്ത്രീയവും വ്യക്തമായ ആസൂത്രണം ഇല്ലാത്തതുമായ നഗരവൽക്കരണവും, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഇല്ലാത്തതും, വ്യവസായശാലകളിലെ മാലിന്യങ്ങൾ വേണ്ടവിധം സംസ്കരിക്കപ്പെടാത്തതും, മാലിന്യ സംസ്കരണത്തിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഇല്ലാത്തതും, അശാസ്ത്രീയമായ ഭൂവിനിയോഗവും മറ്റുമാണ് കേരളത്തിലെ ജലമലിനീകരണത്തിന്റെ തോത് പ്രതിദിനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. നയപരവും ശാസ്ത്രീയവുമായ ഇടപെടലുകളാണ് ഇവിടെ ആവശ്യം. പ്രകൃതിദത്തമായ ജലസ്രോതസുകൾ നിലനിർത്തുന്നതോടൊപ്പം, മലിനീകരണത്തിന്റെ അളവ് കുറച്ചുകൊണ്ടുവരാനുള്ള നടപടികളും ആവശ്യമായ നിയമ നിർമ്മാണങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ഉണ്ടാവണം. നിലവിൽ, ഹരിത മിഷൻ പോലുള്ള ചില പദ്ധതികളും നദികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള ചില പദ്ധതികളും നടപ്പാക്കിവരുന്നുണ്ട് എങ്കിലും, പൊതുജനപങ്കാളിത്തത്തോടെയുള്ള കൂടുതൽ ശക്തമായ ഇടപെടലുകൾ ആവശ്യമാണ്. സ്ഥിതിഗതികൾ അതീവ ഗുരുതരമാണ് എന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. ശരിയായ സാമൂഹിക അവബോധം നൽകി അടിയന്തിരമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം അതിഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് നാം നീങ്ങുമെന്ന് തീർച്ച.

**വായു മലിനീകരണം**

കേരളത്തിലെ വായുമലിനീകരണം സംബന്ധിച്ച വാസ്തവങ്ങൾ നമ്മെ അമ്പരപ്പിക്കുന്നതാണ്. വായുവിലെ സൾഫർഡൈ ഓക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, പൊടിപടലങ്ങൾ എന്നിവയാണ് വായുവിന്റെ നിലവാരം നിശ്ചയിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് അളക്കുന്നത്. കേരളത്തിലെ മുപ്പത് കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനയിൽ വായു ഗുരുതരമായ രീതിയിൽ മലിനീകരിക്കപ്പെട്ടിരിക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. ഏറ്റവും വില്ലൻ പൊടിപടലങ്ങളാണ്. ഒരു ഘനമീറ്റർ വായുവിൽ 60 മൈക്രോഗ്രാം വരെ പൊടിപടലങ്ങളേ അനുവദനീയമായിട്ടുള്ളൂ. എന്നാൽ 104 മൈക്രോഗ്രാം വരെ കേരളത്തിൽ പലയിടത്തും കാണുന്നുണ്ട്.

കേരളത്തിൽ വർധിച്ചുവരുന്ന വാഹനങ്ങളുടെ പെരുപ്പമാണ് വായുമലിനീകരണത്തിന് പ്രധാനകാരണമായി ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിൽ 60 ലക്ഷം കുടുംബങ്ങളാണെന്നാണ് കഴിഞ്ഞ സെൻസസിൽ പറയുന്നത്. എന്നാൽ, കേരളത്തിലെ വാഹനങ്ങളുടെ എണ്ണം ഒരു കോടിയിലേറെ വരും. കുടുംബങ്ങളുടെ എണ്ണത്തെക്കാൾ കൂടുതൽ വാഹനങ്ങളുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. 1000 ചതുരശ്ര കിലോമീറ്ററിൽ 6,567 വാഹനങ്ങൾ ദിവസവും ഓടിക്കൊണ്ടിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ഇത് 1,671 വാഹനങ്ങൾ മാത്രമാണ്. ഒരുദിവസം മാത്രം പുതിയതായി 3,171 വാഹനങ്ങൾ കേരളത്തിലെ നിരത്തുകളിൽ ഇറങ്ങുന്നു.

വാഹനാപകടങ്ങളും മരണനിരക്കും അതിഭീമമായി വർധിക്കുന്നതോടൊപ്പം മനുഷ്യന് ശ്വസിക്കാനുള്ള വായുവും ഞെട്ടിക്കുന്ന തരത്തിൽ മലിനീകരിക്കപ്പെടുന്നതും അതുമൂലമുള്ള മരണനിരക്ക് വർധിക്കുന്നതും ആരും അത്ര ഗൗരവമായി എടുത്തതായി കാണുന്നില്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വ്യവസായ നഗരങ്ങളിലാണ് വായു കൂടുതൽ മലിനീകരിക്കപ്പെടുന്നതായി കണ്ട് വരുന്നത്. എന്നാൽ കേരളത്തിലെ അനുഭവം അതല്ല കാണിക്കുന്നത്. ഇതിൽ നിന്നും മനസ്സിലാക്കുന്നത് കേരളത്തിലെ അന്തരീക്ഷ മലിനീകരണത്തിൽ പ്രധാന വില്ലൻ പുകയും പൊടിയും പുറത്തേക്ക് തള്ളുന്ന വാഹനങ്ങൾ തന്നെയാണെന്നാണ്. വ്യവസായങ്ങൾ തള്ളുന്ന രാസവസ്തുക്കളേക്കാൾ പൊടിപടലങ്ങളും പെട്രോളിയം മാലിന്യങ്ങളുമാണ് കേരളത്തിലെ അന്തരീക്ഷത്തിൽ കൂടുതലുള്ളത്.



ഒരു ദിവസം അന്തരീക്ഷമലിനീകരണമുണ്ടാക്കുന്ന രോഗങ്ങൾ മൂലം കേരളത്തിൽ പത്തോളം പേർ മരിക്കുന്നതായാണ് കണക്കാക്കപ്പെടുന്നത്. ശ്വാസകോശ അലർജിയുടെ പ്രധാന വില്ലൻ വായുമലിനീകരണമാണ്. കേരളത്തിലെ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നവരിൽ ഗണ്യമായ ഭാഗം ഇത്തരം രോഗങ്ങൾ പിടിപെടുന്നവരാണ്. എന്നാൽ, ആശുപത്രികളിൽ എത്തുന്നവരിൽ

www.malankaralibrary.com

മുഖ്യരോഗഹേതു അന്തരീക്ഷമലിനീകരണ മാണെന്ന് സ്ഥിരീകരിക്കുവാനുള്ള പ്രത്യേക സംവിധാനങ്ങൾ ഇവിടെയില്ല.

ഓരോ ജില്ലയുടെയും വിസ്തൃതി യനുസരിച്ച് തത്സമയ വായുഗുണനിലവാര പരിശോധനാ ഉപകരണങ്ങളുടെ എണ്ണം കൂട്ട ണം. ശരാശരി മൂന്ന് ഉപകരണങ്ങളുണ്ടെങ്കിലേ ഒരു ജില്ലയുടെ അന്തരീക്ഷ മലിനീകരണ തോത് കൃത്യമായി കണക്കാക്കാൻ കഴിയൂ. മലിനീകരണം കൂടുതലായി കണ്ടെത്തുന്ന സ്ഥലങ്ങൾ മാലിന്യപൊടിപടല മുക്ത മാക്കൻ തദ്ദേശസ്ഥാപനങ്ങൾ ഇടപെ ടണം. വാഹനപ്പെരുപ്പം നിയന്ത്രിക്കാൻ മോട്ടോർവാഹനവകുപ്പ് ഇടപെടണം. ഗതാഗതം നിയന്ത്രിക്കുന്നതിനും മലിനീ കരണത്തിനിടയാക്കുന്ന സ്ഥലങ്ങളിൽ നിയ ന്ത്രണമേർപ്പെടുത്താനും പോലീസ് ഇടപെ ടണം. ശബ്ദമലിനീകരണ നിയന്ത്രണത്തിന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഉൾപ്പെടെയുള്ളവയുടെ ഇടപെടൽ ഉണ്ടാകു ന്നുണ്ട്. അന്തരീക്ഷ മലിനീകരണത്തിന്റെ കാ ര്യത്തിൽ ആരോഗ്യവകുപ്പോ ഡോക്ടർമാരുടെ സംഘടനകളോ ഇടപെടുന്നില്ല. ബോധവത്ക രണമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇവരുടെ ഇടപെടലുണ്ടാകണം.

**കടലിലെ മാലിന്യങ്ങൾ**


കടലിലെ മാലിന്യപ്രശ്നം ഇന്ന് ലോകം ഏറ്റവും ഗൗരവമായി ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ പെടുന്നതാണ്. പ്രതിവർ ഷം 80 ലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യ ങ്ങൾ കടലിലേക്ക് എത്തുന്നുണ്ട് എന്നാണ് കണക്കുകൾ. കടലിലെ ജൈവവൈവിധ്യ ങ്ങളെ വലിയ അളവിൽ നശിപ്പിക്കാനും കട ലിന്റെ സ്വഭാവത്തിൽ മാറ്റം വരുത്താനും അത് കാരണമാകുന്നു. സമുദ്രതാപ വർദ്ധനവ് ഭൂമിയിലെ കാലാവസ്ഥാ വ്യതിയാനത്തിന് പ്രധാന കാരണങ്ങളിൽ ഒന്നാണ്. മനുഷ്യൻ സൃഷ്ടിക്കുന്ന കാർബൺ ഏറിയപങ്കും ആഗീ രണം ചെയ്യുന്നത് സമുദ്രമാണ് എന്നുള്ളതും, വർധിച്ചുവരുന്ന മാലിന്യപ്രശ്നങ്ങളുമാണ് സമുദ്ര താപനത്തിന് വഴിയൊരുക്കുന്നത്. അത് കരയിലെ അതിവർഷം, ചുഴലിക്കൊടു ങ്കാറ്റുകൾ, വെള്ളപ്പൊക്കം തുടങ്ങിയവയ്ക്ക് കാരണമാകുന്നു.

കേരളത്തിന്റെ സമുദ്രതീരങ്ങൾ മാലിന്യത്തിന്റെ പ്രധാന ഉത്ഭവ സ്ഥാ നങ്ങളാണ്. വിനോദസഞ്ചാരത്തിന്റെ ഭാഗമായും അല്ലാതെയും കടലിലേക്ക് എത്തിച്ചേരുന്ന മാലിന്യങ്ങളുടെ അളവ് നമ്മുടെ കടൽത്തീരങ്ങൾ നിരീക്ഷിച്ചാൽ വ്യക്തമാകും. ലോകം മുഴുവൻ ഈ മാലിന്യ പ്രതിസന്ധിയെ സഗൗരവം നേരിടുന്ന ഈ ഘട്ടത്തിൽ വളരെ ശക്തമായ നിലപാടുകൾ സ്വീകരിച്ച് ജലാ ശയങ്ങളെയും കായലുകളെയും സമുദ്ര തീരങ്ങളെയും മാലിന്യ വിമുക്തമാക്കാ നുള്ള നടപടികൾ ഉടനടി സ്വീകരിക്കേണ്ടത് അടിയന്തര ആവശ്യങ്ങളിലൊന്നാണ്.

## 5. കേരളത്തിന്റെ ടൂറിസം മേഖല

കേരളത്തിന്റെ പ്രകൃതിഭംഗിയും കാ ലാവസ്ഥയും പ്രകൃതിദത്തമായ നിരവധി സവിശേഷതകളും ടൂറിസത്തിന്റെ അനന്ത സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നതാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ തക്കവി ധത്തിൽ ശക്തമാണ് ആ സാധ്യതകൾ. എന്നാൽ ശരിയായവിധത്തിൽ അത്തരം സാധ്യതകളെ വിനിയോഗിക്കാനും അതുവ ഴി വളർച്ച നേടാനും അനേക ലക്ഷങ്ങൾക്ക് മികച്ച ജീവിതമാർഗ്ഗമാക്കി വികസിപ്പിച്ചെടു ക്കാനുമുള്ള ക്രിയാത്മക ശ്രമങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. ദീർഘവീക്ഷണത്തോടുകൂടിയ അടിസ്ഥാന നടപടിക്രമങ്ങളിലൂടെ സുസ്ഥിരമായി വളർ ത്തിയെടുക്കാമായിരുന്ന ടൂറിസം മേഖലയെ കെടുകാര്യസ്ഥതയും ആസൂത്രണത്തിന്റെ അഭാവവും അശ്രദ്ധയും കൊണ്ട് മുരടിപ്പിച്ചു കളയുകയാണ് മാറിവന്ന ഭരണനേതൃത്വങ്ങൾ ചെയ്തിട്ടുള്ളത്.

വ്യവസായ വാണിജ്യ കാ ർഷിക സംരംഭങ്ങൾ വിവിധ കാരണ



www.malankaralibrary.com

ങ്ങളാൽ മുരടിച്ചുനിൽക്കുകയും, സാമ്പത്തിക വളർച്ച നേടാൻ കഴിയാതെ പോവുകയും ചെയ്യുമ്പോഴും വിനോദ സഞ്ചാര മേഖലയിലെ വലിയ സാധ്യതകളെ ഉപയോഗപ്പെടുത്തി പിടിച്ചുനിൽക്കുവാൻ അനേകരെ ശക്തിപ്പെടുത്തുവാൻ സർക്കാരുകൾ ശ്രമിക്കേണ്ടിയിരിക്കുന്നു. താരതമ്യേന വളരെ കുറഞ്ഞ സാധ്യതകളുള്ള അയൽസംസ്ഥാനങ്ങൾ ഈ രംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെ ചെറിയൊരംശംപോലും കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് കരുതാനാവില്ല. കായൽ ജലാശയ ടൂറിസം മേഖലകളിൽ ലോകത്തിലെതന്നെ പത്ത് മനോഹര സ്ഥലങ്ങളിൽ ഒന്നായി നാഷണൽ ജിയോഗ്രഫിക് ചാനൽ വിശേഷിപ്പിച്ചിട്ടുള്ള കേരളം, വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ഏഴാം സ്ഥാനത്താണ്. 2015ലെ കണക്കുകൾ പ്രകാരം, ഒന്നാംസ്ഥാനത്തുള്ള തമിഴ്നാട്ടിൽ 46 ലക്ഷത്തിൽപ്പരം വിദേശ വിനോദസഞ്ചാരികൾ എത്തുമ്പോൾ പത്തുലക്ഷത്തിൽ താഴെ മാത്രമാണ് കേരളത്തിൽ എത്തുന്നവർ.

ഇക്കോ ടൂറിസം, ഫാം ടൂറിസം, മൺസൂൺ ടൂറിസം, മെഡിക്കൽ ടൂറിസം തുടങ്ങിയ ചില ആശയങ്ങൾ പലപ്പോഴായി ഉയർന്നു വരുകയും ഒറ്റപ്പെട്ട ചില മാതൃകകൾ രൂപപ്പെടുകയും, ചില പ്രദേശങ്ങൾ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് ഉയർത്തിക്കാണിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും, ഒരു വിനോദസഞ്ചാര സൗഹൃദപ്രദേശമായി കേരളം അന്തർദേശീയ തലത്തിൽ പരിഗണിക്കപ്പെടുകയോ, ലോകത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ ഒരു സ്ഥാനം ലഭിക്കുകയോ ഉണ്ടായിട്ടില്ല.ശരിയായ പദ്ധതികൾ രൂപീകരിച്ച് സവിശേഷമായ ശ്രദ്ധ നൽകാൻ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടത് തന്നെയാണ് ഇതിന് കാരണമായി എടുത്തുപറയാൻ കഴിയുക.

അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും, അത്യാവശ്യം വേണ്ട അനുകൂല സാഹചര്യങ്ങളും ഒരുക്കുന്നതിൽ പരാജയമാണ് കേരളം എന്ന് പറയാതെവയ്യ. ശുചിത്വത്തിന്റെ, പ്രത്യേകിച്ച് നഗര ശുചിത്വത്തിന്റെ, കാര്യത്തിൽ നാം വളരെ പിന്നാക്കമാണ് എന്നുള്ളതും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും വിനോദസഞ്ചാരികൾക്കുള്ള സുരക്ഷിത സാഹചര്യങ്ങൾ കുറയുന്നതും അവർക്കെതിരെയുള്ള അതിക്രമങ്ങൾ പതിവാകുന്നതുമെല്ലാം കേരളത്തിൽനിന്ന് ടൂറിസ്റ്റുകൾ അകലാൻ കാരണമാകുന്നുണ്ട്. താരതമ്യേന ചെലവ് കുറവായതിനാൽ രണ്ടാം നിര രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളാണ് കേരളത്തിലെത്തുന്നതിൽ ഭൂരിഭാഗവും എന്നാണ് റിപ്പോർട്ടുകൾ.

ഇത്തരം ദുരവസ്ഥകൾക്ക് മാറ്റമുണ്ടാകണമെങ്കിൽ ശക്തമായ സർക്കാർ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. ടൂറിസം പദ്ധതികൾ ടൂറിസം വകുപ്പിന്റെ കീഴിൽ ഏകോപിപ്പിക്കപ്പെടുകയും ശരിയായ രീതിയിൽ പദ്ധതികൾ നടപ്പാക്കപ്പെടുകയും വേണം. ഇന്ന് ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികൾക്ക് പുറമെ, ഫോറസ്റ്റ്, ജലവിഭവ വകുപ്പുകൾ സ്വതന്ത്രമായി നടത്തുന്ന വിനോദസഞ്ചാര പദ്ധതികളുമുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള അനാരോഗ്യകരമായ കിടമത്സരങ്ങളും ഇവിടെ പ്രകടമാണ്. അത്തരം അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടെങ്കിൽ മാത്രമേ ടൂറിസം രംഗത്ത് ആവശ്യമായ പുരോഗതിയും വികസനവും സാധ്യമാകൂ.



വിനോദസഞ്ചാര മേഖലയിലുള്ള അനവധി സാധ്യതകളെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടുള്ള സമഗ്രമായ ഒരു മുന്നേറ്റ ശ്രമമാണ് ഈ കാലഘട്ടത്തിൽ ആവശ്യം. മാലിന്യ നിയന്ത്രണം, സൗന്ദര്യവൽക്കരണം, അടിസ്ഥാന സൗകര്യവികസനം, വിനോദസഞ്ചാര സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള മറ്റു പദ്ധതികൾ തുടങ്ങിയവ കൂടുതൽ പ്രാധാന്യത്തോടെ പരിഗണിച്ചാൽ, കോവിഡ് പ്രതിസന്ധി

www.malankaralibrary.com

കൾ നീങ്ങുമ്പോഴേക്കും കേരളത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് ഒരു പുതിയ ഉണർവ്വ് ആർജ്ജിക്കാൻ കഴിഞ്ഞേക്കും. ഇനി മുന്നോട്ടുള്ള കേരള സമൂഹത്തിന്റെ വളർച്ചയ്ക്ക് ടൂറിസത്തിന്റെ സാധ്യതകളെ വിനിയോഗിച്ചേ പറ്റൂ എന്ന നിലപാട് സ്വീകരിക്കുകയാണ് പ്രധാനം.

## 6. വിദ്യാഭ്യാസ മേഖല

കണക്കുകൾ പ്രകാരം 45 ലക്ഷത്തിൽപ്പരം സ്കൂൾ വിദ്യാർത്ഥികളാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉൾപ്പെടെ കേരളത്തിലുള്ളത്. പതിനയ്യായിരത്തോളം സ്കൂളുകൾ കേരളത്തിലുള്ളതിൽ ഏകദേശം മൂന്നിലൊന്ന് മാത്രമാണ് സർക്കാർ സ്കൂളുകൾ. ആകെയുള്ളതിൽ പകുതിയിലധികവും എയ്ഡഡ് സ്കൂളുകളും പത്തുശതമാനത്തോളം അൺഎയ്ഡഡ് സ്കൂളുകളുമാണ്. സ്കൂളുകളുടെ എണ്ണത്തിന്റെ അനുപാതത്തേക്കാൾ കുറവാണ് സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 31 ശതമാനം. 60 ശതമാനം കുട്ടികളും പഠിക്കുന്നത് സ്വകാര്യ കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് കീഴിലുള്ള എയ്ഡഡ് സ്കൂളുകളിലാണ്. നാലു ലക്ഷത്തിൽപ്പരം കുട്ടികൾ അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നുണ്ട്. അതിൽ ഏറിയപങ്കും സിബിഎസ്ഇ, ഐസിഎസ്ഇ സിലബസുകളുള്ള സ്കൂളുകളിലാണ്. (cf: Economic review 2020 by planning Board, Kerala State)

ഭരണകർത്താക്കളുടെ അഭ്യർത്ഥനപ്രകാരമാണ്, കേരളത്തിന്റെ ചരിത്രത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തേക്ക് സ്വകാര്യ മാനേജ്മെന്റുകൾ കടന്നുവരികയും അതുവഴി ഒരു വിദ്യാഭ്യാസവിപ്ലവം തന്നെ സംഭവിക്കുകയും ചെയ്തത്. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിന് വർഷങ്ങൾക്ക് മുമ്പ് മുതൽ വിദ്യാഭ്യാസ മേഖലയിൽ നിർണ്ണായകമായ പ്രാതിനിധ്യം ഇത്തരം മാനേജ്മെന്റുകൾക്കുണ്ടായിരുന്നു. സ്കൂളുകൾക്കാവശ്യമുള്ള സൗകര്യങ്ങൾ ഒരുക്കുക എക്കാലവും വലിയ മുതൽമുടക്കുള്ള കാര്യമായതിനാൽ ഒരുകാലഘട്ടത്തിലും സർക്കാരിനെക്കൊണ്ട് ഒറ്റയ്ക്ക് അത് കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നില്ല. അത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ നിലവാരം എന്ന മഹത്തായ ലക്ഷ്യത്തിനായി കേരളത്തിലെ പൊതുസമൂഹത്തിനുവേണ്ടി വലിയ മുതൽമുടക്ക് നടത്തിയവരാണ് പൊതുവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ മാനേജ്മെന്റുകൾ. അൺഎയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുടെ കാര്യവും വ്യത്യസ്തമല്ല.

എന്നാൽ, കേരളത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് ബഹുഭൂരിപക്ഷം വിദ്യാഭ്യാസസ്ഥാപനങ്ങളും വിദ്യാർത്ഥികളും വലിയ വിവേചനം നേരിടുന്നുണ്ട്. പലപ്പോഴും അത്തരം പ്രശ്നങ്ങൾ ശരിയായ രീതിയിൽ പരിഗണിക്കപ്പെടാതെയും, ചർച്ച ചെയ്യപ്പെടാതെയും പോകുന്നതിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ട്. വരും നാളുകളിലെങ്കിലും അത്തരം വിഷയങ്ങൾ വേണ്ടരീതിയിൽ ചർച്ച ചെയ്യപ്പെടുകയും പരിഹരിക്കപ്പെടുകയും വേണം. ഈ കാലഘട്ടത്തിലെ ഒരു പ്രധാന ആവശ്യകതയായി അത് ഏറ്റെടുക്കപ്പെടേണ്ടതുണ്ട്.

### വിദ്യാഭ്യാസ രംഗത്തെ നൂതന ഉദാരവൽക്കരണം

പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ (അനർഹമായ) സൽപ്പേര് സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ മൂല്യനിർണയത്തിൽ വരുത്തുന്ന അശാസ്ത്രീയ പരിഷ്കരണങ്ങൾ വലിയ നേട്ടം കരസ്ഥമാക്കി എന്ന പ്രതീതി ജനിപ്പിക്കാൻ വിദ്യാർത്ഥികളെയും വിദ്യാലയങ്ങളെയും സഹായിക്കുന്നു. കർശനമായ മൂല്യനിർണ്ണയ സംവിധാനങ്ങൾ തുടരുന്ന മറ്റു ബോർഡുകളുടെ പരീക്ഷ എഴുതുന്ന പതിനായിരക്കണക്കിന് വിദ്യാർത്ഥികളെ അത് പ്രതിസന്ധിയിലാഴ്ത്തുക മാത്രമല്ല, വിദ്യാഭ്യാസ പദ്ധതികളുടെ ഗൗരവ സ്വഭാ



www.malankaralibrary.com

വം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മാർക്കിന്റെ അടിസ്ഥാനത്തിൽ കഴിവുള്ളവരെ കണ്ടെത്താൻ കഴിയാതെ വരുന്നു. യഥാർത്ഥത്തിൽ ഉയർന്ന കഴിവുള്ളവരായാലും, മറ്റു ബോർഡുകളുടെ സർട്ടിഫിക്കറ്റ് ഉള്ള കുട്ടികൾ പ്രവേശന പരീക്ഷകളിൽ പിന്തള്ളപ്പെടുന്നു. അക്കാരണങ്ങളാൽ മികച്ച പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാലയങ്ങളുടെ പോലും നിലനിൽപ്പ് പ്രതിസന്ധിയിലാകുന്നു.

ഈ കാലഘട്ടത്തിൽ എല്ലാത്തരം വിദ്യാഭ്യാസ സമ്പ്രദായങ്ങളും സംസ്ഥാനത്തിന്റെ ഭാവിക്ക് ആവശ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ടുള്ള നയങ്ങളാണ് സർക്കാർ സ്വീകരിക്കേണ്ടത്. അൺ എയ്ഡഡ് മേഖലയിലെ വളരെ പേരുകേട്ട സ്കൂളുകൾ പോലും പ്രവർത്തനം അവസാനിപ്പിക്കേണ്ടതായി വന്നാൽ, ഉയർന്ന പഠനശേഷിയുള്ള കുട്ടികളിൽ അനേകർക്ക് വിദ്യാഭ്യാസത്തിനായി ആശ്രയിക്കാൻ തക്ക മികച്ച സ്കൂളുകൾ ഇല്ലാതാവും. അത്തരം സ്കൂളുകളും അവർ സമൂഹത്തിന് പ്രത്യക്ഷമായും പരോക്ഷമായും നൽകിവരുന്ന സംഭാവനകളും മാനിച്ച്, അനുഭാവപൂർണമായ സമീപനങ്ങൾ സർക്കാർ സ്വീകരിക്കുകയും അവയുടെ നിലനിൽപ്പിനെ പരമാവധി പിന്തുണയ്ക്കുകയും വേണം. ഭാഗികമായെങ്കിലും സാമ്പത്തികം ഉൾപ്പെടെയുള്ള സഹായങ്ങളും അവരുടെ സേവനങ്ങൾ മാനിച്ച് നല്കാൻ സർക്കാരിന് ബാധ്യതയുണ്ട്.

അൺഎയ്ഡഡ് സ്കൂളുകൾ സമൂഹത്തിന് നൽകുന്ന സംഭാവനകളെ വിലയിരുത്തി ആ മേഖലയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ സർക്കാർ തയ്യാറാകണം. പൊതുവിദ്യാഭ്യാസ രംഗത്തെ അമിത ഉദാരവൽക്കരണം എല്ലാ അർത്ഥത്തിലും ദോഷകരമാണെന്ന് മനസിലാക്കി, അൺ എയ്ഡഡ് സിബിഎസ്ഇ സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളോടുകൂടി ചർച്ച ചെയ്ത് സർക്കാർ നയങ്ങൾ തീരുമാനിക്കണം. ഹയർ സെക്കണ്ടറി പ്രവേശനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ചില വർഷങ്ങളായി കണ്ടുവരുന്ന ആശങ്കകൾ പരിഹരിക്കുകയും അഡ്മിഷന് അർഹരായവരെ കണ്ടെത്താൻ മാനദണ്ഡങ്ങൾ പരിഷ്കരിക്കുകയും വേണം. അർഹതപ്പെട്ടവർക്ക് സീറ്റ് ലഭിക്കാതെ പോകുന്നില്ല എന്ന് ഉറപ്പുവരുത്താൻ സംവിധാനങ്ങൾ വേണം. മികച്ച പഠന നിലവാരം പുലർത്തുന്ന ഒരു വിഭാഗം കുട്ടികളുടെ കാര്യമായതിനാൽ കൂടിയ പരിഗണനയിൽ ഗൗരവമായ ചർച്ചകൾ നടത്തുകയും യുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും വേണം.

**ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകൾക്കിടയിൽ സംഭവിക്കുന്നത്**

കേരളത്തിൽ സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്നതിന്റെ ഇരട്ടിയോളം വിദ്യാർത്ഥികൾ എയ്ഡഡ് മാനേജ്മെന്റ് വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. സ്വകാര്യ മാനേജ്മെന്റുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എണ്ണായിരത്തോളം എയ്ഡഡ് സ്കൂളുകളാണ് കേരളത്തിലുള്ളത്. ആ മാനേജ്മെന്റുകളുടെ വിദ്യാഭ്യാസമേഖലയിലെ സംഭാവനകൾ പ്രശംസനീയമാണ്. എണ്ണായിരം സ്കൂളുകൾക്കുള്ള സ്ഥലം, ബിൽഡിംഗുകൾ, അനുബന്ധ സൗകര്യങ്ങൾ തുടങ്ങി എല്ലാംതന്നെ മാനേജ്മെന്റുകളുടെ പൂർണ്ണമായ മുതൽമുടക്കിലാണ് എന്നതിനാൽ വിലമതിക്കാനാവാത്ത സേവനമാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ അവർ നൽകി വരുന്നത്. അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്കുള്ള വേതനം മാത്രമാണ് സർക്കാരിന് നൽകേണ്ടി വരുന്നത് എന്നുള്ളതിനാൽ, 28 ലക്ഷത്തോളം വരുന്ന കുട്ടികളുടെ പഠന കാ



www.malankaralibrary.com

ര്യത്തിൽ സർക്കാരിന് പതിനായിരക്കണക്കിന് കോടി രൂപ ലാഭിക്കാൻ സാധിക്കുന്നുണ്ട്. കത്തോലിക്കാ സഭയുടേത് ഉൾപ്പെടെ ഇത്തരത്തിലുള്ള കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസികളും മറ്റ് മാനേജ്മെന്റുകളും വിദ്യാഭ്യാസ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ലെങ്കിൽ കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം മറ്റൊന്നാകുമായിരുന്നു എന്ന് നിശ്ചയം.

എന്നിരുന്നാലും, ആ സംഭാവനകളെ ഗൗരവമായി പരിഗണിക്കുന്ന കാര്യത്തിൽ സർക്കാരുകൾ വേണ്ടത്ര ആത്മാർത്ഥത പുലർത്താറില്ല. അധ്യാപക നിയമനം സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങൾ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ തുടരുകയാണ്. അതിനെക്കാൾ പ്രധാനമായ മറ്റൊന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കാനുള്ള പദ്ധതികളുമായി ബന്ധപ്പെട്ട സഹായങ്ങൾ സ്കൂളുകൾക്ക് നൽകുന്ന കാര്യത്തിൽ സർക്കാരിന് രണ്ടുതരം സമീപനങ്ങളാണുള്ളത്. കുറഞ്ഞ എണ്ണം സർക്കാർ സ്കൂളുകൾക്കായി വലിയ ഫണ്ട് നിർലോഭം ചെലവഴിക്കുമ്പോൾ അത്തരത്തിലുള്ള പിന്തുണകൾ എയ്ഡഡ് സ്കൂളുകൾക്ക് നൽകുന്നത് വളരെ പരിമിതമായാണ്. അത്യാവശ്യമായി പിന്തുണ ലഭിക്കേണ്ട എയ്ഡഡ് സ്കൂളുകൾ പോലും ഇക്കാര്യത്തിൽ നിഷ്കരുണം പിന്തള്ളപ്പെടുന്ന സാഹചര്യമുണ്ട്. ഇത്തരത്തിൽ വിദ്യാലയങ്ങൾ തമ്മിലുള്ള വേർതിരിവ് ഭരണഘടനാ വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 30 (2) ൽ ഇത് വ്യക്തമാക്കുന്നുണ്ട്.

പൊതു വിദ്യാഭ്യാസ മേഖല ശക്തിപ്പെടേണ്ടതും, സ്കൂളുകളുടെ നിലവാരം ഉയർത്തി എല്ലാവർക്കും മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്തം തന്നെയാണ്. എന്നാൽ, എയ്ഡഡ് സ്കൂളുകളും അവയുടെ മാനേജ്മെന്റുകളും ഈ സമൂഹത്തിന് നൽകുന്ന സേവനങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടും, അവയെ വിലമതിച്ചുകൊണ്ടുമുള്ള സമീപനങ്ങളാണ് ഇവിടെ ആവശ്യം. സർക്കാർ സ്കൂളുകളിൽ മാത്രമല്ല ഭൂരിപക്ഷം വരുന്ന എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും കേരളത്തിലെ സാധാരണ പൗരന്മാരാണെന്ന് അംഗീകരിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട എല്ലാത്തരം ഗുണപരമായ മാറ്റങ്ങൾക്കും അവർക്കും അർഹതയുണ്ടെന്ന നിലപാട് സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. രാഷ്ട്രീയ സ്വാധീനങ്ങൾക്കും, എയ്ഡഡ് സർക്കാർ വേർതിരിവുകൾക്കും അതീതമായി എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറാൻ സർക്കാരിന്റെ പക്ഷപാതമില്ലാത്ത പിന്തുണ ആവശ്യമാണ്. മാനേജ്മെന്റുകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രതിസന്ധികൾക്കും, അവർക്കുമേൽ സമീപകാലങ്ങളായുള്ള അനാവശ്യ സമ്മർദ്ദങ്ങൾക്കും പരിഹാരം കണ്ടെത്താൻ സർക്കാർ ഇടപെടുകതന്നെവേണം.

### ഉന്നത വിദ്യാഭ്യാസ രംഗത്തെ വെല്ലുവിളികൾ

കേരളത്തിന്റെ വ്യാവസായിക വികസനം, സാമൂഹിക വളർച്ച തുടങ്ങിയവയ്ക്ക് വെല്ലുവിളിയാണ് ഇവിടെയുള്ള പഠന തൊഴിൽ സാഹചര്യങ്ങൾ എന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നുണ്ട്. ഉന്നത പഠന സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് പ്രധാനം. പ്രൊഫഷണൽ മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ, വിവിധ വൈദഗ്ധ്യ മേഖലകൾ തുടങ്ങിയവയ്ക്ക് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വേണ്ടത്ര പ്രാമുഖ്യം ലഭിക്കാത്തതും, അത്തരത്തിൽ വൈദഗ്ധ്യം നേടുന്നവർ കേരളത്തിൽ വേണ്ട



www.malankaralibrary.com

ത്ര ഇല്ലാത്തതും വലിയ സംരംഭങ്ങൾക്ക് വെല്ലുവിളിയാണെന്നും റിപ്പോർട്ടുകളുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനായി മലയാളികൾ മറ്റു സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും കൂടുതലായി ആശ്രയിക്കുകയും പഠനശേഷം ജോലിക്കായി അവിടങ്ങളിൽ തന്നെ തുടരുകയും ചെയ്യുന്നത് കേരളത്തിന്റെ ആഭ്യന്തര വികസനകാര്യങ്ങളിൽ വലിയവെല്ലു വിളിയാണ്. അതിന് മാറ്റമുണ്ടാകണമെങ്കിൽ ഗവേഷണ മേഖലകളിലും ഉന്നത വിദ്യാഭ്യാസ രംഗത്തും ശക്തമായ ഇടപെടലുകൾ ആവശ്യമാണ്. സർക്കാരിന്റെയും സമൂഹത്തിന്റെയും സവിശേഷ ശ്രദ്ധ ഈ രംഗത്ത് ഉണ്ടായില്ലെങ്കിൽ, കൂടുതൽ ഗുരുതരമായ അവസ്ഥയിലേക്ക് നമ്മുടെ വിദ്യാഭ്യാസ സംരംഭക മേഖലകൾ നിപതിക്കും എന്ന് തീർച്ച.

വികസനത്തിന്റെ അടിസ്ഥാനവും അതിനുള്ള മാർഗ്ഗവും ഗവേഷണങ്ങളാണെന്ന് നമുക്കെല്ലാമറിയാം. വിദ്യാഭ്യാസരംഗത്ത് വളർച്ച നേടിയാൽ മാത്രമേ ഗവേഷണങ്ങളിൽ അത് പ്രതിഫലിക്കുകയുള്ളൂ. ഗവേഷണ രംഗങ്ങളിൽ ശക്തരായെങ്കിൽ മാത്രമേ നമുക്ക് ശരിയായ വികസനം ഉണ്ടാവുകയുള്ളൂ. പ്രാചീനകാലം മുതൽ ഇന്നുവരെയുള്ള ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. മുൻകാലങ്ങളിൽ ശാസ്ത്രീയ ഗവേഷണങ്ങളുടെയും നേട്ടങ്ങളുടെയും കാര്യത്തിൽ വളരെ മുൻപന്തിയിൽ നിന്നിരുന്ന നാം ഇന്ന് ഏറെ പിന്നാക്കം പോയിരിക്കുന്നതായി കാണാൻ കഴിയും.

വേദങ്ങളുടെ കാലത്ത് നാം നൽകിയ സംഭാവനകൾ വളരെയേറെയുണ്ട്. പൈഥഗോറസിന് മുമ്പ് ജ്യോമെട്രിക് തിയറി ഇന്ത്യയിൽനിന്ന് അവതരിപ്പിക്കപ്പെട്ടിരുന്നു. ചതുരം, ത്രികോണം, വൃത്തം തുടങ്ങിയ ആശയങ്ങളെല്ലാം ഇന്ത്യയുടെ സംഭാവനകളാണ്. ഹാരപ്പ സംസ്കാര കാലം മുതൽ ഡെസിമൽ സിസ്റ്റം ഇന്ത്യയിൽ ഉണ്ടായിരുന്നു. ആധുനിക ശാസ്ത്രത്തിന് അടിത്തറ പാകിയ വിപ്ലവകരമായ നിരവധി ആശയങ്ങൾ വേദങ്ങളിൽ പോലും നമുക്ക് കാണാൻ കഴിയും.

പിൽക്കാലത്തേക്കു വന്നാൽ, ബ്രിട്ടീഷ് ഭരണകാലത്ത് ശാസ്ത്രലോകം ഇന്ത്യയെ ഉറ്റുനോക്കിയിരുന്നു. സിവി രാമൻ, ജഗദീഷ് ചന്ദ്രബോസ്, വിക്രം സാരാഭായ്, ഹോമി ബാബ തുടങ്ങിയ അനേകം ശാസ്ത്രജ്ഞരുടെ സംഭാവനകൾ മഹത്തരമാണ്. ജി വി രാമചന്ദ്രനെപ്പോലുള്ള മലയാളികളും പലരുണ്ടായിരുന്നു. നോബൽ പ്രൈസ് പോലുള്ള വലിയ അംഗീകാരങ്ങൾ നേടിയവരും എക്കാലവും ശാസ്ത്രലോകം സ്മരിക്കുന്നവരുമാണ് അവരെല്ലാം.

വർഷങ്ങൾക്ക് ശേഷം ഈ കാലഘട്ടത്തിലേക്ക് എത്തുമ്പോൾ മുമ്പ് നമുക്ക് പിന്നിലായിരുന്ന അനവധി രാജ്യങ്ങൾ നമ്മെക്കാൾ ബഹുദൂരം മുമ്പിലെത്തിയിരിക്കുന്നത് കാണാനാവും. 1990 വരെയും ഗവേഷണങ്ങളിൽ ഇന്ത്യയ്ക്ക് പിന്നിലായിരുന്ന രാജ്യമാണ് ചൈന. ഇന്ന് ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.8 ശതമാനം അമേരിക്കയും, 2.3 ശതമാനം ചൈനയും, 1.3 ശതമാനം വീതം ഇറ്റലിയും ബ്രിട്ടനും പ്രതിവർഷം ഗവേഷണങ്ങൾക്കും ഉന്നത വിദ്യാഭ്യാസത്തിനുമായി ചെലവഴിക്കുമ്പോൾ കേവലം .88 ശതമാനമാണ് ഇന്ത്യ ചെലവഴിക്കുന്നത്. ഈ രംഗത്ത് മുതൽമുടക്ക് വർദ്ധിപ്പിക്കുകയല്ലാതെ വേറെ കുറുക്കുവഴികളില്ല. കഴിവുള്ള വിദ്യാർത്ഥികളെ ഗവേഷണങ്ങളിലേക്ക് ആകർഷിക്കാനും, പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം. അതിനായി കൂടുതൽ ധനം നീക്കിവയ്ക്കാൻ ഭരണകൂടങ്ങൾക്ക് മേൽ നാം സമ്മർദ്ദം ചെലുത്തണം.

പന്ത്രണ്ടാം ക്ലാസിനു ശേഷം ഉയർന്ന വിദ്യാഭ്യാസം നേടുന്നവരുടെ ശതമാനം ഇന്ത്യയിൽ വളരെ കുറവാണ്. സൗത്ത് കൊറിയയിൽ 94 ശതമാനവും, അമേരിക്കയിൽ 88 ശതമാനവും, ജർമനിയിൽ എഴുപത് ശതമാനവും കുട്ടികൾ പ്ലസ് ടുവിന് ശേഷം കോളേജുകളിലേക്ക് പോകുമ്പോൾ ഇന്ത്യയിൽ 26.3 ശതമാനം കുട്ടികൾ മാത്രമാണ് ഉയർന്ന വിദ്യാഭാസം നേടുന്നത്. ഇത് അമ്പത് ശതമാനമെങ്കിലുമാക്കി ഉയർത്തുക എന്നുള്ളത് ഒരു പ്രധാന ലക്ഷ്യമായി നാം കാണേണ്ടതുണ്ട്. കേരളത്തിന്റെ പശ്ചാത്തലത്തിൽ അൽപംകൂടി നാം പരിശ്രമിച്ചാൽ, ഇക്കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മികച്ച സംസ്ഥാനമായി മാറാൻ കഴിയും.







www.malankaralibrary.com



# കേരളവും ശ്രീലങ്കയുടെ പാതയിലോ?

***വിനോദ് നെല്ലയ്ക്കൽ***

ടൂറിസത്തിൽനിന്നും അന്തർദേശീയ വ്യാപാരത്തിൽനിന്നുമുള്ള വിദേശനാണ്യം സ്വപ്നംകണ്ട് ശ്രീലങ്ക ചെന്നുപെട്ടിരിക്കുന്നത് ഊരാക്കുടുക്കിലേക്കാണ്. ഇന്ന് ആ രാജ്യം പൂർണ്ണമായ തകർച്ചയുടെയും ആഭ്യന്തര കലാപത്തിന്റെയും വക്കിലെത്തി നിൽക്കുന്നു. വ്യക്തവും ശാസ്ത്രീയവുമായ പ്ലാനിംഗിന്റെ അഭാവം ഒര ു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ എപ്രകാരം തകർക്കും എന്നുള്ളതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ശ്രീലങ്ക.

സ്വപ്നതുല്യമായ വികസനവും ആധുനിക സൗകര്യങ്ങളും മുന്നിൽക്കണ്ടുള്ള ചില ബൃഹദ് പദ്ധതികളാണ് ശ്രീലങ്കയ്ക്ക് വിനയായത്. ചൈനയും ഇന്ത്യയും ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്ന് കൈപ്പറ്റിയ ഭീമമായ വായ്പതുക തിരിച്ചടയ്ക്കാനും, രാജ്യത്തിന്റെ അടിസ്ഥാന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാനും കഴിയാതായതാണ് ഇപ്പോഴുള്ള പ്രതിസന്ധികളുടെ അടിസ്ഥാന കാരണം. കോവിഡ് മഹാമാരിയാണ് രാജ്യത്തെ ഇപ്രകാരമൊരു കെണിയിൽ അകപ്പെടുത്തിയത് എന്ന വിലയിരുത്തലുകളുണ്ടെങ്കിലും, കൊവിഡ് വ്യാപനത്തിന് മാസങ്ങൾക്ക് മുമ്പുണ്ടായ ഭീകരാക്രമണം ശ്രീലങ്കയുടെ ടൂറിസം മേഖലയ്ക്ക് കനത്ത ആഘാതം ഏൽപ്പിച്ചിരുന്നു. പ്രധാനമായും നല്ലരീതിയിൽ വളർന്നുകൊണ്ടിരുന്ന ടൂറിസം രംഗത്തുനിന്നുള്ള ഭാവിവരുമാനം മുന്നിൽ കണ്ടുകൊണ്ടാണ് ചൈന, ഇന്ത്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ശ്രീലങ്ക വൻതോതിൽ കടമെടുത്ത്.




ഹംപൻടോട്ട, കൊളംബോ തുടങ്ങിയ തുറമുഖ പദ്ധതികൾക്കായി യഥാക്രമം 9000, 25000 കോടി രൂപയാണ് (INR) ശ്രീലങ്ക വായ്പ്പയെടുത്തിരുന്നത്. പക്ഷെ, ഭീകരാക്രമണം മുതൽ കോവിഡ് വ്യാപനം വരെയുള്ള പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടതായി വന്ന കഴിഞ്ഞ ചില വർഷങ്ങൾക്കൊണ്ട് ഒരു ലക്ഷം കോടി രൂപയുടെ നഷ്ടമാണ് ശ്രീലങ്കയ്ക്ക് ഉണ്ടായതെന്നാണ് റിപ്പോർട്ടുകൾ. ആ നഷ്ടമാണ് ആ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മുച്ചൂടും തകർത്തിരിക്കുന്നത്. ഇന്ന് ഒരു കിലോ അരിക്ക് 500 ശ്രീലങ്കൻ രൂപ (130 INR) വരെയാണ് അവിടെ വില. 2018ലെ വിലയുടെ നാലിരട്ടിയിലേറെയാണ് അത്. മറ്റെല്ലാ വസ്തുക്കൾക്കും ആനുപാതികമായ വിലവർദ്ധനവ് മാത്രമല്ല, ലഭ്യതക്കുറവുമുണ്ട്. ഇന്ധനക്ഷാമം മൂലം മണിക്കൂറുകൾ നീണ്ട കറന്റ് കട്ട്; ലക്ഷക്കണക്കിന് ജനങ്ങൾ ഏതുവിധേനയും രാജ്യംവിടാൻ ആഗ്രഹിക്കുന്നു; അഭയാർത്ഥി പ്രവാഹമുണ്ടായേക്കുമെന്ന അറിവിനെ തുടർന്ന് ഇന്ത്യയും മുൻകരുതൽ എടുത്തിരിക്കുന്നു. ഒരുപക്ഷേ, വരും നാളുകളിൽ പട്ടിണി മരണങ്ങളുടെയും കലാപങ്ങളുടെയും നടുക്കുന്ന ദുരന്തവാർത്തകളാണ് ശ്രീലങ്കയിൽനിന്ന് നാം കേൾക്കാനിരിക്കുന്നത്.

### വിവേകരഹിതമായ വികസന പദ്ധതികൾ

ദീർഘവീക്ഷണമില്ലാത്ത പദ്ധതിനടത്തിപ്പുകളും ഏകപക്ഷീയമായ വികസനചിന്തകളും സ്വാർത്ഥതാൽപ്പര്യങ്ങളുമാണ് ശ്രീലങ്കയെ തകർത്തത്. ഒരു സമ്പദ് വ്യവസ്ഥിതിയെ സംബന്ധിച്ച് അതിന്റെ സുസ്ഥിരമായ നിലനിൽപ്പിനും വളർച്ചയ്ക്കും അത്യാവശ്യമാണ് പശ്ചാത്തല സൗകര്യവികസന പദ്ധതികളും ഒപ്പം മൂലധന നിക്ഷേപങ്ങളും. തൊഴിലവസരങ്ങളും ബിസിനസ് സാധ്യതകളും വർദ്ധിക്കും എന്നതിനാൽ, മൂലധന നിക്ഷേപമാണ് പ്രധാനം. എന്നാൽ പശ്ചാത്തല സൗകര്യങ്ങളുടെ വളർച്ചയും അനുബന്ധമായി ആവശ്യമാണ്. ഗതാഗത സൗകര്യങ്ങൾ ഉൾപ്പെടുന്ന പശ്ചാത്തല സൗകര്യങ്ങൾക്ക് മറ്റ് മൂലധന നിക്ഷേപപദ്ധതികളെക്കാൾ കൂടുതൽ ഊന്നൽ കൊടുത്തതാണ് ശ്രീലങ്കയ്ക്ക് വലിയ തിരിച്ചടിക്ക് കാരണമായത്. ഒരുപക്ഷെ, പരമ്പരാഗതമായ വരുമാന

www.malankaralibrary.com

മാർഗ്ഗങ്ങളിൽനിന്ന് ഭാവിയിൽ ലഭിച്ചേക്കാവുന്ന സാമ്പത്തിക സാദ്ധ്യതകളുടെ പരിമിതി മന സിലാക്കിയിരുന്നെങ്കിലും മറ്റു നിക്ഷേപങ്ങൾ നടത്തി കൂടുതൽ വരുമാന സാദ്ധ്യതകൾ വളർ ത്തിയെടുക്കാൻ ശ്രീലങ്കൻ സർക്കാർ പരിശ്രമി ച്ചില്ല. അതേസമയം, ശരിയായ പഠനങ്ങളുടെ പിൻബലമില്ലാതെ കാർഷിക രംഗത്ത് കടുത്ത നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ച് ആ മേഖല യെയും തകർച്ചയിലേക്ക് നയിക്കുകയും ചെ യ്തു.

വിവേകപൂർവ്വം വികസനപദ്ധതികൾ നടപ്പാക്കി വിജയം വരിച്ചിട്ടുള്ള രാജ്യങ്ങളെയും ഭരണകൂടങ്ങളെയും നിരീക്ഷിച്ചാൽ, അത്തരം ദേശങ്ങളിൽ രണ്ടുവിധത്തിലുള്ള പദ്ധതിക ളും സന്തുലിതമായാണ് നടപ്പാക്കപ്പെടുന്നത് എന്ന് കാണാം. ഒരു നാടിന്റെ സമഗ്രമായ വി കസനത്തിന് ആവശ്യം അടിസ്ഥാന സൗകര്യ



വികസന പദ്ധതികൾ മാത്രമല്ല, പൗരന്മാരുടെ ഉപജീവനത്തിന് അവരെ സഹായിക്കുകയും ക്ഷേമം ഉറപ്പുവരുത്തുകയും ചെയ്യുന്ന പദ്ധതി കളുമാണ്. വാസ്തവത്തിൽ രണ്ടാമത്തേതാണ് കൂടുതൽ പ്രധാനപ്പെട്ടത്. മികച്ച തൊഴിൽ സാ ഹചര്യങ്ങളും വരുമാനവും ഉറപ്പുവരുത്തിക്കൊ ണ്ടുള്ള മൂലധന നിക്ഷേപങ്ങളും, തൊഴിൽ നൽകുന്നതും സംരംഭങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതുമായ മറ്റു പദ്ധതികളുമാണ് ആത്യ ന്തികമായി ഒരു നാടിന്റെ വികസനത്തിന് അടി സ്ഥാനമായിരിക്കേണ്ടത്.

### കേരളത്തിന്റെ നയങ്ങൾ അപകടകരം

തൊഴിൽമേഖലകളെ വളർത്തിക്കൊ ണ്ടുവരാനുതകുന്ന പദ്ധതികളുടെ അഭാവവും, വ്യവസായ സംരംഭങ്ങളോടുള്ള വിരുദ്ധ മനോ ഭാവവും, നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന പ്രതീതി സൃഷ്ടിക്കാൻ കഴിയാത്തതും എക്കാ ലത്തും കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ പ്രധാന വെല്ലുവിളികളാണ്. വിനോദസഞ്ചാര ത്തിന് പരിധികളില്ലാത്ത സാദ്ധ്യതകൾ ഉണ്ടാ യിട്ടും വളരെ പരിമിതമായി മാത്രമേ അത്തരം സാധ്യതകളെ ഉപയോഗിക്കാൻ ഇന്നോളം കഴിഞ്ഞിട്ടുള്ളൂ. അനന്തസാധ്യതകൾ കണ്ടെ ത്താൻ കഴിയുമായിരുന്ന കാർഷിക രംഗത്തും അതേ അവസ്ഥ തന്നെയാണ് തുടരുന്നത്. പരമ്പരാഗതമായി തുടർന്നു പോരുന്ന നികുതി വരുമാനത്തിനപ്പുറം, അധികവരുമാനത്തിനാ യി മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങൾ, ലോട്ടറി തുടങ്ങിയ നാണംകെട്ട ചില സാധ്യതകളെ മാത്രമാണ് കേരളം ചില വർഷങ്ങളായി ഉപ യോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അനാരോ ഗ്യകരമായ ഇത്തരം നയങ്ങളുടെ ബാക്കിപത്ര മാണ് തൊഴിലിനായി നാടുവിടേണ്ടിവന്നിട്ടുള്ള ഭൂരിപക്ഷം വരുന്ന യുവജനങ്ങൾ.

തനതായ വരുമാന സാദ്ധ്യതകൾ കണ്ടെ ത്താൻ കഴിയാത്ത സാ ഹചര്യത്തിൽ, ഭാവി വരുമാനം പ്രതീക്ഷി ച്ചുകൊണ്ട് വലിയ ലോണുകൾ എടുത്തു കൂട്ടുക എന്ന വിവേക രഹിതമായ നയമാണ് കേരളവും കാലങ്ങളാ യി തുടർന്നുപോരുന്ന ത്. മൂന്നുലക്ഷം കോ ടിയില്പരം വരുന്ന പൊതുക്കടം ഇന്ന് കേരളത്തിനുണ്ടാകാ നുള്ള പ്രധാന കാ രണവും അതാണ്. നിലനിൽക്കുമെന്ന് ഉറ പ്പില്ലാത്ത വരുമാനസാധ്യതകൾ കണ്ടുകൊ ണ്ട് പതിനായിരക്കണക്കിന് കോടി രൂപ കട ബാധ്യത വരുത്തിവയ്ക്കുന്ന ഈ പ്രവണത അത്യന്തം അപകടകരമാണ്. വിവിധ റിപ്പോർ ട്ടുകളിൽ സി.എ.ജി അക്കാര്യം വ്യക്തമാക്കിയി ട്ടുണ്ട്. ഏറ്റവും ഒടുവിൽ കേരളസർക്കാരിന്റെ കിഫ്ബിയുമായി ബന്ധപ്പെട്ട് സി.എ.ജി രൂക്ഷ വിമർശനങ്ങൾ നടത്തുകയുണ്ടായിരുന്നു.

### കിഫ്ബിയുമായി ബന്ധപ്പെട്ട ആശങ്കകൾ

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടി ക്കിൾ 203 (2) ന്റെ ഗുരുതരമായ ലംഘനമാണ് കിഫ്ബിയുടെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർ ത്തനങ്ങൾ എന്നാണ് സി.എ.ജി റിപ്പോർട്ടിലെ പരാമർശം. 2016 ലെ സർക്കാർ ഓർഡിനൻസി ലൂടെ രീതികൾ പരിഷ്കരിക്കപ്പെട്ട കിഫ്ബി യുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ നിയ മസഭയ്ക്ക് അതീതമാണ്. 1999 ലെ കിഫ്ബി

www.malankaralibrary.com

നിയമത്തിന്റെ ഏഴാം വകുപ്പ് പ്രകാരം കിഫ്ബിയുടെ എല്ലാ പദ്ധതികൾക്കും നിയമസഭയുടെ അംഗീകാരം ആവശ്യമാണ്. ഈ നിയമം 2016 ൽ പൂർണ്ണമായി നീക്കം ചെയ്യുകയും അതിന്റെ സംഘടനാ രൂപവും പ്രവർത്തന രീതിയും പരിഷ്കരിക്കുകയും ചെയ്തു. അതിനുശേഷം കിഫ്ബിയുടെ പദ്ധതികൾ ബജറ്റിൽ പോലും ഉൾപ്പെടുത്തപ്പെടുകയോ അതുമായി ബന്ധപ്പെട്ട വിവരങ്ങൾ നിയമസഭാ സാമാജികർക്ക് മുന്നിൽ എത്തുകയോ ചെയ്യുന്നില്ല.

ഒരു പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാവിധ പ്രതിബന്ധങ്ങളെയും ഒറ്റയടിക്ക് നീക്കാനുള്ള തന്ത്രപരമായ നീക്കമാണ് കിഫ്ബിയുമായി ബന്ധപ്പെട്ട നിയമ പരിഷ്കരണത്തിലൂടെ സംഭവിച്ചത്. തൽഫലമായി കേരളത്തിന്റെ ബാധ്യതകൾ കഴിഞ്ഞ ആറു വർഷത്തിനിടെ കണക്കിൽപ്പെടാതെതന്നെ കുത്തനെ ഉയർന്നു. കഴിഞ്ഞ വർഷം വരെ 64338 കോടി രൂപയുടെ 918 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. സംസ്ഥാന സർക്കാർ ബജറ്റിന് വെളിയിൽനിന്ന് എടുക്കുന്ന വായ്പയാണ് കിഫ്ബിയുടെ പ്രധാന വരുമാനം എന്ന് സി.എ.ജി റിപ്പോർട്ട് പറയുന്നു. വായ്പയുടെ തിരിച്ചടവ് മോട്ടോർവാഹന സെസ്സിൽനിന്നും പെട്രോളിയം സെസ്സിൽനിന്നും ആണെങ്കിലും സംസ്ഥാനത്തിന്റെ ധനകാര്യ രേഖകളിൽ ഈ കണക്കുകൾ ഉൾപ്പെടുകയുമില്ല. ഒരു സമാന്തര സംവിധാനമായി കിഫ്ബിയെ മാറ്റിയെടുത്തിരിക്കുന്നെങ്കിലും സംസ്ഥാനത്തിന്റെ പൊതു വരുമാനത്തിൽനിന്നാണ് തിരിച്ചടവുകളും മറ്റ് ചെലവുകളും.

ഫലത്തിൽ കേരളത്തിന്റെ പൊതു വരുമാനത്തിന്റെ നല്ലൊരു വിഹിതം ഇത്തരത്തിൽ ആരുമറിയാതെ വഴിമാറിപ്പോകുന്ന സാഹചര്യം നിലവിലുണ്ട്. മാത്രവുമല്ല, വർഷം കഴിയുംതോറും സെസ്സിൽനിന്നുള്ള വിഹിതം വർദ്ധിപ്പിക്കാനുള്ള പ്രൊവിഷനുമുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അപകടകരമാണ് എന്ന മുന്നറിയിപ്പ് ഇത്തരം നീക്കങ്ങളുടെ വെളിച്ചത്തിൽ സി.എ.ജിയും സാമ്പത്തിക വിദഗ്ധരും പലപ്പോഴായി നൽകിയിട്ടുണ്ട്. കടം വീട്ടാനായി പോലും വായ്പ്പയെടുക്കേണ്ടി വരുന്ന അവസ്ഥയാണ് ഇന്നത്തെ കേരളത്തിന്റേത്. അതിനു പുറമെയാണ് ഇപ്പോൾ കെ റെയിൽ സംബന്ധിച്ച ചൂടുപിടിച്ച ചർച്ചകളും പ്രാരംഭ നടപടികളും പുരോഗമിക്കുന്നത്. ഇപ്പോഴുള്ള സാമ്പത്തിക ബാധ്യതകൾക്ക് പുറമെ കെ റെയിൽ സംബന്ധിച്ച ഭീമമായ ബാധ്യതകൂടി ചുമക്കേണ്ടി വന്നാൽ കേരളത്തിന് അത് താങ്ങാനാവില്ല എന്ന് ഉറപ്പാണ്.

### സംസ്ഥാനം എങ്ങോട്ട്?

കേരളം ഒരു സംസ്ഥാനം മാത്രമായതിനാൽ ആശങ്കകൾക്ക് പരിധിയുണ്ട് എങ്കിലും, നിരവധി പ്രതിസന്ധികൾ സമീപഭാവിയിൽ കേരളം നേരിട്ടേക്കുമെന്ന് സാമ്പത്തികവിദഗ്ധർ അഭിപ്രായപ്പെടുന്നു. കുടിയേറ്റ തൊഴിലാളികളിൽനിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിലാണ് കേരളം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നിർണ്ണായക ഘടകവും അതുതന്നെയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ സാമ്പത്തിക ഇടപാടുകളുടെ നിലനിൽപ്പ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് ഈ പണത്തെയാണ്. കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തെ ഉയർത്തി നിർത്തിയിരിക്കുന്നതും അതുതന്നെ. ഈ ജി.ഡി.പിയുടെ അടിസ്ഥാനത്തിലാണ് വലിയ പദ്ധതികൾക്കുള്ള ഭീമമായ വായ്പകൾ സർക്കാർ എടുത്തിട്ടുള്ളത്. എന്നാൽ, കഴിഞ്ഞ ചില വർഷങ്ങളായി കേരളത്തിൽനിന്നുള്ള മൈഗ്രേഷൻ ഗൾഫ് രാജ്യങ്ങളിൽ നിന്ന് എന്നതിനേക്കാൾ മറ്റു വിദേശ രാജ്യങ്ങളിലേക്ക് വർദ്ധിച്ചു വരികയും, ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ മേഖലകൾ മലയാളികൾക്ക് മുന്നിൽ ശുഷ്കിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് എത്തുന്ന ധനം കുറഞ്ഞുകൊണ്ടിരിക്കും എന്ന് ഉറപ്പാണ്. കണക്കുകൾ പ്രകാരം കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ അപ്രകാരം സംഭവിച്ചു തുടങ്ങിയിട്ടുണ്ട്. ഗൾഫ് ഇതര രാജ്യങ്ങളിലേക്ക് തൊഴിൽ ആവശ്യങ്ങൾക്കായി ചേക്കേറുന്നവരിൽ ബഹുഭൂരിപക്ഷവും അവിടെ താമസമുറപ്പിക്കാനാണ് ആഗ്രഹിക്കുന്നത് എന്നതാണ് കാരണം.

കേരളത്തിലെ സാധാരണ ജനങ്ങളുടെ

www.malankaralibrary.com

ജീവിതം വിശേഷിച്ചുള്ള സർക്കാർ ഇടപെടലുകൾ കൂടാതെ മുന്നോട്ടുപോവുകയും ചെറുതും വലുതുമായ വിൽക്കൽ വാങ്ങലുകൾ സ്വാഭാവികമെന്നോണം നടക്കുകയും, സർക്കാരിന് നികുതിവരുമാനം ലഭിക്കുന്നത് തുടരുകയും ചെയ്യുകയും ജി.ഡി.പി മെച്ചെപ്പെട്ടു തന്നെ നിലനിൽക്കുകയും ചെയ്യുന്ന കാലത്തോളം വലിയ കേടുപാടുകൾ കൂടാതെ മുന്നോട്ടുപോകാമെങ്കിലും, വർഷങ്ങൾക്ക് ശേഷം വായ്പ തിരിച്ചടവുകൾ പൂർത്തിയാക്കേണ്ടതായി വരികയും വരുമാന സാധ്യതകളിൽ ഇടിവ് സംഭവിക്കുകയും ചെയ്യുന്ന പക്ഷം വളരെ പെട്ടെന്നുതന്നെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ദൃശ്യമാകും. പ്രവാസി മലയാളികൾ നാട്ടിലേയ്ക്ക് അയക്കുന്ന പണം, മദ്യത്തിൽ നിന്നും, പെട്രോളിയത്തിൽനിന്നും, ലോട്ടറിയിൽ നിന്നുമുള്ള വരുമാനം തുടങ്ങിയവയിൽ ഏതിലെങ്കിലും ഇടിവ് നേരിട്ടാൽ വലിയ സാമ്പത്തിക തകർച്ചയായിരിക്കും ഫലം. ഈ മേഖലകളിൽ നിന്നെല്ലാമുള്ള വരുമാനം കുറഞ്ഞുകൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ടുകൾ. പുതിയ തലമുറകൾ വളർന്നുവരുന്നതിനനുസരിച്ച് മദ്യത്തിന്റെയും ലോട്ടറിയുടെയും വിൽപ്പന കുറയുകയാണ്. ഇലക്ട്രിക് വാഹനങ്ങൾ കൂടുതൽ പ്രചാരത്തിലാകുന്നതോടെ പെട്രോൾ, ഡീസൽ വിൽപ്പനയും ഗണ്യമായി കുറയും. വരുന്ന അഞ്ച് വർഷങ്ങൾക്കുള്ളിൽ അത് സംഭവിക്കുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. ഇക്കാര്യങ്ങൾ പരിഗണിച്ചില്ലെങ്കിൽത്തന്നെയും ഇതമാത്രം ബാധ്യതകൾ അടച്ചുതീർക്കാൻ ശരിയായൊരു മാർഗ്ഗം ഇനിയും മുന്നിലില്ലാത്ത പക്ഷം സമീപഭാവിയിൽ ഏതെങ്കിലും ഒരുഘട്ടത്തിൽ അത് വലിയ പ്രതിസന്ധികൾക്ക് കാരണമാകുമെന്ന് തീർച്ച.

അഞ്ചുലക്ഷത്തിലേറെ വരുന്ന സർക്കാർ ഉദ്യോഗസ്ഥരെയും സർക്കാർ സ്ഥാപനങ്ങൾ, ഉദ്യമങ്ങൾ, വിവിധ പദ്ധതികൾ, അവയുടെ ഗുണഭോക്താക്കൾ തുടങ്ങിയവയെയും അത്തരമൊരു സാമ്പത്തിക തകർച്ച നേരിട്ട് ബാധിക്കും. ധനവ്യയം കുറയുന്നതുവഴി മറ്റെല്ലാവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും പരോക്ഷമായി, എന്നാൽ രൂക്ഷമായി ബാധിക്കും. ജിഡിപി കുത്തനെ താഴുകയും തിരിച്ചു കയറാനാവാത്ത വിധം സംസ്ഥാനം തകരുകയും ചെയ്യും. ഇന്നത്തെ ശ്രീലങ്കയിൽ നാം കാണുന്നതുപോലെയല്ലെങ്കിലും മറ്റൊരു വിധത്തിലുള്ള വലിയ അപകടാവസ്ഥയാണ് കേരളത്തിന് മുന്നിൽ ഭീഷണിയായി നിൽക്കുന്നത്.

കേരളവുമായി എല്ലാവിധത്തിലും വലിയ സാമ്യങ്ങളുള്ള പ്രദേശമാണ് ശ്രീലങ്ക. കാർഷിക സാധ്യതകൾ, വിനോദസഞ്ചാര സാധ്യതകൾ തുടങ്ങിയവ മുതൽ വിവിധ പ്രതിസന്ധികൾക്കുള്ള സാധ്യതകൾക്ക് വരെ വലിയ സാമ്യമുണ്ട്. മനുഷ്യ വിഭവശേഷിയുടെ സമ്പന്നതയും വൈവിധ്യവുമാണ് കേരളവുമായുള്ള മറ്റൊരു സമാനത. അത് സ്വന്തം ദേശത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല, മറിച്ച്, അന്യരാജ്യങ്ങളിലേക്ക് കയറ്റി അയക്കപ്പെടുകയാണ് എന്നുള്ളതും കേരളത്തിനും ശ്രീലങ്കയ്ക്കും ഇടയിലുള്ള സാമ്യങ്ങളിൽ പ്രധാനമാണ്. ചുരുക്കിപ്പറഞ്ഞാൽ, കേരളം സഞ്ചരിച്ച അതേ വഴിയിലൂടെ സഞ്ചരിച്ച് തോറ്റുപോയ ഒരു രാജ്യമാണ് ശ്രീലങ്ക. മറ്റൊന്നുള്ളത്, വിവിധ റിപ്പോർട്ടുകൾ പ്രകാരം കേരളത്തിലും ഭീകര പ്രവർത്തകരുടെ സജീവ സാന്നിധ്യവും അതിന്റെ തുടർച്ചയായി അനിഷ്ട സംഭവങ്ങൾ ഉണ്ടായേക്കാവുന്ന സാധ്യതകളുമുണ്ട് എന്നുള്ളതാണ്. ബുദ്ധിപൂർവ്വം ചിന്തിക്കുകയും ഇനിയെങ്കിലും വിവേകത്തോടെ തീരുമാനങ്ങളെടുക്കുകയും മാത്രമാണ് നമുക്ക് മുന്നിലുള്ള പോംവഴി.



www.malankaralibrary.com



# യൂണിഫോമിന്റെ രാഷ്ട്രീയം

*ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ*

**കേ**രളത്തിലെ 2022 വർഷാരംഭം സ്കൂൾ യൂണിഫോമിന്റെ പേരിൽ പുതിയൊരു വിവാദപരമ്പരയ്ക്ക് തിരികൊളുത്തിക്കൊണ്ടായിരുന്നു. കർണ്ണാടകയിലെ സ്കൂൾ യൂണിഫോം - ഹിജാബ് വിവാദം കേരളത്തിലേയ്ക്ക് പടർത്താനുള്ള ശ്രമങ്ങൾക്ക് പിന്നിൽ വ്യക്തമായ രാഷ്ട്രീയ ലക്ഷ്യങ്ങളും വർഗ്ഗീയ താൽപ്പര്യങ്ങളും ഉണ്ടെന്നുള്ളതിൽ സംശയമില്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി കത്തോലിക്കാ സന്ന്യസ്തർ നടത്തിവരുന്ന സ്കൂളുകളിൽ ഇത്തരം വിവാദങ്ങൾ ഉയർന്നുവരികയും വലിയ കോലാഹലങ്ങൾക്ക് അത് കാരണമാവുകയും ചെയ്തതെങ്ങനെ എന്ന് പരിശോധിച്ചാൽ അക്കാര്യം വ്യക്തമാകും. നിസ്സാരമായ വിഷയങ്ങളെയാണ് ചിലർ വലിയ വിവാദങ്ങളാക്കി മാറ്റിയത്. അതിന്റെ കാരണങ്ങൾ മനഃപൂർവ്വം സൃഷ്ടിച്ചെടുത്തവയാണോ എന്നും സംശയിക്കേണ്ടതുണ്ട്.

ചില തൽപരകക്ഷികൾ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പദ്ധതിയിടുന്നു എന്നുള്ളത് വിവിധ സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. അത് ക്രൈസ്തവ സമൂഹത്തോടുള്ള വിരോധംകൊണ്ടോ, തങ്ങളുടെ ചില ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന്റെ ഭാഗമായോ ആവാം. ഹിജാബ് മുതൽ നിഖാബ് വരെയുള്ള വേഷവിധാനങ്ങളെക്കുറിച്ചുള്ള നിർബ്ബന്ധബുദ്ധി അടിച്ചേൽപ്പിക്കപ്പെടുന്ന കാഴ്ചകൾ സമീപകാലഘട്ടത്തിൽ മാത്രം കണ്ടുതുടങ്ങിയതാണ്. മതപരം എന്നതിനേക്കാൾ രാഷ്ട്രീയപരമായ ഒരു മാനം ഈ മാറ്റത്തിനുണ്ട്. അക്കാര്യം സാധൂകരിക്കുന്ന നിരവധി സംഭവങ്ങൾ പലപ്പോഴായി അരങ്ങേറുകയുണ്ടായിട്ടുണ്ട്. കർണ്ണാടകയിൽ ഹൈക്കോടതിയുടെ ഇടപെടലുകളോളമെത്തിയ സംഭവപരമ്പരകൾ ഉദാഹരണമാണ്. സ്കൂൾ യൂണിഫോം സംബന്ധിച്ച് മുമ്പും കോടതി ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ ഒരു വിഭാഗം ഉന്നയിക്കുന്ന ആവശ്യങ്ങൾ ന്യായമാണെന്ന് ഒരു കോടതിയും അഭിപ്രായപ്പെട്ടിട്ടില്ല.

**എന്തിനാണ് യൂണിഫോം?**

വിദ്യാഭ്യാസരംഗത്ത് യൂണിഫോം സമ്പ്രദായം ആദ്യമായി അവതരിപ്പിക്കപ്പെട്ടത് കാന്റർബറി ആർച്ച്ബിഷപ്പിന്റെ കൽപ്പന പ്രകാരം 1222 - ൽ ഇംഗ്ലണ്ടിലാണെന്ന് പൊതുവേ കരുതപ്പെടുന്നു. പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ വ്യാപകമായി യൂണിഫോം ഉപയോഗിക്കപ്പെട്ടുതുടങ്ങി. യൂണിഫോം സമ്പ്രദായത്തിന്റെ വ്യാപനത്തിന് കുട്ടികളുടെ സുരക്ഷയും, അച്ചടക്കവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യവും കാരണമായിട്ടുണ്ട്. ചരിത്രപരമായ കാരണങ്ങൾ പലതാണെങ്കിലും, കേരളത്തിന്റെ സാഹചര്യത്തിൽ അത് സാമൂഹിക നീതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഉച്ചനീചത്വങ്ങളും ജാതി വ്യവസ്ഥിതിയും അരങ്ങുവാണിരുന്ന, പാവപ്പെട്ടവനും അധഃസ്ഥിതനും വിദ്യാഭ്യാസത്തിനും സ്വൈര്യസഞ്ചാരത്തിനും അവകാശം നിഷേധിക്കപ്പെട്ടിരുന്ന പഴയ കേരളത്തിൽ അവർക്കുവേണ്ടി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നത് ക്രിസ്ത്യൻ മിഷനറിമാരും ക്രൈസ്തവ സഭകളുമാണ്. താഴ്ന്ന ജാതിക്കാർ വേദഭാഷയായ സംസ്കൃതം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കണമെന്ന് ശാസനയുണ്ടായിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യ ദശകത്തിൽ അവർക്കുവേണ്ടി സംസ്കൃത സ്കൂൾ ആരംഭിച്ച് വിപ്ലവം സൃഷ്ടിച്ച വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ ഒരു ഉദാഹരണം മാത്രം.

ജാതിവ്യവസ്ഥിതിയും സമ്പദ് വ്യവസ്ഥിതിയും രൂപത്തിലും ഭാവത്തിലും മാത്രമല്ല, സ്വഭാവത്തിലും കുട്ടികൾക്കിടയിൽ



www.malankaralibrary.com

വേർതിരിവുകൾ സൃഷ്ടിക്കുന്നതായി കണ്ടറിഞ്ഞ മിഷനറിമാരും, പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ "പള്ളിക്കൊപ്പം പള്ളിക്കൂടം" എന്ന ആഹ്വാനം നടത്തി വിദ്യാഭ്യാസ മേഖലയിൽ വിപ്ലവം സൃഷ്ടിച്ച കത്തോലിക്കാ സഭയും അതിനുള്ള പരിഹാരങ്ങൾ തേടുകയും കണ്ടെത്തുകയും ചെയ്തിരുന്നു. വിദ്യ അർത്ഥിക്കുന്നവരായി ഗുരുമുഖത്തെത്തുന്ന കുട്ടികളിൽ ജാതിവ്യവസ്ഥിതിയും ദാരിദ്ര്യചിന്തയും മതിൽകെട്ടുകളായി ഭവിക്കാതിരിക്കാനായി വേഷത്തിലും മനഃസ്ഥിതിയിലും ഐക്യരൂപം വേണമെന്നുള്ള ആശയത്തിന്റെ ഭാഗമായി ഒരേ വേഷം അനുശാസിക്കപ്പെട്ടിരുന്നു. ഗുരുസമക്ഷത്തിലായിരിക്കുന്ന വിദ്യാർത്ഥികൾ ജാതിചിന്തകൾക്കും വിഭാഗീയത സൃഷ്ടിക്കുന്ന അടയാളങ്ങൾക്കും അതീതരായിരിക്കണമെന്ന് അവർ കരുതി.

വാസ്തവത്തിൽ യൂണിഫോം എന്ന ആശയത്തിന്റെ ഭാരതീയ സാഹചര്യാടിസ്ഥാനങ്ങളിൽ പ്രധാനം മേല്പറഞ്ഞ സമത്വവും സാഹോദര്യവും തന്നെയാണ്. നിലനിന്നിരുന്ന മേലാള-കീഴാള വ്യവസ്ഥിതിയുടെ മനോഭാവങ്ങളും, സാമ്പത്തികാസമത്വത്തിന്റെ ആഴമേറിയ അതിർവരമ്പുകളും വിദ്യാർത്ഥികൾക്കിടയിൽ വിവേചനം ചെലുത്താതിരിക്കാൻ വേഷവിധാനത്തിലെ ഐക്യരൂപം സഹായകരമാകും എന്ന ദർശനത്തിലാണ് യൂണിഫോമിന്റെ പ്രസക്തി കാലാതീതമാകുന്നത്. ചില വികസിത രാജ്യങ്ങളിൽ സ്കൂൾ യൂണിഫോം സ്ത്രീ-പുരുഷ ലിംഗപരതയെ പരിപോഷിപ്പിക്കുന്നു എന്ന വിമർശനം നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇന്ന് ജെൻഡർ ന്യൂട്രൽ യൂണിഫോം എന്ന കാഴ്ചപ്പാട് കേരളത്തിൽ പോലും വ്യാപകമായികഴിഞ്ഞിരിക്കുന്നു. ഇത്തരം വസ്തുതകൾ മനസിലാക്കാൻ ബഹുഭൂരിപക്ഷത്തിനും ബുദ്ധിമുട്ടില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ നിന്ന് വളരെ പെട്ടെന്ന് നമുക്കിടയിൽ ചിലർ മാറിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം ആശങ്കാജനകമാണ്. അതിന് പിന്നിൽ പ്രവർത്തിക്കുന്ന ശക്തികളുടെ സ്വാധീനവും പ്രകടനപരതയും നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ആശങ്കാജനകമാണ്.

> **ചില തത്പരകക്ഷികൾ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പദ്ധതിയിടുന്നു എന്നുള്ളത് വിവിധ സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. അത് ക്രൈസ്തവ സമൂഹത്തോടുള്ള വിരോധംകൊണ്ടോ, തങ്ങളുടെ ചില ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന്റെ ഭാഗമായോ ആവാം.**

### യൂണിഫോം വിവാദങ്ങളിലെ കോടതിയലക്ഷ്യം

വിദ്യാലയങ്ങളിൽ മതാചാര പ്രകാരമുള്ള വസ്ത്രങ്ങൾ ധരിക്കണമെന്ന് വിദ്യാർത്ഥികൾ നിർബ്ബന്ധം പിടിക്കരുതെന്ന് കർണാടക ഹൈക്കോടതി 2022 ഫെബ്രുവരിയിലെ ഒരു ഇടക്കാല ഉത്തരവിൽ വ്യക്തമാക്കുകയുണ്ടായിരുന്നു. അതിനർത്ഥം, യൂണിഫോമുകളിൽ മത - രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാവരുത് എന്ന നിലപാടിൽ നീതിപീഠം ഉറച്ചുനിൽക്കുന്നു എന്നുള്ളതാണ്. ഈ വിഷയത്തിൽ വളരെ വ്യക്തമായ നിലപാടറിയിച്ച വിധിപ്രസ്താവം (WPC 35293/2018) 2018ൽ കേരള ഹൈക്കോടതി നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ ക്രൈസ്റ്റ് നഗർ സ്കൂളിലെ രണ്ട് വിദ്യാർത്ഥിനികൾ മതപരമായ വസ്ത്രം ധരിക്കാൻ അനുമതി തേടി ഹൈക്കോടതിയിൽ എത്തിയതിനെ തുടർന്നുണ്ടായ വിധിയാണ് അത്. മതാചാരപ്രകാരം തല മറയ്ക്കുന്ന ഹിജാബും, ഫുൾ സ്ലീവ് ഷർട്ടും യൂണിഫോമിനൊപ്പം ധരിക്കാനുള്ള അനുമതിയായിരുന്നു അവരുടെ ആവശ്യം. എന്നാൽ ആ ആവശ്യം അംഗീകരിക്കാൻ കോടതി തയ്യാറായില്ല എന്നുമാത്രമല്ല, ഈ വിഷയവുമായി ബന്ധപ്പെട്ട് വ്യക്തമായ ചില നിലപാടുകൾ വിധിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

യൂണിഫോം സംബന്ധിച്ച തീരുമാനം സ്വതന്ത്രമായി സ്വീകരിക്കാനും, പ്രത്യേക ആവശ്യങ്ങൾക്കുള്ള അനുമതിയുടെ കാര്യത്തിൽ നിലപാടെടുക്കാനും പൂർണ്ണ അധികാരം സ്കൂൾ മാനേജ്മെന്റിനാണ് എന്ന് കോടതി പറയുകയുണ്ടായി. സ്കൂൾ മാനേജ്മെന്റിന്റെ മൗലിക അവകാശത്തിന് മുകളിലല്ല കുട്ടികളുടെ വ്യക്തിഗത അവകാശങ്ങൾ എന്നും കോടതി നിരീക്ഷിച്ചു. യൂണിഫോമിന്റെ കാര്യത്തിൽ സ്കൂളിന്റെ നിയമങ്ങൾ പാലിച്ച് അവിടെ തുടരാൻ കഴിയാത്ത



www.malankaralibrary.com

വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കേറ്റിന് അപേക്ഷിക്കുന്ന പക്ഷം മറ്റു പരാമർശങ്ങൾ കൂടാതെ അത് നൽകി വിടാവുന്നതാണ്; എന്നാൽ, സ്കൂൾ ഡ്രസ്കോഡ് പാലിക്കാൻ തീരുമാനിക്കുന്നെങ്കിൽ അവരെ സ്കൂളിൽ തുടരാൻ അനുവദിക്കണം എന്നീ നിർദ്ദേശങ്ങളും കോടതിവിധിയിലുണ്ട്.

വിധിപ്രസ്താവം നടത്തിയ ഹൈക്കോർട്ട് ജസ്റ്റിസ് മുഹമ്മദ് മുസ്താഖ്, വിദ്യാർത്ഥിനികളുടെ ഈ ആവശ്യത്തിൽ സ്കൂൾ മാനേജ്മെന്റിന് നിർദ്ദേശം പോലും നൽകാൻ കോടതിക്ക് കഴിയില്ല എന്നാണ് വ്യക്തമാക്കിയത്. യൂണിഫോമിന്റെ കാര്യത്തിൽ മാനേജ്മെന്റ് സ്വീകരിക്കുന്ന നിലപാടുകളോട് യോജിക്കാൻ കഴിയാത്തപക്ഷം ടിസി വാങ്ങി മറ്റ് സ്കൂളുകളിലേക്ക് പോകാവുന്നതാണ് എന്നാണ് ഒറ്റവാക്യത്തിൽ ആ കോടതിവിധിയുടെ സാരാംശം. വ്യക്തമായ നിർദേശങ്ങളോടും അറിയിപ്പുകളോടും കൂടിയ സ്കൂൾ ഡയറി അഡ്മിഷൻ വേളയിൽ ത്തന്നെ കൈപ്പറ്റിയ പശ്ചാത്തലത്തിൽ അതിന് വിപരീതമായ വാദഗതികളൊന്നും നിലനിൽക്കില്ല എന്ന മറ്റൊരു കോടതി പരാമർശവുമുണ്ട്.

2019-ൽ മുസ്ലീം എജ്യുക്കേഷണൽ സൊസൈറ്റി (MES) തങ്ങളുടെ സ്ഥാപനങ്ങളിലെ അധികാരികൾക്ക് നൽകിയ സർക്കുലർ പ്രകാരം, ആധുനികതയുടെ പേരിലോ മതാചാരപ്രകാരമോ ഉള്ള വസ്ത്രധാരണങ്ങൾ അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൊതുവായ ഡ്രസ്കോഡിന് വിരുദ്ധമായി ഒരുവിധത്തിലുമുള്ള വേഷവിധാനങ്ങൾ പാടില്ല എന്ന നിലപാടാണ് 2019 ഏപ്രിൽ പതിനാലാം തിയ്യതിയിലെ സർക്കുലറിലൂടെ അവർ അറിയിച്ചിരിക്കുന്നത്.

ഇതുവരെയുള്ള കോടതിവിധികളുടെയും, സ്കൂൾ മാനേജ്മെന്റുകളുടെ മൗലികാവകാശങ്ങളുടെയും വെളിച്ചത്തിൽ വിലയിരുത്തിയാൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വിവാദങ്ങൾ പൂർണ്ണമായും അനാവശ്യമാണെന്നും, ഉയരുന്ന വാദഗതികളിൽ ഏറെയും കോടതിയലക്ഷ്യമാണെന്നും വ്യക്തമാണ്. ന്യായം പൂർണ്ണമായും സ്കൂൾ മാനേജ്മെന്റുകളുടെ പക്ഷത്തായിരിക്കെ ഇപ്പോഴുള്ള ഇത്തരം വിവാദങ്ങളിൽ വ്യക്തവും കൃത്യവുമായ ഭരണകൂട - നിയമ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

**കത്തോലിക്കാ സഭയുടെ നിലപാടുകൾ**

മനുഷ്യ ജീവിതത്തിലും സാമൂഹിക വികസനത്തിലും വിദ്യാഭ്യാസം എന്തു മാത്രം സ്വാധീനം ചൊലുത്തുന്നു എന്ന് വ്യക്തമായി ഗ്രഹിച്ചുകൊണ്ടാണ് ആഗോളതലത്തിൽ കത്തോലിക്കാ സഭ വിദ്യാഭ്യാസപരമായ നയങ്ങൾ രൂപീകരിച്ചിരിക്കുന്നത് (GRAVISSIMUM EDUCATIONIS ആമുഖം). ഭാരതത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം എന്ന മൂല്യത്തെ മുറുകെ പിടിച്ചുകൊണ്ട് നീതിനിഷ്ഠവും നിയമാനുസൃതവുമായാണ് നൂറുകണക്കിന് കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നത്. ഒരു മതങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളെയോ

> **യൂണിഫോം വിവാദം തുടർക്കഥയാകുമ്പോൾ അതിന് പിന്നിലെ കാപട്യത്തിന്റെ രാഷ്ട്രതന്ത്രം മറനീക്കി പുറത്തുവരികയാണ്. കൂടുതൽ ആഴമുള്ള ലക്ഷ്യങ്ങളുമായി ആരോ തയ്യാറാക്കിയിരിക്കുന്ന പദ്ധതികളുടെ ഭാഗമാണ് ഈ വിവാദങ്ങൾ എന്ന് കരുതുന്നതിൽ തെറ്റില്ല.**

വിശ്വാസത്തെയോ, മറ്റു മതവിശ്വാസികളെത്തന്നെയോ വിലകുറച്ചു കാണുന്ന ഇടുങ്ങിയ മനഃസ്ഥിതിയല്ല സഭയും സഭാനേതൃത്വവും പുലർത്തി വന്നിട്ടുള്ളത്. യൂണിഫോം പോലുള്ള വിഷയങ്ങളിൽ സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാനുള്ള പൂർണ്ണമായ അധികാരവും അവകാശവും ഉണ്ടെങ്കിലും തികഞ്ഞ അനുഭാവത്തോടെ തന്നെയാണ് സഭാസ്ഥാപനങ്ങൾ എക്കാലവും നിലപാടുകൾ സ്വീകരിച്ചിട്ടുള്ളത്. തുടർന്നും അങ്ങനെ തന്നെയായിരിക്കും. രാജ്യത്തിന്റെ സമഗ്രപുരോഗതിക്കും മതേതരത്വത്തിനും വേണ്ടി നിലകൊള്ളുകയാണ് സഭയുടെ ലക്ഷ്യം. വിഭാഗീയതയും വർഗ്ഗീയതയും വളർത്തുന്ന വ്യക്തികളോടും സമൂഹങ്ങളോടും അവരുടെ നിലപാടുകളോടും സമരസപ്പെടാൻ സഭ ഇന്നോളം തയ്യാറായിട്ടില്ലാത്തതുപോലെ തുടർന്നും അപ്രകാരം തന്നെയായിരിക്കും. അത്തരക്കാരുടെ നീക്കങ്ങളെ എല്ലായ്പ്പോഴും ജാഗ്രതയോടെ വീക്ഷിക്കുകയും ഉറച്ച നിലപാടുകളോടെ മുന്നോട്ടുപോവുകയും ചെയ്യും.

യൂണിഫോം വിവാദം തുടർക്കഥയാകുമ്പോൾ അതിന് പിന്നിലെ കാപട്യത്തിന്റെ രാഷ്ട്രതന്ത്രം മറനീക്കി പുറത്തുവരികയാണ്. കൂടുതൽ ആഴമുള്ള ലക്ഷ്യങ്ങളുമായി ആരോ തയ്യാറാക്കിയിരിക്കുന്ന പദ്ധതികളുടെ ഭാഗമാണ് ഈ വിവാദങ്ങൾ എന്ന് കരുതുന്നതിൽ തെറ്റില്ല. വർഗ്ഗീയ ധ്രുവീകരണം കൂടുതൽ ശക്തിപ്രാപിക്കുന്നതിനെയും ആനുപാതികമായി മറ്റു സാമൂഹിക വെല്ലുവിളികൾ വർദ്ധിക്കുന്നതിനെയും അതീവ ഗൗരവമായിക്കണ്ട് നടപടികൾ സ്വീകരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാറുകൾ തയ്യാറാകണം.

www.malankaralibrary.com

# സന്യാസം സാംസ്കാരിക നായകരുടെ കണ്ണുകളിലൂടെ

***ക്രിസ്തീയ സന്യാസത്തെക്കുറിച്ച്, സാംസ്കാരിക ലോകത്ത് ഏറ്റവുമധികം ആദരിക്കപ്പെടുന്ന പ്രഫ. എം.കെ സാനു, ഡോ. സി. രാധാകൃഷ്ണൻ, പെരുമ്പടവം ശ്രീധരൻ, പ്രഫ. തോമസ് മാത്യു എന്നിവർ ബോധ്യങ്ങൾ പങ്കുവയ്ക്കുന്നു.***

**എ**ന്താണ് സന്യാസം, എന്താണ് അതിന്റെ കാലിക പ്രസക്തി എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് തങ്ങളുടെ ജീവിതവും കാഴ്ചകളുമായി ബന്ധപ്പെട്ട ഉത്തരങ്ങളാണ് സാംസ്കാരിക നായകർക്ക് പങ്കുവയ്ക്കാനുള്ളത്. അവരുടെ ഉത്തരങ്ങൾ ഹൃദയംകൊണ്ടു ശ്രവിക്കേണ്ടവയാണ്. സമാനതകളില്ലാത്ത വിസ്മയ കൂട്ടായ്മകളാണ് സന്യാസമെന്ന് സാംസ്കാരിക കേരളത്തിന്റെ പ്രതിനിധികളായി നിന്നുകൊണ്ട് അവർ പ്രഖ്യാപിക്കുന്നു.

### നന്മരങ്ങളുടെ നേർക്കാഴ്ചകൾ

വ്യക്തിഗതമായ അനുഭവങ്ങളുടെ പിൻബലത്തിലാണ് പെരുമ്പടവം ശ്രീധരൻ സന്യാസത്തെക്കുറിച്ചും സന്യാസിനിമാരെക്കുറിച്ചും സംസാരിച്ചുതുടങ്ങിയത്. “വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ശിഷ്യനായി ജീവിച്ച ഒരു നല്ല കാലം എനിക്കുണ്ടായിരുന്നു. ഇത്രയും സ്നേഹവും വാത്സല്യവും! ഏറ്റവും പാവപ്പെട്ടവരോട് ഏറ്റവും സ്നേഹം. കരുതൽ എന്ന വാക്കിന്റെ അർഥം എനിക്ക് അപ്പോഴാണ് മനസിലായത്. എനിക്കവരോട് ബഹുമാനത്തോടും ആദരവോടും കൂടിയേ സംസാരിക്കാൻ സാധിക്കുകയുള്ളൂ.”

കൊടുത്തും പങ്കുവച്ചും കൊടുക്കാൻ വേണ്ടി സ്വീകരിച്ചും പോരുന്ന ബദൽ ജീവിതത്തിന്റെ നന്മയും അനന്യതയും വിവാദങ്ങളുടെ കൊട്ടിലും കുരവയിലും തമസ്കരിക്കപ്പെടുവാൻ പാടുള്ളതല്ല എന്ന് പ്രഫ. എം.കെ സാനു ഓർമിപ്പിക്കുന്നു. അദ്ദേഹം പങ്കുവയ്ക്കുന്നതും കൺമുന്നിൽ തൊട്ടറിഞ്ഞ ചില നന്മമരങ്ങളുടെ നേർക്കാഴ്ചകളിൽനിന്നാണ്.



“ഇപ്പോഴത്തെ വിവാദങ്ങളിൽ തമസ്കരിക്കപ്പെടുന്ന ഒരു വശമാണ് സന്യാസത്തിന്റെ നന്മകൾ. എച്ച്.ഐ.വി ബാധിച്ച കുട്ടികൾ. അവർക്കൊരു സംഘടനയുണ്ട്. അതിലെ ഒരു കന്യാസ്ത്രീ അവിടെ ഒരു കുട്ടി തനിച്ചായി എന്നറിഞ്ഞു. ചെന്നപ്പോൾ ആ കുട്ടിയുടെ പിതാവും മാതാവും സഹോദരനും ആത്മഹത്യ ചെയ്തിരുന്നു. ഇവൻമാത്രം അവിടെ ഇരിക്കുകയാണ്. അവനെ എടുത്തുകൊണ്ടു പോകുകയാണ് സിസ്റ്റർ ചെയ്തത്. എനിക്കിതുപോലെ അനേകം സിസ്റ്റേഴ്സിനെ അറിയാം. അവരെല്ലാവരും ത്യാഗമനുഷ്ഠിക്കുന്നവരും ഒരുപാട് സ്നേഹമുള്ളവരുമാണ്. എനിക്കുതന്നെയും ബുദ്ധിമുട്ട് വന്നപ്പോൾ രണ്ട് കന്യാസ്ത്രീമാരാണ് എന്റെ കൂടെ വന്നത്. ഞാൻ രാത്രിയിൽ കിടന്ന് കരഞ്ഞപ്പോൾ, മാഷെ ശുശ്രൂഷിക്കാൻ ദൈവം എന്നെ അയച്ചതാണ്. എനിക്കെന്റെ പിതാവിനെ ശുശ്രൂഷിക്കുന്നതുപോലെയാണ് തോന്നുന്നതെന്നായിരുന്നു അവർ പറഞ്ഞത്.”

സന്യാസിനിമാരുടെ ശുശ്രൂഷകളിൽ തിരിച്ചറിയേണ്ടത് സന്യാസം എന്ന ജീവിതചര്യ, ഭൗതിക കാഴ്ചപ്പാടുകൾക്ക് എത്രമാത്രം വിപരീതമാണ് എന്നുള്ളതാണെന്ന് പ്രഫ. തോമസ് മാത്യു നിരീക്ഷിക്കുന്നു. സന്യാസം എന്നുള്ളത് ഒരു പ്രതിബോധമാണെന്ന് അദ്ദേഹം പറയുന്നു. “നമ്മുടെ ആതുര ശുശ്രൂഷാസ്ഥാപനങ്ങളെല്ലാം നിലനിൽക്കുന്നത് സന്യാസിനിമാരുടെ ശുശ്രൂഷ കൊണ്ടാണ്. ആ അളവിൽ അവർക്കു സ്നേഹിക്കാൻ കഴിയുന്നു. യാതൊരു പ്രതിഫലവും അവർ ആഗ്രഹിക്കുന്നില്ല. മോക്ഷംപോലും അവരുടെ ലക്ഷ്യമല്ല. സന്യാസജീവിതം യഥാർത്ഥത്തിൽ ഒരു പ്രതിബോധം ആണ്. അവരാണ് മനുഷ്യ ജീവിതത്തിലെ മൂല്യങ്ങളുടെ വക്താക്കൾ. സമീപകാലത്ത് സന്യസ്തരെക്കുറിച്ചു ചർച്ചകളുണ്ടാകുകയും വിപരീത അർത്ഥങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. ചില ആളുകൾ സന്യാസവൃത്തിയെത്തന്നെ ഭൗതിക ആവശ്യങ്ങൾക്കുവേണ്ടി മറയായി ഉപയോഗിക്കുമ്പോഴും യഥാർത്ഥ സന്യാസിമാർ ഇല്ലാതാകുന്നില്ല. സന്യസ്ത

www.malankaralibrary.com

ജീവിതം എന്നാൽ എത്രമാത്രം തങ്ങളെ ലോകത്തിന് നൽകാൻ കഴിയും എന്ന് ചിന്തിക്കുന്നതാണ്."

സ്വയം നിയന്ത്രണം എന്ന സന്യാസതത്വം ലോകത്തിന്റെ നിലനില്പിനുതന്നെ അനിവാര്യമാണെന്ന് ഡോ. സി. രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നു. "സന്യാസം എന്നൊരാശയമില്ലാതെ ഒരു മനുഷ്യനും ഈ ഭൂമിയിൽ സമാധാനമായി ജീവിക്കാനാവില്ല. സന്യാസം എന്ന വാക്കിന് സ്വയം നിയന്ത്രണം എന്നാണർത്ഥം. സ്വയം നിയന്ത്രിക്കാൻ കഴിയാത്ത ഒരാൾ ആരാലും നിയന്ത്രിക്കപ്പെടാൻ കഴിയാത്ത ആളായിത്തീരും. അയാൾക്ക് ആരെയും നിയന്ത്രി ക്കാനും കഴിയില്ല."

ഡോ. സി. രാധാകൃഷ്ണന്റെ വാക്കുകളിൽ, "നമ്മളിപ്പോൾ പ്രത്യേകിച്ചും ക്രിസ്തീയസഭകളിലെ സന്യാസത്തിനെതിരായിട്ടുള്ള ചില പ്രസ്താവനകളാണ് കാണുന്നത്. ഏതെങ്കിലും കുറച്ചാളുകൾ സന്യാസം എന്ന ആശയത്തെ ദുരുപയോഗം ചെയ്യുന്നു എങ്കിൽ അതിനെ സാമാന്യവൽക്കരിക്കുന്നത് ബുദ്ധിയാവില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഒരാൾ ചെയ്ത കാര്യത്തെ മുൻനിർത്തി ഇവരെല്ലാരും ഇങ്ങനെ ചെയ്തു എന്ന പേരിൽ മാധ്യമവിചാരണ ചെയ്യുന്നതും അപഹാസ്യങ്ങൾ ചൊരിയുന്നതും സമൂഹത്തിന് ആത്മഹത്യാപരമായ കാര്യമാണ്. സാമാന്യവൽക്കരണത്തിൽ നിന്നും വിട്ടുനിന്ന് ത്യാഗമതികളായ മനുഷ്യരുടെ സേവനത്തെ ബഹുമതിക്കുകയാണ് വേണ്ടത് എന്നെനിക്ക് തോന്നുന്നു."

അപവാദകേന്ദ്രീകൃതമായ മാധ്യമവിചാരണകളെ പ്രഫ. തോമസ് മാത്യു വിമർശിക്കുന്നു. "എത്രയോ ലക്ഷം നല്ല സന്യസ്തരുണ്ട്. പക്ഷേ മാധ്യമങ്ങളും പൊതുരംഗത്തെ ചർച്ചകളും ഒക്കെ കേന്ദ്രീകരിക്കുന്നത് ഈ അപവാദങ്ങളെക്കുറിച്ചാണ്. അതുകൊണ്ടു സന്യാസത്തിന് വിലയില്ലാതാകുന്നില്ല. ഈ ലോകം നേടാനുള്ളതല്ല, കൊടുക്കാനുള്ളതാണ് എന്ന വലിയ ഒരു ദർശനം അതിന്റെ പിന്നിലുണ്ട്. ബഹുഭൂരിപക്ഷവും സന്യാസത്തിന്റെ അർത്ഥമറിയുന്നവരും സന്യാസം തങ്ങളുടെ തെരഞ്ഞെടുപ്പാണെന്നു വിശ്വസിക്കുന്നവരും ആ തെരഞ്ഞെടുപ്പിന്റെ അങ്ങേയറ്റത്ത് എത്തുക എന്നത് ജീവിതത്തിന്റെ സാഫല്യമായി കരുതുന്നവരുമാണ്. തെറ്റിപ്പോകുന്നവരെ വച്ചുകൊണ്ട് ഒരു പ്രസ്ഥാനത്തെ മുഴുവൻ വിലയിരുത്തുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം."

**സന്യാസത്തിലെ സ്വാതന്ത്ര്യം**

ഏതൊരു സമൂഹങ്ങളിലും സംവിധാനങ്ങളിലും എന്നതുപോലെ സന്യാസത്തിലും സന്യാസ സമൂഹങ്ങളിലും ചില നിയമങ്ങളും



നിബന്ധനകളും ഉണ്ട്. ഭൗമിക സംവിധാനം എന്നതിനേക്കാൾ, സന്യാസ കൂട്ടായ്മകളിൽ ഇത്തരം ചില നിയന്ത്രണങ്ങൾ പ്രകടമാണ്. അതിന്റെ ആവശ്യകത എന്താണെന്നും, സ്വാതന്ത്ര്യം എന്ന പദത്തിന്റെ ഈ പശ്ചാത്തലത്തിലെ അർത്ഥം എന്താണെന്നും ഇവരുടെ വാക്കുകളിൽനിന്ന് വ്യക്തമാണ്. ഇക്കാലത്ത് സജീവമായ ചില ചർച്ചകൾ അതിൽത്തന്നെ എത്രമാത്രം അർത്ഥശൂന്യമാണ് എന്ന് ഈ വാക്കുകൾ വെളിപ്പെടുത്തുന്നു. സന്യാസത്തെ സിവിൽ മരണം എന്നാണ് സാനുമാഷ് വിശേഷിപ്പിക്കുന്നത്: "സന്യാസത്തെക്കുറിച്ചു ഞാൻ മനസിലാക്കുന്നത് ലൗകിക ജീവിതത്തിന്റെ അവസാനവും ആത്മീയ ജീവിതത്തിന്റെ ആരംഭവും എന്നാണ്. സന്യാസം ഒരു civil death ആണ്."

സ്വാതന്ത്ര്യത്തിന്റെ ആദർശതലമാണ് തോമസ് മാത്യു സന്യാസത്തിൽ കാണുന്നത്: "സന്യാസം സ്വാതന്ത്ര്യമില്ലാതാകലല്ല, സ്വാതന്ത്ര്യത്തിന്റെ മറ്റൊരു തലം അനുഭവിക്കലാണ്. സ്വാതന്ത്ര്യത്തിന് ഉപരിപ്ലവമായ ഒരു തലം ഉണ്ട്. അതുപോലെ ഗഹനമായ ഒരു തലവും ഉണ്ട്. ഈ ഗഹനമായ തലത്തിലേക്കുള്ള യാത്രയാണ് സന്യാസത്തിൽ സംഭവിക്കുന്നത്. സന്യാസം വ്യക്തി സ്വാതന്ത്ര്യത്തിന്റേതല്ല, ചില വ്യക്തിസുഖങ്ങളുടെ നിഷേധമായിരിക്കാം."

സന്യാസികളുടെ സ്വാതന്ത്ര്യത്തിന്റെ നിഷേധത്തിലാണ് ചില സമകാലീന സന്യാസവിമർശനങ്ങൾ എത്തിനിൽക്കുന്നതെന്ന് സി. രാധാകൃഷ്ണൻ: "പ്രായപൂർത്തിയ ഒരാൾ തന്റെ ഇഷ്ടമനുസരിച്ചു ബോധപൂർവം ഒരു പ്രത്യേക ജീവിത രീതി, സന്യാസ രീതി തെരഞ്ഞെടുക്കുമ്പോഴും ഇതെന്റേതല്ല എന്നും തീരുമാനിക്കുമ്പോൾ അതിനെ നിഷേധിക്കുന്നതോ അരുതേ എന്നോ പറയുന്നതാണ് സ്വാതന്ത്ര്യത്തിന്റെ നിഷേധം. എന്റെ ഇഷ്ടത്തിനനുസരിച്ചു ജീവിക്കുക എന്നാൽ എന്റെ ഇഷ്ടം

www.malankaralibrary.com

എന്താണ് എന്നതും പ്രധാനമായ കാര്യമാണ്. ഒരു ശങ്കരാചാര്യരോ സന്യാസിയോ ആയി ജീവിക്കാനാണ് എന്റെ തീരുമാനമെങ്കിൽ അത് എന്റെ സ്വാതന്ത്ര്യമാണ്. ഞാനത് എനിക്കും പ്രകൃതിക്കും ദൈവത്തിനും ഇടക്ക് ഉണ്ടാക്കി വക്കുന്ന ഒരു കരാറാണ്. അത് ചെയ്യാനുള്ള എന്റെ അവകാശം നിഷേധിക്കുന്നതായിരിക്കും സ്വാതന്ത്ര്യത്തിന്റെ നിഷേധം."

പെരുമ്പടവത്തിന് ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യമാണ് സന്യാസം: "അടിമയാവുക എന്നല്ല. ക്രിസ്തു ചെയ്തത് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയാണ്. ആ അവകാശം സഭയുടെ നിയമങ്ങൾക്ക് വിധേയമായി സന്യാസിമാർക്കും ഉണ്ട് എന്നാണ് എന്റെ വിശ്വാസം."

**ആന്തരിക നവീകരണം**

തിരുത്തലുകളും നവീകരണവും ഇവിടെ ആവശ്യമാണ് എന്ന കാര്യത്തിൽ ആർക്കും തന്നെ എതിരഭിപ്രായങ്ങളില്ല. സന്യാസത്തിൽ കാലികമായ പരിവർത്തനങ്ങൾ വരുത്തുന്നതോടൊപ്പം തന്നെ, അതിന്റെ അടിസ്ഥാന ധാരയോട് ചേർന്നുനിന്നാവണം എല്ലാ മാറ്റങ്ങളും എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തവും നേതൃത്വങ്ങൾക്കുണ്ട്. രണ്ടായിരം വർഷത്തെ ആത്മാവിന്റെ മുദ്രയുള്ള ചരിത്രം പേറുന്ന സഭയ്ക്ക് തിരുത്താനാവാത്ത തെറ്റുകളോ ഉൾക്കൊള്ളാനാവാത്ത വിമർശനങ്ങളോ ഇല്ല. തെറ്റുകളെ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന ശുശ്രൂഷകളാൽ സുരഭിലമാണ് സഭാചരിത്രം.

സന്യാസത്തെ ചുറ്റിപ്പറ്റിയുള്ള സമകാലീന വിവാദങ്ങളിലൂടെ സംഭവിക്കുന്ന ഭാവാത്മക മാറ്റങ്ങളെ ആരും തടഞ്ഞുനിർത്തേണ്ടതില്ല. സ്ത്രീകൾക്ക് സഭയിൽ കൂടുതൽ അംഗീകാരവും പങ്കാളിത്തവും ആകാം എന്ന ഫ്രാൻസിസ് പാപ്പയുടെ നിഗമനങ്ങളോട് കൂട്ടിവായിക്കാവുന്നവയാണ് സാംസ്കാരികനായകരുടെ നിരീക്ഷണങ്ങളും നിർദേശങ്ങളും.

സാനുമാഷിന്റെ അഭിപ്രായത്തിൽ: "സഭയിൽ വൈദികരിൽനിന്നും കന്യാസ്ത്രീകളിൽനിന്നും പ്രതീക്ഷിക്കുന്നത് സമൂഹവുമായി കൂടുതൽ ബന്ധപ്പെടണം എന്നുള്ളതാണ്. നമുക്ക് ഒരു പക്ഷം പിടിക്കേണ്ടിവരും. അത് ഇല്ലാത്തവരുടെ പക്ഷമാണ്. ദുരിതമനുഭവിക്കുന്നവരുടെ പക്ഷമാണ്. ആ പക്ഷംപിടിച്ചു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം വൈദികർക്കുണ്ടാവണമെന്നും ഈ ഭൂമിയിൽ ദേവതകളെപ്പോലെ പ്രവർത്തിക്കുകയും ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പരിത്യാഗത്താൽ സുരഭിലവും ത്യാഗംകൊണ്ട് ധന്യവുമായ ജീവിതമാണ് സന്യാസജീവിതത്തിൽനിന്നും ലോകം പ്രതീക്ഷിക്കുന്നത്."



പാവങ്ങളുടെ പക്ഷം ചേരുന്ന സഭയാണ് പെരുമ്പടവവും നിർദ്ദേശിക്കുന്നത്: "ആധ്യാത്മികത ഒരിക്കലും അടിമത്തത്തെ നിർദേശിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തെ അത് കൂടുതൽ ആവശ്യപ്പെടുന്നുണ്ട്. കൂടുതൽ അനുവദിച്ചുകൊടുക്കുക എന്നതാണ് യഥാർത്ഥത്തിലുള്ള ആത്മീയത എന്നാണ് എനിക്ക് തോന്നുന്നത്. രോഗികളുടെയും പാപികളുടെയും പരദേശികളുടെയും കാര്യത്തിൽ കാണിക്കുന്ന ഉൽക്കണ്ഠ! എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല ആത്മീയത ക്രിസ്തു കാണിച്ച ഈ ആത്മീയതയാണ്."

തുറവിയെക്കുറിച്ചാണ് പ്രഫ. തോമസ് മാത്യുവിന് പറയാനുള്ളത്. "സത്യസ്ഥിതി അറിയിക്കണം. തെറ്റുപറ്റിയാൽ തിരുത്തണം. സഭ അതിന്റെ ദർശനത്തിൽനിന്നും പിൻവാങ്ങില്ല എന്നറിയിക്കണം."

വിവാദങ്ങളുടെയും അപവാദങ്ങളുടെയും ഇരുളിന് കീഴടക്കാനാവാത്ത സർവ്വജനീന നന്മയാണ് സന്യാസം എന്ന് സാംസ്കാരിക നായകർ പറഞ്ഞുതരുന്നു. വ്യക്തിപരമായ സിദ്ധിയും നന്മയും വ്യവസ്ഥാപിത ഘടനകളിലൂടെ പൂവണിയപ്പെടുന്നു. നന്മയുടെ ഈ പുഷ്പിക്കലിൽ വ്യക്തിയും സമൂഹവും വിമലീകരിക്കപ്പെടുന്നു. പക്ഷംചേരലുകളിലൂടെ ഉദാത്തീകരിക്കപ്പെടേണ്ട മാനവികതയുടെ വിജയഗാഥയാവണം സന്യാസം. ആകാശവും ഭൂമിയും കടന്നുപോയശേഷം മാത്രം കടന്നുപോകാൻ പാടുള്ള നന്മയുടെ ഭാവഗീതം! സമകാലീന ക്രൈസ്തവ സന്യാസത്തിൽ സാംസ്കാരിക നായകർ കാണുന്ന കാഴ്ചകളും അവർ കാണിച്ചുതരുന്ന വഴികളുമാണ് ഈ ലേഖനത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

സന്യാസത്തെ എക്കാലവും ഹൃദയത്തോട് ചേർത്തുപിടിക്കാൻ പെരുമ്പടവം ആഹ്വാനം ചെയ്യുന്നു: "ആ ജീവിതത്തിന് ഒരിക്കലും വിഘാതമുണ്ടാക്കാൻ പാടില്ല. ആ വിശ്വാസത്തെ ഹനിക്കുന്ന ഒരു നടപടിയും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻപറ്റില്ല." എല്ലാവരും സന്യസിക്കാനുള്ള ഹൃദ്യമായ നിർദേശമാണ് സി. രാധാകൃഷ്ണനുള്ളത്: "നമുക്ക് മാനസികമായി വേണ്ടുവോളം സന്യസിക്കാം.

www.malankaralibrary.com

ഭൗതികമായിത്തന്നെ സന്യസിച്ചുകൊണ്ട് മാനസികമായി സന്യാസത്തിന് ആമുഖവും കോട്ടയും പരിരക്ഷയും ഒരുക്കുന്നവരെ ആദരിക്കുകയും ചെയ്യാം."

**സന്യാസത്തിൽ ചോദ്യംചെയ്യലുകളാകാമോ?**

ചോദ്യം ചെയ്യലുകൾക്കും വാഗ്വാദങ്ങൾക്കും മധ്യേ ശബ്ദകലുഷിതമായ പശ്ചാത്തലമാണ് ഇന്ന് മാധ്യമങ്ങൾ സന്യാസ സംബന്ധിയായ ചർച്ചകൾക്ക് കൽപ്പിച്ചു നൽകിയിരിക്കുന്നത്. അവയുടെ സാംഗത്യമെന്ത് എന്ന ചോദ്യം ഇവിടെ ഉയർന്നുനിൽക്കുന്നുണ്ട്. ക്രിസ്തുവും ചോദ്യങ്ങളും തിരുത്തലുകളുമായാണ് തന്റെ പരസ്യ ജീവിത കാലത്തുടനീളം പ്രത്യക്ഷപ്പെട്ടത്. ആ സമർപ്പണ ലക്ഷ്യബോധങ്ങളുടെ വിശുദ്ധി ഈ കോലാഹലങ്ങൾക്ക് ഉണ്ടോ എന്ന ആത്മപരിശോധന ആവശ്യമാണ്.

കൂട്ടായ്മ ഉപവിപ്രവർത്തനങ്ങളെ സഹായിക്കുമെന്ന് സാനുമാഷ് അഭിപ്രായപ്പെടുന്നു. "സന്യാസസഭകൾക്ക് അവയുടെ ഒരു ശിക്ഷണം ഉണ്ടായേ തീരൂ. ഇല്ലെങ്കിൽ സഭ നിലനിൽക്കുകയില്ല. ആ ശിക്ഷണത്തിന് അവർ വിധേയരാകണം എന്ന പക്ഷക്കാരനാണ് ഞാൻ. സഭയിലാണ് പ്രവർത്തിക്കുന്നതെങ്കിൽ സംഘടിതമായ പ്രവർത്തനമാണ് ആതുരശുശ്രൂഷക്ക് ആവശ്യമായത് എന്നതുകൊണ്ട് അവിടെ സഭയുടെ നിയമങ്ങൾ, തത്വങ്ങൾ പാലിക്കപ്പെടേണ്ടതാണ് എന്ന പക്ഷക്കാരനാണ് ഞാൻ." സാമൂഹിക വ്യവസ്ഥിതികൾക്ക് അനിവാര്യമായ അച്ചടക്കത്തെ സി. രാധാകൃഷ്ണനും ഊന്നിപ്പറയുന്നു: "പട്ടാളത്തിലായാലും പൗരോഹിത്യത്തിലായാലും ചിട്ടകൾ പാലിക്കപ്പെടേണ്ടത് അതിന്റെ നിലനില്പിനും ഉപയോഗത്തിനും അത്യാവശ്യമാണ്."



## പ്രസ്താവനകൾ

### സാധു ഇട്ടിയവിര - നിഷ്കളങ്കമായ പുഞ്ചിരികൊണ്ട് യേശു സ്നേഹത്തെ അടയാളപ്പെടുത്തിയവൻ: കെസിബിസി

കൊച്ചി: പാല കൊല്ലപ്പള്ളി പെരുമാട്ടിക്കുന്നേൽ മത്തായിയുടെയും അന്നമ്മയുടെയും മകനായി 1922 മാർച്ച് 18-ന് ജനിച്ച ഇട്ടിയവിര വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ഒരു നൂറ്റാണ്ടായി ക്രിസ്തുവിന്റെ സ്നേഹപ്രചാരകനായി നമ്മുടെയിടയിൽ നിശ്ശബ്ദമായി ജീവിക്കുന്നു. ജീവിതകാലംമുഴുവൻ ഒരു സഞ്ചാരിയായി വ്യാപരിച്ചതിനാൽ സാധു ഇട്ടിയവിര എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. സാധുവിന്റെ സഞ്ചാരങ്ങളാകട്ടെ സ്നേഹത്തിലൂടെ നടക്കുവാനാഗ്രഹിക്കുന്നവർക്ക് വഴികാട്ടിയാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന സന്ദേശം എഴുതിയ വസ്ത്രം ധരിച്ച് ഏകാന്തപഥികനായി യാത്ര ചെയ്ത് സുവിശേഷം ജീവിതം കൊണ്ട് പ്രഘോഷണം ചെയ്ത മഹാവ്യക്തിത്വമാണ് സാധു ഇട്ടിയവിരയുടേത്. തർക്കങ്ങളിൽ നിന്നും വാഗ്വാദങ്ങളിൽ നിന്നും ബോധപൂർവം മാറി നില്ക്കുകയും മനുഷ്യരെ മതങ്ങളുടെയും വിശ്വാസാചാരങ്ങളുടെയും വ്യത്യസ്തതകൾക്ക് അതീതമായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത വിശാല മനസ്കനായിരുന്നു അദ്ദേഹം. സദാപ്രസന്നവദനനും, നിഷ്കളങ്കമായ പുഞ്ചിരികൊണ്ട് യേശു സ്നേഹത്തെ അടയാളപ്പെടുത്തിയവനുമായിരുന്നു അദ്ദേഹം. ലോകത്തിലെ വിവിധ ഭാഷകളിലായി ധാരാളം പുസ്തകങ്ങളും ലേഖനങ്ങളും രചിക്കുകയും വിദേശസർവകലാശാലകളിലടക്കം ധാരാളം വേദികളിൽ പ്രഭാഷണം നടത്തുകയും ചെയ്തിട്ടുള്ള അദ്ദേഹത്തിന് 1981-ൽ മനുഷ്യസേവനത്തിനുള്ള ആൽബർട്ട് ഷ്വൈറ്റ്സർ അന്താരാഷ്ട്ര അവാർഡ് ലഭിച്ചിട്ടുണ്ട്. ഈ മഹാനുഭാവന്റെ നൂറാം ജന്മദിനത്തിൽ കേരള കത്തോലിക്കാസഭ ആദരവും അനുമോദനവും അർപ്പിക്കുന്നു. (17/3/2022)

www.malankaralibrary.com



# വൈശാഖ് പറയാത്തതും അമൽ നീരദ് പറഞ്ഞതും

ഡിപ്ലോമാറ്റിക് ചാനലിലൂടെയുള്ള സ്വർണ്ണക്കടത്ത് വിഷയമാക്കി വൈശാഖ് സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'നൈറ്റ് ഡ്രൈവ്'. രാഷ്ട്രീയവും മതവും വർഗീയതയും എല്ലാം പരാമർശിക്കപ്പെട്ട് മാസങ്ങളോളം ചർച്ചകളിൽ നിറഞ്ഞുനിന്ന, കേരളം കണ്ട ഏറ്റവും വലിയ വിവാദ വിഷയങ്ങളിലൊന്നാണ് സ്വർണ്ണക്കടത്ത് കേസ്. അത്തരമൊരു വിഷയത്തെ ആധാരമാക്കി ഒരു ചലച്ചിത്രം നിർമ്മിച്ചാൽ സ്വാഭാവികമായും രാഷ്ട്രീയവും മതവും പ്രത്യക്ഷമായും പരോക്ഷമായും കടന്നുവരാനിടയുണ്ട്. എന്നാൽ, 'നൈറ്റ് ഡ്രൈവ്' എന്ന സിനിമ വളരെ വ്യത്യസ്തമാണ്. മത രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ അതിസംവേദക ഘടകങ്ങളെ മാറ്റിനിർത്തി, എന്നാൽ, വിഷയത്തെ വ്യക്തമായി അവതരിപ്പിച്ചുകൊണ്ടുമാണ് സിനിമ നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

ഈ കാലഘട്ടത്തിലെ രാഷ്ട്രീയ അപചയങ്ങളെയും അഴിമതിയുടെ കാണാപ്പുറങ്ങളെയും 'നൈറ്റ് ഡ്രൈവ്' തെളിമയോടെ പ്രേക്ഷകനിലേയ്ക്ക് എത്തിക്കുന്നു. അതേസമയം, രാഷ്ട്രീയമായും മതപരമായും അതിവൈകാരികത ഉണർത്താനിടയുള്ള ഘടകങ്ങളെ ഒഴിവാക്കിയിരിക്കുന്നതിനാൽ ഒരു വിഭാഗത്തെയും പ്രകോപിപ്പിക്കുകയുമില്ല. സിനിമയിൽ ഗൗരവമുള്ള വിഷയം അവതരിപ്പിക്കുമ്പോഴും, പ്രത്യേക ലക്ഷ്യങ്ങളോടെയോ കേവലം എന്റർടെയ്നർ എന്ന നിലയിലോ ഒരു ചലച്ചിത്രം നിർമ്മിക്കുമ്പോഴും സംവിധായകനും രചയിതാക്കളും പുലർത്തേണ്ട അവധാനതയ്ക്ക് അഭിനന്ദനാർഹമായ ഒരു മാതൃകയാണ് വൈശാഖ് നൽകിയിരിക്കുന്നത്.




### സിനിമയെ സിനിമയായി കണ്ടാൽ പോരേ?

ചലച്ചിത്രത്തിലൂടെ ഒളിച്ചുകടത്തുന്ന വർഗ്ഗീയതയെക്കുറിച്ച് ആശങ്കപ്പെടുന്നവരോട് മതേതരവാദികളായ (അഥവാ അപ്രകാരം നടിക്കുന്ന) ചിലർ പതിവായി ചോദിച്ചുകാണാറുള്ള ചോദ്യമാണിത്. സിനിമ വെറുമൊരു എന്റർടെയ്നറാണ് നേരംപോക്കിനപ്പുറം അതിന് മറ്റൊരു മൂല്യവുമില്ല എന്ന നിലപാടാണ് ഇത്തരക്കാർ വച്ചുപുലർത്തുന്നത്. അത് വെറും പൊള്ളയായ ഒരു വാദം മാത്രമാണ് എന്ന് അൽപ്പം ചിന്താശേഷിയുള്ള ആർക്കും മനസിലാക്കാനാവും. കഴിഞ്ഞ മാസം പ്രദർശനത്തിനെത്തിയ കാശ്മീർ ഫയൽസ് എന്ന ഹിന്ദിചിത്രത്തിന്റെ പൊളിറ്റിക്കൽ ഇമ്പാക്ട് നിരീക്ഷിച്ചാൽ മാത്രം ഒരു ചലച്ചിത്രത്തിന് എത്രമാത്രം ഇടപെടാൻ കഴിയുമെന്ന് തിരിച്ചറിയാം. അതേ ചലച്ചിത്രത്തിന് കാഴ്ചക്കാരെ കുറയ്ക്കാനായി ചിലയിടങ്ങളിൽ ചില തന്ത്രങ്ങൾ മെനയുകയും പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നതായി റിപ്പോർട്ടുകളുണ്ട്. കാശ്മീർ ഫയൽസ് എന്ന ചലച്ചിത്രം ഏറ്റവും കൂടുതൽ ആൾക്കാരെ കാണിക്കാനായി ചിലർ അധ്വാനിക്കുന്നതോടൊപ്പം പരമാവധിപേർ അത് കാണാതിരിക്കാനായി മറ്റൊരു കൂട്ടർ ശ്രമിക്കുന്നുണ്ടെങ്കിൽ ഒരു സിനിമയ്ക്ക്, അത് പകരുന്ന ആശയത്തിന് സമൂഹത്തോട് പലതും സംവദിക്കാനാകും എന്ന് ഇരുകൂട്ടർക്കും ഉത്തമ ബോധ്യമുണ്ടെന്ന് നിശ്ചയം. അടുത്ത കാലത്ത് പുറത്തിറങ്ങിയ ജയ് ഭീം എന്ന തമിഴ് ചിത്രവും വലിയ രാഷ്ട്രീയ ഇടപെടലുകൾ നടത്തി ലോകശ്രദ്ധ പിടിച്ചുപറ്റിയ ചിത്രമാണ്.


രാഷ്ട്രീയ, സാമൂഹിക, വർഗ്ഗീയ വിഷയങ്ങളിൽ മാത്രമല്ല, വ്യക്തിപരമായും സിനിമകളുടെ സ്വാധീനം വലുതാണ് എന്ന് ഭരണകൂടങ്ങൾക്കും നിയമസംവിധാനങ്ങൾക്കും നിശ്ചയമുള്ളതിനാലാണ് സിനിമയിൽ വിവിധ തരം മുന്നറിയിപ്പുകളും, ചിത്രീകരണവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും നിലവിലുള്ളത്. ആത്മഹത്യകൾക്കും കൊലപാതകങ്ങൾക്കും കലാപങ്ങൾക്കും വരെ സിനിമകൾ കാരണമായിട്ടുണ്ട് എന്ന് നിശ്ചയമുള്ള ഒരു കൂട്ടർ തന്നെയാണ് ചില അവസരങ്ങളിൽ സിനിമയെ സിനിമയായി കണ്ടാൽ പോരേ എന്ന ചോദ്യം ഉയർത്തി ചില ആശങ്കകളെ മാത്രം നിസ്സാരവൽക്കരിച്ചു കാണാറുള്ളത്.

www.malankaralibrary.com

**തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നത് തെറ്റാണോ?**

ഇക്കാലത്തെ സിനിമകളിൽ നിരന്തരം കാണുന്ന ക്രൈസ്തവ വിരുദ്ധ പരാമർശങ്ങൾ, കഥാപാത്രങ്ങളിലൂടെയുള്ള ആശയ പ്രചാരണങ്ങൾ, അത്തരം ലക്ഷ്യങ്ങൾക്കായി പ്രത്യേകം സൃഷ്ടിക്കപ്പെടുന്ന അനാവശ്യ സീനുകൾ, വിലകുറഞ്ഞ തമാശകൾക്കായി ക്രൈസ്തവ ബിംബങ്ങളെ അവഹേളിക്കുന്ന പ്രവണത തുടങ്ങിയവയെ ചോദ്യം ചെയ്യുമ്പോൾ പതിവായി കേൾക്കാറുള്ള ചോദ്യമാണ് ഇത്. ആ ചോദ്യം ആത്മാർത്ഥമായി ഉയരുന്ന ഒന്നല്ല എന്ന് വ്യക്തം. അകാരണമായും ക്രൂരമായും പഴികേൾക്കുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്നത് ചിലർക്ക് വേദനയ്ക്ക് കാരണമാണെങ്കിൽ മറ്റു ചിലർക്ക് അത് ആനന്ദം നൽകുന്നുണ്ട് എന്ന് വ്യക്തം. ഘട്ടംഘട്ടമായി കലാരൂപങ്ങളിലൂടെയും സാഹിത്യത്തിലൂടെയും വിവിധ മാധ്യമങ്ങളിലൂടെയും ജനമനസുകളിലേയ്ക്ക് അടിച്ചേൽപ്പിച്ച വികലവും വാസ്തവവിരുദ്ധവുമായ കുറെയേറെ ധാരണകൾ, അവ സത്യമോ മിഥ്യയോ എന്ന് തിരിച്ചറിയാനാവാത്തവരാണ് ഏറെയും.

കലയും സാഹിത്യവും വിവിധ മനുഷ്യ സംസ്കാരങ്ങൾക്ക് അനുബന്ധങ്ങളായി രൂപംകൊണ്ടവയാണ്. ആശയവിനിമയം എന്ന അടിസ്ഥാന ലക്ഷ്യത്തിന് പിന്നിലാണ് കേവല ആസ്വാദനം എന്ന കലയുടെ ഉദ്ദേശ്യം നിലകൊള്ളുന്നത്. തന്ത്രപൂർവ്വം കലയുടെയും സാഹിത്യത്തിന്റെയും അനന്തസാധ്യതകളെ ഉപയോഗിക്കുന്നവർ എന്നുമുണ്ടായിട്ടുണ്ട്. സമൂഹ പുനർനിർമ്മിതിക്കായും തങ്ങളുടെ ഗൂഢ ലക്ഷ്യങ്ങൾക്കായും കലയെ ഉപയോഗിച്ചവരും അതിനെ ആയുധമാക്കിയവരുമുണ്ട്. അത്തരം ഇടപെടലുകളെ തുടർന്നുണ്ടായ വളർച്ചകളും തകർച്ചകളുമുണ്ട്. ഇന്നത്തെ കേരളത്തിൽ സാമൂഹിക ധ്രുവീകരണത്തിനായി സിനിമയെയും സാഹിത്യത്തെയും ചിലർ ആയുധമാക്കുന്നു എന്ന യാഥാർത്ഥ്യത്തെ കണ്ടില്ലെന്ന് നടിക്കാനാവില്ല. അത്തരം കാഴ്ചകളെ നിസ്സാരമായി തള്ളിക്കളയുകയല്ല, ഉത്തരവാദിത്തബോധത്തോടെ സമീപിച്ച് ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കാനാണ് പൊതുസമൂഹം ശ്രമിക്കേണ്ടത്.



## പ്രസ്താവനകൾ

### ഹൈദരലി ശിഹാബ് തങ്ങൾ മതേതരത്വത്തിന്റെ സ്നേഹ സാന്നിധ്യം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: മതേതര കേരളത്തിലെ സ്നേഹ സാന്നിധ്യമായിരുന്നു സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ എന്ന് കെസിബിസി പ്രസിഡണ്ട് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. മുൻഗാമികളുടെ പാതയിൽ തന്നെ കേരളത്തിലെ പൊതുസമൂഹവുമായി എന്നും ഹൃദ്യമായ ബന്ധം പുലർത്താൻ ഹൈദരലി ശിഹാബ് തങ്ങൾ ശ്രദ്ധിച്ചിരുന്നു. ഇന്ത്യൻ നാഷണൽ മുസ്ലീംലീഗിന്റെ സംസ്ഥാന നേതൃ സ്ഥാനവും കേരളത്തിലെ ഏറ്റവും കൂടുതൽ മഹല്ലുകളുടെ ഖാസി സ്ഥാനവും വഹിച്ചിരുന്നപ്പോഴും ജീവിത ലാളിത്യത്തിൽ അദ്ദേഹം കേരളിയർക്ക് മുഴുവനും മാതൃകയായിരുന്നു. കേരളത്തിലെ ക്രൈസ്തവ സമൂഹവുമായി എന്നും ഹൃദ്യമായ ബന്ധമാണ് ഹൈദരലി തങ്ങൾ പുലർത്തിയിരുന്നത്.

വ്യത്യസ്ത അഭിപ്രായങ്ങളെ ശാന്തമായി ശ്രവിച്ച് നിഷ്പക്ഷമായ തീർപ്പ് കൽപ്പിക്കുന്നതുവഴി ഹൈദരലി ശിഹാബ് തങ്ങൾ സകലർക്കും സ്വീകാര്യനായിരുന്നു. തീവ്രവാദ നിലപാടുകൾ ഉള്ള ചിലർ മത വിദ്വേഷം പരത്തുന്ന മനോഭാവങ്ങളോടെ രംഗപ്രവേശനം ചെയ്ത നാളുകളിലൊക്കെയും മതസാഹോദര്യത്തിന്റെ കാവലാളായി നിലകൊണ്ടു അദ്ദേഹം. സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ വേർപാടിൽ വേദനിക്കുന്ന സകലരോടും, വിശിഷ്യാ കുടുംബാംഗങ്ങളോടും കേരള കത്തോലിക്കാ മെത്രാൻ സമിതി ഹൃദയംഗമമായ അനുശോചനം അറിയിക്കുന്നതായി കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവനയിൽ അറിയിച്ചു. (6/3/2022)

www.malankaralibrary.com



## അരൂക്കുറ്റി സെന്റ് ജേക്കബ് ചാപ്പലിൽ നടന്നത് ഗുരുതരമായ അതിക്രമം: കെസിബിസി

കൊച്ചി: ക്രൈസ്തവർ ഏറ്റവും പരിപാവനമായി കാണുന്ന വിശുദ്ധ കുർബ്ബാനയെ നിന്ദ്യമായ രീതിയിൽ അവഹേളിക്കാനുള്ള ശ്രമമാണ് മാർച്ച് 28 രാത്രി കൊച്ചി രൂപതയുടെ അരൂക്കുറ്റി സെന്റ് ജേക്കബ് ചാപ്പലിൽ നടന്നത്. സക്രാരിയിൽ സൂക്ഷിച്ചിരുന്ന തിരുവോസ്തിയും അതുൾക്കൊള്ളുന്ന പാത്രങ്ങളും അക്രമികൾ മോഷ്ടിച്ച ശേഷം ചതുപ്പിൽ ഉപേക്ഷിക്കുകയാണ് ഉണ്ടായത്. മതവികാരം വ്രണപ്പെടുത്താനുള്ള ആസൂത്രിതമായ ശ്രമമായേ ഈ പ്രവൃത്തിയെ കാണാനാകൂ. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഇത്തരമൊരു പ്രവൃത്തിയെ അതീവ ഗുരുതരമായി കാണേണ്ടതുണ്ട്. ഇത്തരം പ്രവണതകൾ തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതും, കർശനമായ നടപടികൾ ഉണ്ടാകേണ്ടതുമാണ്. ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടുള്ള കേസന്വേഷണത്തിന് പോലീസ് തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ദൗർഭാഗ്യകരമായ പ്രവൃത്തി ക്രൈസ്തവ സമൂഹത്തിന് വളരെ വലിയ വേദന സൃഷ്ടിച്ചിരിക്കുന്നു. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കപ്പെട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. കേരളകത്തോലിക്കാ സഭയുടെ പ്രതിഷേധവും വേദനയും അറിയിക്കുന്നതോടൊപ്പം, ഇത്തരം വിഷയങ്ങളിൽ ഗൗരവപൂർണ്ണമായ ഇടപെടലുകൾ സർക്കാർ സംവിധാനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. (31/3/2022)

---

## മദ്യ വ്യാപന നയങ്ങൾ ജനദ്രോഹപരം: യൂഹാനോൻ മാർ തിയഡോഷ്യസ്

കൊച്ചി: സർക്കാരിന്റെ ജനദ്രോഹപരമായ മദ്യനയങ്ങൾ തിരുത്തണമെന്നും മദ്യ വ്യാപന നയങ്ങളിൽ നിന്നും സർക്കാർ പിൻവാങ്ങണമെന്നും കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ യൂഹാനോൻ മാർ തിയഡോഷ്യസ്. പാലാരിവട്ടം പിഒസിയിൽ ഡയറക്ടർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ മദ്യശാലകൾക്കുള്ള അനുമതിയും തൊഴിലിടങ്ങളെ മദ്യവത്ക്കരിക്കാൻ പബുകൾ തുറക്കുന്ന അപകടകരമായ രീതിയും അധാർമ്മികവും, നിയമവിരുദ്ധവും ആണ്. മയക്കുമരുന്നിന്റെ കുത്തൊഴുക്ക് തടയാൻ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കളുടെ ഉറവിടത്തെകുറിച്ചും, പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കൾ എന്തുചെയ്യുന്നു എന്നതിനെക്കുറിച്ചും ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ തയ്യാറാകണം. മദ്യപ്പുഴ ഒഴുക്കി നവകേരളം സൃഷ്ടിക്കാനുള്ള അഭിനവ നാവോത്ഥാന നായകന്മാരുടെ നീക്കങ്ങൾ അപഹാസ്യവും അപലപനീയവുമാണ്. മദ്യവർജ്ജന നയം പ്രസംഗങ്ങളിലും, പരസ്യങ്ങളിലും മാത്രമായിരിക്കുന്നു. പുതിയ തലമുറയെ മദ്യാസക്തരാക്കാൻ വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാനുള്ള നീക്കങ്ങൾ മദ്യലോപികൾക്കുള്ള സർക്കാരിന്റെ സമ്മാനമാണ്. വീര്യംകുറഞ്ഞ ലഹരികൾ ക്രമേണ കുടുംബങ്ങളെ ഇല്ലായ്മ ചെയ്യുമെന്നും ഇത് മാനവനാശത്തിന്റെ സൂചനയാണെന്നും സമിതി വിലയിരുത്തി. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഫാദർ ജോൺ അരീക്കൽ അധ്യക്ഷനായിരുന്നു. പ്രോഗ്രാം സെക്രട്ടറി ശ്രീ. സി. എക്സ്. ബോണി സ്വാഗതം പറഞ്ഞു. മേഖലാ ഡയറക്ടർമാരായ ഫാദർ ടി.ജെ ആൻറണി, ഫാദർ ദേവസി പന്തല്ലൂക്കാരൻ, ഫ. ആൻറണി അറക്കൽ, ഫാദർ ജോൺ വടക്കേക്കളം, ഫാദർ ചാക്കോ കുടിപ്പറമ്പിൽ, ഫാദർ ജേക്കബ് കപ്പലുമാക്കൽ,എന്നിവരും, സംസ്ഥാന സമിതി അംഗങ്ങളായ ശ്രീ. തോമസ് മണക്കുന്നേൽ, ശ്രീമതി ജെസ്സി ഷാജി, അന്തോണികുട്ടി എന്നിവരും പ്രസംഗിച്ചു. (23/2/22)

www.malankaralibrary.com



# കേരളത്തിന്റെ മദ്യനയം അധാർമ്മികം

മദ്യം പലവിധ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിയൊരുക്കുന്ന പതിവുകാഴ്ചകൾക്കിടയിൽ കേരളസർക്കാർ പുതിയ മദ്യനയം പ്രഖ്യാപിച്ചിരിക്കുകയാണ്. മദ്യത്തെയും അനുബന്ധ സംവിധാനങ്ങളെയും പരിധിവിട്ട് ഉദാരവൽക്കരിച്ചിരിക്കുന്ന പുതിയ മദ്യനയം ഈ സർക്കാരിന്റെ മുൻ നയപ്രഖ്യാപനങ്ങൾക്കും പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾക്കും വിരുദ്ധമാണ്. കെ-റെയിൽ പദ്ധതിയുമായി മുന്നോട്ടുപോകുന്ന സർക്കാർ ഉന്നയിക്കുന്ന പ്രധാന വാദങ്ങളിലൊന്ന് അത് തങ്ങളുടെ പ്രകടനപത്രികയിലെ വാഗ്ദാനമാണ് എന്നുള്ളതാണ്. അതേസമയം, മദ്യലഭ്യത കുറച്ചുകൊണ്ടുവരുമെന്ന മറ്റൊരു വാഗ്ദാനത്തെ നഗ്നമായി ലംഘിക്കുകയാണ് ഈ പുതിയ മദ്യനയത്തിലൂടെ. ധനസമ്പാദനം മാത്രം ലക്ഷ്യംവച്ച് സ്വീകരിക്കപ്പെടുന്ന ഇത്തരം നിലപാടുകളും നയങ്ങളും സംസ്ഥാനത്തെ കൂടുതൽ തകർച്ചയിലേക്ക് നയിക്കും എന്നുള്ളതിന് സംശയമില്ല. വ്യക്തമായ ഉത്തരം ലഭിക്കേണ്ട നിരവധി ചോദ്യങ്ങൾ ഈ നയപ്രഖ്യാപനത്തിനും സർക്കാരിന്റെ നിലപാടുകൾക്കും പിന്നിലുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ നാൽപ്പത്തേഴാം ആർട്ടിക്കിൾ അനുസരിച്ച്, മദ്യം ഉൾപ്പെടെയുള്ള ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണപാനീയങ്ങൾ നിയന്ത്രിക്കുവാനും, അവയുടെ ഉപഭോഗം കുറച്ചുകൊണ്ടുവരുവാനുമുള്ള ഉത്തരവാദിത്തം സംസ്ഥാനസർക്കാരുകളിൽ നിക്ഷിപ്തമാണ്.

ഇന്ത്യൻ ഭരണഘടനയുടെ നാൽപ്പത്തേഴാം ആർട്ടിക്കിൾ അനുസരിച്ച്, മദ്യം ഉൾപ്പെടെയുള്ള ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണപാനീയങ്ങൾ നിയന്ത്രിക്കുവാനും, അവയുടെ ഉപഭോഗം കുറച്ചുകൊണ്ടുവരുവാനുമുള്ള ഉത്തരവാദിത്തം സംസ്ഥാനസർക്കാരുകളിൽ നിക്ഷിപ്തമാണ്. എന്നാൽ, കണക്കുകൾ പ്രകാരം നികുതിയിൽനിന്ന് കേരളത്തിന് നേരിട്ട് ലഭിക്കുന്ന വരുമാനത്തിൽ മുപ്പത് ശതമാനമോ അതിലേറെയോ മദ്യത്തിൽനിന്നാണ്. ആ വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ മാറിവരുന്ന സർക്കാരുകൾ മദ്യനയത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിവരുന്നു. കഴിഞ്ഞ ദിവസം എൽ.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിലും ഇത്തരമൊരു നീക്കം പ്രകടമാണ്.

മദ്യ ഉപഭോഗത്തിന്റെ സാമൂഹികമായ പ്രത്യാഘാതങ്ങളും, രാഷ്ട്രീയ മാനങ്ങളും ചേർത്തുവച്ച് വായിക്കുമ്പോൾ, നാം തുറന്നുചിന്തിക്കേണ്ട ചില വിഷയങ്ങൾ അതിലുണ്ടെന്ന് കാണാം. ഒരു വലിയ സമൂഹത്തെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന പരോക്ഷമായ കരങ്ങൾ തിരിച്ചറിയേണ്ടതും പ്രതിരോധിക്കേണ്ടതും നമ്മുടെ നിലനിൽപ്പിൻറെ തന്നെ ആവശ്യമായി മാറുന്നു.

**വരുമാനത്തിനായി മദ്യത്തെ ആശ്രയിക്കേണ്ടിവരുന്നത് എന്തുകൊണ്ട്?**

കണക്കുകൾ പ്രകാരം കോവിഡിന് മുമ്പത്തെ സാമ്പത്തികവർഷത്തിൽ കേരളത്തിന് മദ്യത്തിൽനിന്ന് ലഭിച്ച നികുതിവരുമാനം 14505 കോടി രൂപയാണ്. ആ വരുമാനം കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ വളരെ നിർണ്ണായകമായിരുന്നു. തുടർന്നുള്ള രണ്ട് സാമ്പത്തികവർഷങ്ങളിൽ കോവിഡ് രോഗബാധ മദ്യക്കച്ചവടത്തെയും ദോഷകരമായി ബാധിച്ചതിനാൽ ഈ വർഷങ്ങളിലെ കണക്കുകൾ വിശകലനം ചെയ്യുന്നതിൽ അർത്ഥമില്ല. എന്നാൽ, പുതിയൊരു സാമ്പത്തിക വർഷത്തിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായി പുതിയ മദ്യനയം പ്രഖ്യാപിച്ചിരിക്കുന്നതിൽനിന്ന് വ്യക്തമാകുന്നത് മദ്യത്തിൽനിന്നുള്ള വരുമാനം ഇനിയും വർദ്ധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത് എന്നുള്ളതാണ്.

മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കും എന്ന് ജനങ്ങൾക്ക് ഉറച്ച വാഗ്ദാനം നൽകിയ പാർട്ടി അധികാരത്തിൽ വന്നപ്പോൾ മദ്യവരുമാനം കൂടാതെ മുന്നോട്ട് പോകാൻ കഴിയില്ല എന്ന നിലപാട് കൂടുതൽ ഉറപ്പിക്കുന്നതിലെ വൈരുദ്ധ്യം വളരെ വലുതാണ്. സ്വാഭാവികമായ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ഉപയോഗിക്കുന്നതിനപ്പുറം, വിൽപ്പനയും വരുമാനവും വർദ്ധിപ്പിക്കാൻ കുതന്ത്രങ്ങൾ ഉപയോഗിക്കുകയും ടാക്സിന്റെ പേരിൽ കൊള്ളലാഭം കൊയ്യുകയും ചെയ്യുന്ന പ്രവണത തികച്ചും അധാർമ്മികമാണെന്ന് പറയാതെ വയ്യ! ലോകത്ത് മറ്റൊരു സർക്കാരും ഇത്തരത്തിൽ മദ്യ

www.malankaralibrary.com

വിൽപ്പനയെ നിലനില്പിനുള്ള മാർഗ്ഗമായി കാണുന്നുണ്ടാവില്ല എന്ന് തീർച്ച.

കേരളത്തിന്റെ പാരിസ്ഥിതികവും സാമൂഹികവുമായ സാദ്ധ്യതകൾ മറ്റ് പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണ്. കാർഷിക മേഖലയിലും, വിനോദസഞ്ചാര രംഗത്തും, ഐടി, വ്യവസായം തുടങ്ങിയ മറ്റ് ഒട്ടേറെ മേഖലകളിലുമുള്ള കേരളത്തിന്റെ സാധ്യതകളെ ഒരുകാലത്തും വേണ്ടവിധത്തിൽ ഉപയോഗിക്കാനുള്ള ശ്രമം ഉണ്ടായിട്ടുള്ളതായി കാണാനാവില്ല. എണ്ണമറ്റ പ്രഖ്യാപനങ്ങളും പദ്ധതികളും കടലാസ്സിൽ മാത്രം ഒതുങ്ങിയിട്ടുള്ളതായി കാണാം. ഘട്ടം ഘട്ടമായി കേരളത്തിലെ കർഷകർ കൃഷിയിൽ ആത്മവിശ്വാസമില്ലാത്തവരായി മാറിയപ്പോഴും, ലോക വിനോദ സഞ്ചാര ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം ഇടുങ്ങിക്കൊണ്ടിരുന്നപ്പോഴും ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ സർക്കാർ തയ്യാറായിട്ടില്ല. വെറുമൊരു ഉപഭോഗ സംസ്ഥാനം മാത്രമായി മാറിക്കഴിഞ്ഞിരിക്കുന്ന കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ശമ്പളം, പെൻഷൻ തുടങ്ങിയ അടിസ്ഥാന ചെലവുകൾക്കായി മാത്രം ഒരു വർഷം വേണ്ടത് എഴുപത്തയ്യായിരം കോടിയോളം രൂപയാണ്.

വാസ്തവത്തിൽ പ്രാഥമിക ചെലവുകൾക്കുള്ള ധനം കണ്ടെത്താൻ പോലും ബുദ്ധിമുട്ടുന്ന ദയനീയമായ ഒരു സാമ്പത്തിക അവസ്ഥയാണ് ഇന്നത്തെ കേരളത്തിന്റേത്. മദ്യത്തിൽ നിന്നും ലോട്ടറിയിൽനിന്നും പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നുമുള്ള നികുതിവരുമാനത്തെ അമിതമായി ആശ്രയിക്കേണ്ടതായി വരുന്നത് അതുകൊണ്ടാണ്. ഇത്തരത്തിൽ അപമാനകരമായ രീതിയിൽ എങ്ങനെയും പണം കണ്ടെത്തേണ്ടതായി വന്നിരിക്കുന്ന ഇന്നത്തെ പശ്ചാത്തലത്തിലാണ് ഒന്നരലക്ഷം കോടി രൂപ ബാധ്യത വന്നേക്കാവുന്ന കെ-റെയിൽ പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോകുന്നത് എന്നുള്ളതാണ് പ്രധാന വിരോധാഭാസം.



**കൂടുതൽ വരുമാനത്തിന് കുറുക്കുവഴികൾ**

നനഞ്ഞിടം കുഴിയ്ക്കുക എന്ന വികലമായ തത്വത്തിനപ്പുറം മറ്റൊന്നുമല്ല കേരളസർക്കാരിന്റെ മദ്യനയത്തിന്റെ അടിത്തറ. കണക്കുകൾ പ്രകാരം, കേരളത്തിലെ മദ്യ ഉപഭോഗം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. (ലഹരി ഉപയോഗം കുറയുന്നു എന്ന് ഇതിനർത്ഥമില്ല. മയക്കുമരുന്നുകളുടെ ഉപയോഗം ഭീതിജനകമായ രീതിയിൽ കേരളത്തിൽ വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്.) 2011 മുതൽ 2016 വരെയുള്ള അഞ്ചു വർഷത്തെ അപേക്ഷിച്ച് 2021 വരെയുള്ള വർഷക്കാലത്തെ മദ്യ വിൽപ്പനയിൽ 113 ലക്ഷം കെയ്സ് കുറവുണ്ടായിട്ടുണ്ട് എന്നാണ് കണക്കുകൾ. വരും വർഷങ്ങളിൽ വീണ്ടും കുറയുമെന്ന് നിശ്ചയം. എന്നാൽ, മദ്യത്തിൽനിന്നുള്ള വരുമാനം കുറയാതിരിക്കാനും കഴിയുമെങ്കിൽ വർദ്ധിപ്പിച്ചു കൊണ്ടുവരാനും സർക്കാർ കഠിനപ്രയത്നം നടത്തിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ മദ്യ ഉപഭോഗം കുറഞ്ഞുവരികയാണ് ഉണ്ടായിട്ടുള്ളതെങ്കിലും വരുമാനം വർദ്ധിച്ചിരുന്നതായാണ് കണക്കുകൾ. 2018 - 19 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തേക്കാൾ 1568 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിരുന്നു. മദ്യ ഉപഭോഗം കുറയുന്നു എന്നുള്ള "പ്രതിസന്ധിയെ" ഏതുവിധേനയും മറികടക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്താനുദ്ദേശിക്കുന്നത് എന്ന് പുതിയ മദ്യനയത്തിൽനിന്ന് വ്യക്തമാണ്.

ഐ.ടി പ്രൊഫഷനുകൾക്ക് ഉല്ലസിക്കാൻ അവസരമൊരുക്കുക എന്ന വാദമുയർത്തി ഐ.ടി പാർക്കുകളിൽ മദ്യശാലകൾ ആരംഭിക്കാനുള്ള തീരുമാനം അപഹാസ്യമാണ്. കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ എന്ന പേരിൽ കാർഷിക ഉൽപ്പന്നങ്ങളിൽനിന്ന് മദ്യം ഉൽപാദിപ്പിക്കാനുള്ള പദ്ധതികളും അപ്രകാരം തന്നെ. വാസ്തവത്തിൽ ഇത്തരം വിവിധ മേഖലകളിലുള്ള സർക്കാർ ഇടപെടലുകൾ പലരീതികളിലും ഉണ്ടാകേണ്ടതുണ്ട്. പ്രധാനമായി വിവിധ സംരംഭങ്ങൾക്ക് സർക്കാർ കൈത്താങ്ങ് ആകേണ്ടത് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കിയും, പശ്ചാത്തല സൗകര്യങ്ങൾ ക്രമീകരിച്ചുകൊണ്ടുമാണ്.

> **മാറിവരുന്ന ഭരണകൂടങ്ങളുടെ അശാസ്ത്രീയവും അപക്വവുമായ നയങ്ങളും തീരുമാനങ്ങളും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നവയെന്ന് ഒട്ടേറെ മുന്നറിയിപ്പുകൾ പല തുറകളിൽനിന്ന് ഉണ്ടായിട്ടും, അത്തരം നയങ്ങളുടെ തുടർച്ചയായ ദുരിതങ്ങൾ രൂക്ഷമാകുന്നു എന്ന തിരിച്ചറിവുകൾ ഉണ്ടായിട്ടും വേണ്ടവിധത്തിൽ ഇത്തരം വിഷയങ്ങൾ ചർച്ചയാകാറില്ല.**

www.malankaralibrary.com

ഇവിടെ പണിമുടക്കുകളും രാഷ്ട്രീയ ഇടപെടലുകളും അഴിമതിയും കൂടാതെ തൊഴിൽചെയ്ത് ജീവിക്കാനുള്ള സൗകര്യമാണ് സർക്കാർ ഉറപ്പുവരുത്തേണ്ടത്. ബഹുഭൂരിപക്ഷം കർഷകർക്കും വികലമായ സർക്കാർ നയങ്ങളും അനാസ്ഥയും മൂലം കൃഷിചെയ്ത് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. വന്യമൃഗ ശല്യം പോലുള്ള കടുത്ത പ്രതിസന്ധികളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്താൻ സർക്കാർ ഇനിയും തയ്യാറായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

**പാവപ്പെട്ടവരുടെ ദൗർബ്ബല്യങ്ങളെ മുതലെടുത്ത് മദ്യവിൽപ്പന നടത്തി അധാർമ്മികമായ കൊള്ളലാഭം നികുതിയുടെ രൂപത്തിൽ നേടിയെടുക്കുന്ന പ്രവണതയുടെ പ്രത്യാഘാതം വിവരണാതീതമാണ്.**

ജനങ്ങളുടെ ആവശ്യങ്ങൾ സർക്കാർ പരിഗണിക്കുന്നു എന്നുവരുന്നത് സർക്കാരിന്റെ സാമ്പത്തിക ലക്ഷ്യങ്ങളുമായി വിവിധ മേഖലകളെ ബന്ധിപ്പിക്കുമ്പോഴല്ല, അവർക്കായുള്ള യഥാർത്ഥ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോഴാണ്. പദ്ധതികൾക്കും തീരുമാനങ്ങൾക്കും പിന്നിലെ യഥാർത്ഥ ലക്ഷ്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ നിരന്തരമായി ഉയരാൻ പ്രധാന കാരണം, ഭരണകൂടത്തിന്റെ പ്രതിബദ്ധതയെക്കുറിച്ചുള്ള സംശയങ്ങൾ സമൂഹത്തിൽ സജീവമാണ് എന്നതിനാലാണ്.

### ഗൗരവമായ ശ്രദ്ധ ആവശ്യമുള്ള വിഷയങ്ങൾ

മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ മറ്റു പ്രധാന സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ് കേരളം. തെലുങ്കാനയിൽ പുരുഷന്മാരിൽ 43.3 ശതമാനവും മദ്യപിക്കുന്നവരാണ് എങ്കിൽ കേരളത്തിൽ അത് 19.9 ശതമാനം മാത്രമാണ്. ദിവസവേതന തൊഴിലാളികളും, പാവപ്പെട്ടവരുമാണ് കേരളത്തിൽ കൂടുതലായും സ്ഥിരമായും മദ്യപിക്കുന്നവരിൽ ബഹുഭൂരിപക്ഷവും എന്നുള്ളതാണ് മറ്റൊരു വാസ്തവം. കേരളത്തിലെ ചെറിയൊരു ശതമാനം വരുന്ന, നിത്യവൃത്തിക്കായി കൂടുതൽ കഷ്ടപ്പെടേണ്ടിവരുന്ന ഒരു വിഭാഗമാണ് ഇത്രമാത്രം മദ്യം കുടിച്ചുതീർക്കുന്നത് എന്ന യാഥാർത്ഥ്യത്തെ നാം കൂടുതൽ ഗൗരവമായി കാണേണ്ടതുണ്ട്. അമിത മദ്യപാനത്തിന്റെ ഇരകളാണ് ഏറെയും. മദ്യപാനം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും, സാമ്പത്തിക തകർച്ചയും, കുടുംബബന്ധങ്ങളിലെ തകർച്ചയും, സാമൂഹിക പ്രശ്നങ്ങളും ഏറ്റവും കൂടുതൽ കേരളത്തിലാണ് എന്നുള്ളതിൽ തർക്കമില്ല. കേരളത്തിന്റെ ക്രൈം റേറ്റ് എല്ലായ്പ്പോഴും ഉയർന്നു നിൽക്കുന്നതിൽ മദ്യത്തിനുള്ള പങ്ക് വളരെ വലുതാണ്. എറിയപങ്ക് ആത്മഹത്യകൾക്കും കൊലപാതകങ്ങൾക്കും പിന്നിൽ മദ്യത്തിന് പ്രധാന സ്ഥാനമുണ്ട്.



മാറിവരുന്ന ഭരണകൂടങ്ങളുടെ അശാസ്ത്രീയവും അപകടവുമായ നയങ്ങളും തീരുമാനങ്ങളും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നവയെന്ന് ഒട്ടേറെ മുന്നറിയിപ്പുകൾ പല തുറകളിൽനിന്ന് ഉണ്ടായിട്ടും, അത്തരം നയങ്ങളുടെ തുടർച്ചയായ ദുരിതങ്ങൾ രൂക്ഷമാകുന്നു എന്നീ തിരിച്ചറിവുകൾ ഉണ്ടായിട്ടും വേണ്ടവിധത്തിൽ ഇത്തരം വിഷയങ്ങൾ ചർച്ചയാകാറില്ല. പ്രതിഷേധ സ്വരങ്ങൾ ഉയരുന്ന വേഗതയിൽ ത്തന്നെ കെട്ടടങ്ങുന്ന പ്രതിഭാസമാണ് പതിവായി കാണാറുള്ളത്. കൂടുതൽ ഉദാരവൽക്കരിക്കപ്പെട്ട പുതിയ മദ്യനയവും അതിന് പിന്നിലെ സാമ്പത്തിക ലക്ഷ്യങ്ങളും സംബന്ധിച്ച് ആഴമുള്ള ചർച്ചകൾ നടത്താനും നിലപാടുകളിൽ മാറ്റംവരുത്താൻ ഭരണ നേതൃത്വത്തിൽ സമ്മർദ്ദം ചെലുത്താനും പ്രബുദ്ധരായ മലയാളികൾ തയ്യാറാകണം. ബൗദ്ധിക സാഹിത്യ - കലാരംഗങ്ങളിലെ പ്രമുഖരും, സാമ്പത്തിക വിദഗ്ധരും, സാമൂഹിക പ്രവർത്തകരും, ഭരണകൂട നിലപാടുകളെ സ്വാധീനിക്കാൻ കഴിവുള്ളവരും നിശബ്ദത വെടിഞ്ഞ് ഈ വിഷയം ഗൗരവമായെടുക്കുകയും ഇടപെടലുകൾക്ക് തയ്യാറാവുകയും വേണം.

പാവപ്പെട്ടവരുടെ ദൗർബ്ബല്യങ്ങളെ മുതലെടുത്ത് മദ്യവിൽപ്പന നടത്തി അധാർമ്മികമായ കൊള്ളലാഭം നികുതിയുടെ രൂപത്തിൽ നേടിയെടുക്കുന്ന പ്രവണതയുടെ പ്രത്യാഘാതം വിവരണാതീതമാണ്. ഒരുപക്ഷെ മദ്യവിൽപ്പനയിൽ നിന്ന് ഉണ്ടാക്കുന്ന വരുമാനത്തേക്കാൾ കൂടുതലായിരിക്കാം അനുബന്ധ രോഗ ചികിത്സയ്ക്കായി ചെലവഴിക്കപ്പെടുന്ന തുക. മദ്യം മൂലമുണ്ടാകുന്ന ആരോഗ്യ തകർച്ചകളെയും, ജീവനാശത്തെയും, അക്രമ സംഭവങ്ങളെയും നഷ്ടക്കണക്കിൽ ഉൾപ്പെടുത്തിയാൽ ചിത്രം അതിഭീകരമാകും. ഈ വിഷയത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താനും അത്തരം പഠനങ്ങളുടെ വെളിച്ചത്തിൽ നയരൂപീകരണങ്ങൾ നടത്താനും സർക്കാർ തയ്യാറാകണം.

www.malankaralibrary.com



# മദ്യനയം: മദ്യ വിരുദ്ധ ജനകീയ മുന്നണി പ്രത്യക്ഷ സമരത്തിലേക്ക്

കൊച്ചി: സംസ്ഥാന സർക്കാരിന്റെ ജനദ്രോഹ മദ്യനയം തിരുത്തിക്കുവാനായി ആത്യന്തിക സത്യഗ്രഹത്തിലേക്കിറങ്ങാൻ കേരള മദ്യ വിരുദ്ധ ജനകീയ മുന്നണി സംസ്ഥാന നേതൃ സമ്മളനം തീരുമാനിച്ചു. ഏപ്രിൽ 12 ന് ചൊവ്വാഴ്ച കാലത്ത് മുതൽ സെക്രട്ടറിയേറ്റ് ഗേറ്റിൽ പ്രധിഷേധ സംഗമവും സമര പ്രഖ്യാപനവും നടക്കും തുടർന്ന് സർക്കാരിന് നിവേദനം നൽകും. നിർദിഷ്ട തീയതിക്കകം അനുകൂലമായ പ്രതികരണം ഇല്ലെങ്കിൽ, പ്രൊഫ: എം പി മന്മഥന്റെ സ്മൃതി ദിനമായ മെയ് 1ന് സെക്രട്ടറിയേറ്റ് നടയിൽ അനിശ്ചിതകാല സത്യഗ്രഹം ആരംഭിക്കും. വിവിധ മതവിശ്വാസികളും സാമൂഹിക സാമുദായ പ്രസ്ഥാനങ്ങളും ഉൾപ്പെടുന്ന സംയുക്ത മുന്നണി ശക്തമായ സത്യാഗ്രഹ സമരമാണ് തീരുമാനിച്ചിരിക്കുന്നത്.

പാലാരിവട്ടം പി ഒ സി യിൽ കെ സി ബി സി ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ ജേക്കബ് ജി പാലക്കാപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മദ്യ വിരുദ്ധ ജനകീയ മുന്നണി സംസ്ഥാന നേതൃ സമ്മേളനം പ്രസിഡന്റ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉൽഘാടനം ചെയ്തു. ഇയ്യാച്ചേരി കുഞ്ഞുകൃഷ്ണൻ ,ഡോ വിൻസന്റ് മാളിയേക്കൽ ,ഫാ ടോണി കോഴിമണ്ണിൽ, ഫാ ദേവസ്യ പന്തല്ലൂർക്കാരൻ, കുരുവിള മാത്യുസ്, എൻ ആർ മോഹൻകുമാർ, റ്റി എം വർഗീസ് ,ഡോ എം സി സിറിയക്ക്, ജെസി ഷാജി, കെ കെ ഗോപി നായർ, ഫാ ചാൾസ് ലിയോൺ, റ്റി എസ് ഏബ്രഹാം, സി എക്സ് ബോണി, ഫാ ജിജോ ജോസ്, ജെയിംസ് സിറിയക് എന്നിവർ പ്രസംഗിച്ചു.



കേരള മദ്യവിരുദ്ധ ജനകീയമുന്നണി സംസ്ഥാന നേതൃസമ്മേളനം പ്രസിഡന്റ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉൽഘാടനം ചെയ്യുന്നു. ഫാ ടോണി കോഴിമണ്ണിൽ, ഫാ ജേക്കബ് ജി പാലക്കപ്പള്ളിൽ, ഇയ്യാച്ചേരി കുഞ്ഞുകൃഷ്ണൻ എന്നിവർ സമീപം

## പുതിയ മദ്യനയം ചിന്താശക്തി ഇല്ലാത്ത തലമുറയെ സൃഷ്ടിക്കും: ബിഷപ് മാർ തിയോഡെഷ്യസ്

കൊച്ചി: ഫലവർഗങ്ങളിൽ നിന്ന് മദ്യം ഉത്പാദിപ്പിച്ച് വരുംതലമുറയെ ലഹരിയിലാഴ്ത്തി വരുമാനം വർധിപ്പിക്കാനുള്ള സർക്കാരിന്റെ പുതിയ മദ്യനയം തിരുത്തണമെന്ന് കെസിബിസി മദ്യവിരുദ്ധസമിതി ചെയർമാൻ ബിഷപ് യൂഹനോൻ മാർ തിയോഡോഷ്യസ്. വാരാപ്പുഴ അതിരൂപത കെസിബിസി മദ്യവിരുദ്ദ സമിതി പൊതുയോഗവും കുടുംബസംഗമവും എറണാകുളം സോഷ്യൽ സർവീസ് ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ മദ്യനയം സ്ത്രീകളെയും കുട്ടികളെയും ലഹരിക്ക് അടിമകളാക്കി ചിന്താശക്തിയില്ലാത്തതും ബുദ്ധിയില്ലാത്തതുമായ ഒരു തലമുറയെ സൃഷ്ടിക്കാനേ ഉപകരിക്കുവെന്നും ബിഷപ് കൂട്ടിച്ചേർത്തു. (ദീപിക, 29/03/2022)

www.malankaralibrary.com



# കർഷകർക്ക് ആരുണ്ട്?


*സിജുമോൻ ഫ്രാൻസിസ്*
*കിഫ സംസ്ഥാന കമ്മിറ്റിയംഗം*



**കേ**രളം രൂപീകൃതമായതിനുശേഷം കേരളത്തിന്റെ ഭൂപ്രകൃതിയിൽ വന്ന വ്യതിയാനങ്ങളും മാറ്റങ്ങളും ഇന്നു വളരെയേറെ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളാണ്. എന്നാൽ, അതോടൊപ്പം മൂന്നു കോടി 48 ലക്ഷത്തിൽ എത്തിനിൽക്കുന്ന നമ്മുടെ ജനസംഖ്യയുടെ വർധനയും അവരുടെ ആവശ്യങ്ങളും ചർച്ചയിൽ വരുന്നതേയില്ല. ഇന്നും വനത്തോട് ചേർന്നുകിടക്കുന്ന കാർഷികമേഖലയിൽ നൂറ്റാണ്ടുകളായി കൈവശംവച്ച് അനുഭവിച്ചുവരുന്ന കുടിയേറ്റ ഭൂമിക്കുപോലും രേഖകൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഏറ്റവും കൂടുതൽ കൈയേറ്റങ്ങൾ നടന്നുവെന്ന് ആരോപിക്കപ്പെടുന്ന ഇടുക്കി ജില്ല 1972ൽ രൂപീകൃതമാകുമ്പോൾ ആകെ ജനസംഖ്യ (തോട്ടം മേഖലയിലെ തമിഴ് വംശജർ ഉൾപ്പെടെ) ഒരുലക്ഷത്തിനടുത്തേ ഉണ്ടായിരുന്നുള്ളൂ. ഇന്നത് 12 ലക്ഷത്തിൽ എത്തിനിൽക്കുന്നു. വനവിസ്തൃതി കുറഞ്ഞിട്ടുമില്ല.

സർക്കാർ ആനുകൂല്യങ്ങൾ കൊടുത്ത് കുടിയേറ്റങ്ങൾ പ്രോത്സാഹിപ്പിച്ചതാണ് കേരളത്തിന്റെ ചരിത്രമെന്നിരിക്കെ, വനവിസ്തൃതി കുറയാതെ സംരക്ഷിക്കപ്പെടുമ്പോൾ വർധിച്ചുവരുന്ന മനുഷ്യന്റെ ആവാസ വ്യവസ്ഥക്കുള്ള സ്ഥലം അധികാരികൾ എവിടെയാണ് കണ്ടെത്തിയിരിക്കുന്നത് എന്ന ചോദ്യത്തിനും പ്രകൃതിയോടൊപ്പംതന്നെ മനുഷ്യനെയും സംരക്ഷിച്ചു നിർത്താനുള്ള ബാധ്യത ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന ആശങ്കയ്ക്കും ഉത്തരമില്ല.

ചരിത്രം പരിശോധിച്ചാൽ, കേരളത്തിൽ നടന്നിട്ടുള്ള എല്ലാ കുടിയേറ്റങ്ങളും തന്നെ കാലാകാലങ്ങളിലുള്ള സർക്കാരുകളുടെ നിർദേശപ്രകാരം, നട്ടെല്ലുണ്ടായിരുന്ന മലയോരകർഷകർ ജീവിത പ്രാരാബ്ധങ്ങളുടെ നടുവിലൂടെ, വന്യമൃഗങ്ങളെ വകവയ്ക്കാതെ, അധികാരികളുടെ ആജ്ഞാനുസരണം ധീരമായി മുന്നോട്ടുവച്ച ചുവടുവയ്പുകളുടെയും പലായനങ്ങളുടെയും



ചരിത്രമാണെന്നു കാണാൻ കഴിയും. അല്ലാതെ, കുടിയേറ്റങ്ങളൊന്നും ഇരുട്ടിന്റെ മറവിൽ ഒളിച്ചു നടത്തിയിട്ടുള്ളതല്ല.

മലയോരമേഖലയിൽ ഏലമലക്കാടുകൾ പാട്ടത്തിനു കൊടുത്തിരുന്ന അതേകാലയളവിൽ തന്നെയാണ് സർക്കാർ ഭക്ഷ്യധാന്യ ഉത്പാദനം പരിപോഷിപ്പിക്കുന്നതിനും ദേവികുളം, പീരുമേട് താലൂക്കുകൾ തമിഴ്നാടിന്റെ ഭാഗമായിപ്പോകാതിരിക്കുന്നതിനുമുള്ള ഹൈറേഞ്ച് കോളനൈസേഷൻ പദ്ധതി അടക്കം പ്രഖ്യാപിച്ചത്. ഇവിടങ്ങളിലെ തമിഴ് തോട്ടം തൊഴിലാളികളുടെ എണ്ണത്തെ മറികടക്കാൻ 20,000 ഹെക്ടർ ഭൂമിയാണ് നിർബന്ധിത കുടിയേറ്റത്തിനായി സർക്കാർ അന്നു വിട്ടുകൊടുത്തത്. കൃത്യമായ മാർഗനിർദ്ദേശങ്ങൾ ഇല്ലാതെ എന്നുവരെയെന്ന് പരിധി നിശ്ചയിക്കാതെ നടപ്പിലാക്കിയ കോളനൈസേഷൻ പദ്ധതി മുതലാണ് കുടിയേറ്റ മേഖലയുടെ ഉറക്കം നഷ്ടപ്പെട്ടത്.

ഭൂപരിഷ്കരണ നിയമത്തിന്റെ ചുവടുപിടിച്ചു നിലവിൽവന്ന കേരള പ്രൈവറ്റ് ഫോറസ്റ്റ് ആക്ട്- 1971 പ്രകാരം പിടിച്ചെടുത്ത ഭൂമി ഭൂരഹിതർക്ക് വീതിച്ചു കൊടുക്കാനുള്ളതാണെന്ന് സുപ്രീം കോടതിയിൽ അടക്കം കേരള സർക്കാർ സത്യവാങ്മൂലം കൊടുത്തിട്ട് നാളിതുവരെ എത്ര പേർക്ക് വീതിച്ചു കൊടുത്തു എന്നു പരിശോധിക്കേണ്ടതാണ്.

കേരളത്തിൽ ഇന്ന് മൂന്നുലക്ഷത്തോളം ഭൂരഹിതർ കിടപ്പാടത്തിനായി അപേക്ഷ കൊടുത്തു കാത്തിരിക്കുകയാണ്. ഇത്തരത്തിൽ പിടിച്ചെടുക്കപ്പെട്ട ഭൂമി സുപ്രീംകോടതിയിൽ

www.malankaralibrary.com

നൽകിയ സത്യവാങ്മൂലത്തിൽ ഉറപ്പുകൊടുത്തിരുന്നതുപോലെ ഭൂരഹിതർക്ക് നല്കേണ്ടതാണ്. ഭൂരഹിതരും പാവപ്പെട്ടവരുമായ അപേക്ഷകരൊക്കെയും സുപ്രീം കോടതിയിൽ നേരിട്ടുപോയി കോടതിയലക്ഷ്യത്തിനു കേസു കൊടുക്കാൻ കഴിവില്ലാത്തവരാണെന്ന തിരിച്ചറിവാണ് ബന്ധപ്പെട്ടവരുടെ അനാസ്ഥയ്ക്കു പിൻബലം നൽകുന്നത്.

കേരള പ്രൈവറ്റ് ഫോറസ്റ്റ് ആക്ടിലെ അപാകതകൾ പരിഹരിക്കാൻ ടി. മാധവമേനോൻ ഐഎഎസിനെ സ്പെഷൽ ഓഫീസറായി സർക്കാർ ചുമതലപ്പെടുത്തി. തുടർന്ന് തർക്കങ്ങൾ പരിഹരിക്കാൻ ചുമതലപ്പെടുത്തിയ മൂന്ന് ഫോറസ്റ്റ് ട്രിബ്യൂണലുകൾ പ്രാബല്യത്തിൽ വരികയും നിലവിലുള്ള വെസ്റ്റഡ് ഫോറസ്റ്റിന്റെ മൂന്നിലൊന്ന് കൃഷിക്കായി വിട്ടുകൊടുക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നതാണ്. ഇത്തരം ശിപാർശകൾ നടപ്പായിട്ടില്ല. അതോടൊപ്പം കെഡിഎച്ച് വില്ലേജുകളിലെയും സിഎച്ച്ആർ ഭൂമിയിലെയും നിയന്ത്രണങ്ങളും തുടർന്നുവന്ന കസ്തൂരിരംഗൻ റിപ്പോർട്ടിലെ ആശങ്കകളും അക്ഷരാർത്ഥത്തിൽ മലയോരമേഖലയെ ശ്വാസം മുട്ടിച്ചിരിക്കുകയാണ് .

### പാഴായിപ്പോയ സർക്കാർ തീരുമാനം.

ഉത്തരവ് നമ്പർ 476/2019ൽ പറയുന്നത് ഇങ്ങനെയാണ്: "സംസ്ഥാനത്ത് ഇനിയും സംയുക്ത പരിശോധന കഴിയാത്ത ജില്ലകൾ ഉണ്ടെങ്കിൽ, അവിടെ സംയുക്തപരിശോധന 31-03-2019നു മുമ്പു പൂർത്തിയാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയയ്ക്കുന്നതിനും സംയുക്ത പരിശോധന പൂർണമായി കഴിയാത്ത ജില്ലകളിൽ അതിന്റെ വിശദാംശങ്ങൾ 28-02-2019 നു മുമ്പ് കേന്ദ്രാനുമതിക്കായി അപ്‌ലോഡ് ചെയ്ത് ആയത് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനും സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതുമായ 28,000ത്തിൽപരം ഹെക്ടർ ഭൂമിയിൽ ഇനി വിതരണംചെയ്യാനുള്ള ഭൂമി അടുത്ത 6 മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ നിർദേശപ്രകാരം നടപടി സ്വീകരിക്കാൻ കഴിയാത്ത ഏതെങ്കിലും കാരണങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് ഉടനടി സർക്കാരിൽ റിപ്പോർട് ചെയ്യുന്നതിനുള്ള നടപടി അതത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതും നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ഗുരുതര വീഴ്ചയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്."

ഈ ഉത്തരവിന്മേൽ റവന്യു, വനം വകുപ്പുകൾ എന്തു നടപടികളാണു സ്വീകരിച്ചതെന്നറിയാൻ ഇവിടുത്തെ കർഷകസമൂഹത്തിന് അവകാശമുണ്ട്. കാരണം, തരിശായി കിടന്നിരുന്ന മൊട്ടക്കുന്നുകളെ പച്ചപുതപ്പിച്ചത് തങ്ങളുടെ അധ്വാനത്തിന്റെ ഫലമാണെന്നവർ തിരിച്ചറിയുന്നു. അതോടൊപ്പം അവരുടെ സ്വപ്നങ്ങൾ തല്ലിക്കെടുത്തുന്നത് ആരാണെന്നു കൂടി അറിയേണ്ടതുണ്ട്.

### നിയമ സംവിധാനങ്ങളെ വെല്ലുവിളിക്കുന്ന വനം വകുപ്പ്

കേരളത്തിലെ പാർശ്വവത്കരിക്കപ്പെട്ട കർഷകസമൂഹം നെഞ്ചിലേറ്റിയ ഒരു സുപ്രീം കോടതി വിധിയുണ്ട്. സിവിൽ അപ്പീൽ നമ്പർ 2116/2000 (നേച്ചർ ലവേഴ്സ് vs സ്റ്റേറ്റ് ഓഫ് കേരള) കേസിൽ ജസ്റ്റിസ് ജി.എസ്. സിംഗ്‌വി 2009 മാർച്ച് 20ന് തന്റെ സുപ്രധാനമായ വിധിന്യായത്തിൽ വ്യക്തമാക്കി.

'കേന്ദ്ര വനനിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് (25-10-1980നു മുമ്പ്) സംസ്ഥാന ഗവണ്മെന്റ് വനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള എല്ലാ തീരുമാനങ്ങളും കേന്ദ്ര വനനിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും 1973ൽ ഇതുമായി ബന്ധപ്പെട്ടെടുത്തിട്ടുള്ള ഉത്തരവുകൾ സർക്കാരിന് നടപ്പാക്കാം' എന്നു വിധിച്ചെങ്കിലും വനം വകുപ്പിന് ഈ വിധി ബാധകമല്ലെന്നുള്ള നിലപാടാണ്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ മലയോര ജില്ലകളിലെ ഒട്ടുമിക്ക ഭൂമിക്കും പട്ടയം അനുവദിക്കാമെന്നിരിക്കെ കൊടുക്കാതിരിക്കുന്നതിനും ഇഷ്ടക്കാർക്കുമാത്രം കൊടുക്കുന്നതിനുമുള്ള ന്യായങ്ങൾ അന്വേഷിക്കുകയാണ് അധികാരികൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള പാതകൾ കടമ്പയിട്ടടയ്ക്കുമ്പോഴും പട്ടയം പോലെയുള്ള ഭൂമിയുടെ അടിസ്ഥാന രേഖകൾ നിഷേധിക്കുമ്പോഴും സാധാരണക്കാരന് അർഹമായ നീതിയാണ് നിഷേധിക്കപ്പെടുന്നതെന്നുള്ള യാഥാർഥ്യം അവർ ബോധപൂർവം മറക്കുകയാണ്.

1964ലെ ഭൂമിസംബന്ധമായ ചട്ടങ്ങൾ നിലവിൽ വന്നപ്പോൾ അന്നു ഭൂമിയെ സംബന്ധിക്കുന്ന ആധികാരികരേഖയായി പരിഗണിച്ചിരുന്നത് 1930കളിൽ തയാറാക്കിയ 'സെറ്റിൽമെന്റ് രജിസ്റ്റർ' ആയിരുന്നു.



www.malankaralibrary.com

അതായത് ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുള്ള ഒരു ലാൻഡ് റിക്കാർഡ്. ആ രേഖയാണ് വനം വകുപ്പ് ഇന്നും ആധികാരികരേഖയായി പരിഗണിക്കുന്നതെങ്കിൽ എന്തുകൊണ്ട് അന്നത്തെ മറ്റു നിയമങ്ങൾ അംഗീകരിക്കാതെ പോകുന്നു എന്ന വസ്തുത വനം വകുപ്പിന്റെ സ്ഥാപിത താത്പര്യങ്ങൾ തുറന്നുകാട്ടുന്നു. ഒരായുസു മുഴുവൻ പണിയെടുത്ത് പറമ്പിൽ നട്ടുവളർത്തി സംരക്ഷിച്ചുവരുന്ന മരം മുറിക്കുന്നതിന് കർഷകന് അവകാശമില്ല. ചട്ടങ്ങളിൽ പറയുന്നില്ലെങ്കിലും പട്ടയ ഫോമിന്റെ പുറകുവശത്ത് എഴുതിയിട്ടുണ്ടുപോലും! നിബന്ധന വച്ച് വിവാഹം കഴിച്ചയക്കുന്നതുപോലെയുള്ള നിയമങ്ങൾ സംസ്ഥാനം രൂപീകൃതമായി 70വർഷങ്ങൾ കഴിഞ്ഞിട്ടും സംരക്ഷിക്കപ്പെടുകയാണെങ്കിൽ എന്തിനാണിവിടെ നിയമനിർമാണ സഭകളും, എല്ലാമറിയാമായിരുന്നിട്ടും ഒന്നും അറിയാത്തതുപോലെ കണ്ണ് മൂടിക്കെട്ടിനിൽക്കുന്ന നീതിപീഠങ്ങളും?

*ജീവിത പ്രാരാബ്ധങ്ങളുടെ നടുവിൽ നട്ടംതിരിയുന്ന മലയോരകർഷകർ ഇന്നു വന്യജീവി ആക്രമണങ്ങളിൽ ദിനംപ്രതി കൊല്ലപ്പെടുമ്പോൾ അധികാരികൾ കാണിക്കുന്ന നിസംഗതയിലാണ് ആശങ്ക.*

24-02-2022ന് നിയമസഭയിൽ വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ, ടി.സിദ്ധിഖിന്റെ ചോദ്യത്തിനു കൊടുത്ത മറുപടി "ഞാൻ വൈൽഡ് ലൈഫ് മന്ത്രിയാണ്, ഞാൻ സംരക്ഷിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നത് വനത്തെയും വന്യജീവികളെയുമാണ്" എന്നായിരുന്നു. ഇവിടെ സ്വാഭാവികമായ ഒരു ചോദ്യമുയരുന്നുണ്ട്. മനുഷ്യർക്ക് ഭരണഘടന ഉറപ്പുതരുന്ന ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാൻ ഇവർ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിലനിൽക്കുന്ന ഒരു ഭരണസംവിധാനത്തിന്റെ പ്രാഥമിക ഉത്തരവാദിത്വം പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളതാണെന്ന് തിരിച്ചറിവില്ലാത്ത ഭരണാധികാരികൾ ജനാധിപത്യ സംവിധാനത്തിന് ബാധ്യതയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

വന്യമൃഗങ്ങൾക്കു കൊടുക്കുന്ന പരിഗണനപോലും ഒരു സാധാരണക്കാരന്റെ ജീവനു കൽപിക്കാത്ത ഭരണസംവിധാനത്തിൽ എങ്ങനെയാണ് വിശ്വാസമർപ്പിക്കുക. വന്യജീവികളുടെ സംരക്ഷണം മാത്രം ഏറ്റെടുത്തിട്ടുള്ള മന്ത്രി ഒന്നറിയണം. ക്യു നിന്ന് നിങ്ങളെ വോട്ടുചെയ്ത് ജയിപ്പിച്ചുവിട്ടത് ഈ വന്യമൃഗങ്ങളല്ല. നിങ്ങൾ ധൂർത്തടിക്കുന്ന പണവും നിങ്ങൾ പറ്റുന്ന ആനുകൂല്യങ്ങളും കാട്ടുപന്നിയുടെ കാഷ്ഠം വിറ്റുണ്ടാക്കിയതുമല്ല.



**ഓരോ ഫയലും ഓരോ ജീവിതമാണ്**

ഓരോ ഫയലും ഓരോ ജീവിതമാണെന്നു മുഖ്യമന്ത്രി പറഞ്ഞിരുന്നില്ലേ? ആ ജീവിതങ്ങളെ ചുരുട്ടി കൊട്ടയിലെറിയുമ്പോൾ നിങ്ങളുടെകൂടി ഉന്നമനത്തിനായി പണിയെടുക്കുന്ന പാവം കർഷകരെ ദ്രോഹിക്കുമ്പോൾ ഇവിടത്തെ സർക്കാർ സംവിധാനങ്ങൾ ഒന്നോർക്കണം, മാസാമാസം കുടുംബം പുലർത്താനായി ശമ്പളയിനത്തിലും പെൻഷൻ ഇനത്തിലും നിങ്ങളുടെ അക്കൗണ്ടിൽ സർക്കാർ നിക്ഷേപിക്കുന്ന പണത്തിൽ ഈ പാവം കർഷകന്റെ അധ്വാനത്തിന്റെ ഓഹരിയുണ്ട്.

1822 ഏപ്രിൽ 29ന് നേര്യമംഗലം മുതൽ കമ്പം വരെ ഏലക്കാടുകൾ നട്ടുപിടിപ്പിക്കുന്നതിനായി റാണി ഗൗരി പാർവതിഭായി ഇറക്കിയ "തിരുവെഴുത്തു വിളമ്പരം" നിങ്ങൾ വായിച്ചിട്ടുണ്ടോ? "അവർക്കു (കർഷകർക്ക്) വേണ്ടുന്ന വസ്തുക്കൾക്ക്, ദൂരദേശങ്ങളിൽചെന്നു ബുദ്ധിമുട്ടി വാങ്ങിച്ചുകൊണ്ടുവരാൻ ആവശ്യമില്ലായ്കകൊണ്ട് ആയതിനു മേലെഴുതിയപ്രകാരം കച്ചവടക്കാരെ ആക്കി അവർക്കു വേണ്ടുന്ന അരി, ജൗളി, ഉപ്പ്, കറുപ്പ്, കഞ്ചാ മുതലായ സകലമാന വസ്തുക്കളും ഒട്ടും മുടക്കം കൂടാതെ കൊടുക്കത്തക്കവണ്ണം ചട്ടം കെട്ടിയിരിക്കുന്നതാകകൊണ്ട്, അതിൽ എന്തെങ്കിലും കുറവുവന്നു എങ്കിൽ ഉടൻതന്നെ തഹസിൽദാർ മുതൽപേരെ ബോധിപ്പിച്ചാൽ, ഒരുവകയ്ക്കും കുറവുവരാതെ അയാളുകൾ വിചാരിച്ചും ചട്ടം കെട്ടുകയും ചെയ്യും." ആ ഭരണാധികാരിയുടെ പിൻതലമുറക്കാരായ നിങ്ങൾ ഞങ്ങൾക്ക് കറുപ്പും കഞ്ചാവും എത്തിച്ചുതരേണ്ട. ന്യായമായ അവകാശങ്ങൾ നിഷേധിക്കാതിരുന്നാൽ മതി. ദുഷിച്ച ജനാധിപത്യം, അരാജകത്വമാകുമെന്ന് നമ്മുടെ ഭരണഘടനാ ശിൽപികൾ ഭയപ്പെട്ടത് സംഭവിക്കാതിരുന്നെങ്കിലെന്ന് അറിയാതെയാണെങ്കിലും ആശിച്ചുപോവുകയാണ്.

www.malankaralibrary.com



# കരുണവറ്റിയ മതങ്ങളെ ഭയപ്പെടുക

*മാത്യു ചെമ്പുകണ്ടത്തിൽ*




കുറെ സിംഹങ്ങൾ ചേർന്ന് ഒരു കാട്ടുമൃഗത്തെ ആക്രമിച്ച് കൊല്ലുന്നു, കൊന്നിട്ടിരിക്കുന്ന മൃഗത്തിന്റെ മാംസം സിംഹങ്ങൾ കൂടിയിരുന്ന് കടിച്ചുപറിച്ചു തിന്നുകൊണ്ടിരിക്കുമ്പോൾ അവയുടെ നേരേ യാതൊരു കൂസലുമില്ലാതെ ചുവപ്പു മേലാപ്പും പുതച്ചുകൊണ്ട് നടന്നടുക്കുന്ന ഏതാനും മനുഷ്യർ. അവരുടെ വരവു കണ്ടപ്പോഴേ സിംഹങ്ങൾ വിരണ്ടോടി. സിംഹങ്ങൾ തിന്നുകൊണ്ടിരുന്ന കാട്ടുമൃഗത്തിന്റെ കാലുകളിൽ ഒന്ന് വെട്ടിയെടുത്ത് തോളിലിട്ട് അവർ ശാന്തതയോടെ മടങ്ങുന്നു. കാട്ടുപൊന്തകളിൽ മറഞ്ഞിരുന്ന് സിംഹങ്ങൾ ഈ കാഴ്ചകൾ അക്ഷമരായി നോക്കിയിരിക്കുന്നു.

സിംഹങ്ങളെ വിരട്ടിയോടിച്ച് അവയുടെ ഇരയിൽ നിന്നും പങ്കുപറ്റി ജീവിക്കുന്ന വിരുതന്മാരാണ് ആഫ്രിക്കയിൽ കെനിയയിലും ടാൻസാനിയയിലുമായി ചിതറിപ്പാർക്കുന്ന മസ്സായി ഗോത്രക്കാർ. ബി.ബി.സിയുടെ 'ഹ്യൂമൻ പ്ലാനറ്റ്' സീരീസിലൂടെയാണ് മസ്സായികളുടെ ധൈര്യം ലോകം മനസ്സിലാക്കിയത്. സ്നേഹത്തിന്റെ പ്രമാണത്തിന് വിലകൽപ്പിക്കാതെ ഗോത്രസംഘർഷങ്ങളും പ്രാകൃത ആചാരങ്ങളുമായി ക്രൂരമൃഗങ്ങളുമായി പടവെട്ടിയാണ് മസ്സായികൾ ജീവിക്കുന്നത്.

മസ്സായികളെ നിത്യജീവന്റെ സുവിശേഷത്തിലേക്ക് ആകർഷിക്കാനും അവരെ സുവിശേഷീകരിക്കാനും ആർക്കെങ്കിലും കഴിയുമോ? ദൈവം ക്രിസ്തുവിലൂടെ മനുഷ്യനെ സ്നേഹിക്കുന്നു എന്ന സനാതന സത്യം ഇവരെ പഠിപ്പിച്ചുകൊടുക്കുക അത്ര എളുപ്പമുള്ള കാര്യമായിരിക്കുമോ?

മസ്സായികളുടെ ഇടയിൽ സുവിശേഷപ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത് 'കോൺഗ്രിഗേഷൻ ഓഫ് ദി ഹോളിസ്പിരിറ്റി'ലെ (Congregation of the Holy Spirit) വൈദികരാണ്. മസ്സായികളിലേക്ക് അവർ സുവിശേഷ സന്ദേശം പകർന്നു നൽകി. മസ്സായികൾക്കായി പ്രത്യേക വിശ്വാസപ്രമാണവും ഈ വൈദികർ ചിട്ടപ്പെടുത്തി. 'മസ്സായി ക്രീഡ്' എന്നാണ് ഈ വിശ്വാസപ്രമാണം അറിപ്പെടുന്നത്. നിഖ്യാ വിശ്വാസപ്രമാണത്തിന്റെ അർത്ഥഗാംഭീര്യമില്ലെങ്കിലും മസ്സായികളുടെ ആത്മാവിലേക്ക് ഇറങ്ങിച്ചെല്ലുന്ന പ്രസ്താവനകൾകൊണ്ട് സമ്പുഷ്ടമാണ് മസ്സായി ക്രീഡ്. മസ്സായി ക്രീഡിൽ ക്രിസ്തുവിനെ പരാമർശിച്ചുകൊണ്ടു പറയുന്നത്, "അവിടുന്ന് യഹൂദ ഗോത്രക്കാരനായിരുന്നു, ജനിച്ചത് പാവപ്പെട്ട ഗ്രാമത്തിലായിരുന്നു, എപ്പോഴും നന്മചെയ്തുകൊണ്ട് സഫാരി (യാത്ര)യിലായിരുന്നു ക്രിസ്തു. തന്റെ ജനങ്ങൾ അവനെ തള്ളിക്കളഞ്ഞ്, കൈകളിലും കാലുകളിലും ആണിയടിച്ച് കൊന്നു. അവനെ ഒരു ശവക്കല്ലറയിൽ അടക്കം ചെയ്തു, കഴുതപ്പുലികൾ (ഹയീന) അവന്റെ മൃതദേഹത്തെ ആക്രമിച്ചില്ല...'

മനുഷ്യനായി അവതരിച്ച് മനുഷ്യനു മനസിലാകുന്ന വിധത്തിൽ ദൈവം തന്നെ വെളിപ്പെടുത്തിയതുപോലുള്ള ലാളിത്യമാണ് മസ്സായി ക്രീഡിന്റെ രൂപീകരണത്തിന് പിന്നിലും കാണാൻ കഴിയുന്നത്. മസ്സായികൾക്ക് മനസ്സിലാകാൻ അവരുടെ ലോകത്തിൽനിന്നും കടമെടുത്ത ബിംബങ്ങൾ കൊണ്ട് 'ഹോളി സ്പിരിറ്റ് കോൺഗ്രിഗേഷ'നിലെ വൈദികർ മസ്സായി ക്രീഡ് തയ്യാറാക്കി. മസ്സായി ക്രീഡിലെ മറ്റൊരു വാചകം ഏറെ സവിശേഷമായ പ്രസ്താവനയാണ്. 'ക്രിസ്തു ദൈവത്തെയും മനുഷ്യനെയും കുറിച്ച് ലോകത്തെ പഠിപ്പിക്കുകയും മതത്തിന്റെ അർത്ഥം സ്നേഹമാണെന്നു കാണിച്ചുതരികയും ചെയ്തു.'



'മതത്തിന്റെ അർത്ഥം സ്നേഹമാണെന്ന' പ്രസ്താവന ഒരു വിശ്വാസ പ്രമാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മസ്സായി ക്രീഡിൽ മാത്രമാണ്. ഇതിലൂടെ മസ്സാ

www.malankaralibrary.com

യികൾ മതത്തെ മനസ്സിലാക്കിയത് സ്നേഹത്തിന്റെ രൂപത്തിലാണ്. സ്നേഹരാഹിത്യത്തിന്റെ ലോകത്തിൽ നിന്ന് ക്രിസ്തുവിലേക്കു വരുന്നത് സ്നേഹത്തിന്റെ പ്രവാചകരായിട്ടാണ് എന്ന തത്വം ഉൾക്കൊണ്ടാണ് മസ്സായികൾ ക്രിസ്ത്യാനികളാകുന്നത്.

ലോകം ഇന്ന് ഏറെ ഭയപ്പെടുന്നത് മതത്തെയാണ്. മതത്തിന്റെ പേരിൽ എന്തും ചെയ്യാൻ മടിയില്ലാത്തവരുടെ ഒരു ലോകത്തിൽ മസ്സായി ക്രീഡിനെ ഒരു പരിഹാസമായിട്ടേ പലരും കാണുകയുള്ളൂ. മതങ്ങളുടെ പേരിൽ 21-ാം നൂറ്റാണ്ടിൽ പോലും ക്രൂരമായ വിധത്തിൽ ആക്രമണങ്ങളും കൊലപാതകങ്ങളും സംഭവിക്കുന്നു. 'ദി കഷ്മീർ ഫയൽസ്' കാണുമ്പോൾ മതം ഇത്രമേൽ പൈശാചികമാണോ എന്ന ചോദ്യമാണ് ഉയരുന്നത്. കാൽ നൂറ്റാണ്ടു മുമ്പ്, ജമ്മു കഷ്മീറിലെ പാർസി, ഹിന്ദു സമൂഹം നേരിട്ട ക്രൂരത ഇത്രമേൽ ഭയാനകമായിരുന്നുവെങ്കിൽ ഇന്ത്യാവിഭജനത്തിലെ മതസംഘർഷം എത്രമേൽ ഭയാനകമായിരിക്കണം? അചിന്തനീയമായ കാര്യമാണിത്.

യാക്കോബിന്റെ ലേഖനത്തിലാണ് മതത്തിന് ഏറ്റവും നല്ല നിർവ്വചനം നൽകിയിരിക്കുന്നത്. സംശുദ്ധമായ മതം കരുണയിൽ അധിഷ്ഠിതമായിരിക്കും (യാക്കോബ് 1:27) എന്നാണ് അനാഥരോടും വിധവകളോടും കരുണകാണിക്കുന്നതിനെ സംബന്ധിച്ച പരാമർശങ്ങളിൽനിന്നും മനസ്സിലാകുന്നത്. കരുണവറ്റിയ മതവും കരുണവറ്റിയവരുടെ മതബോധവും ലോകത്തിന് ആപത്താണ്. മതം കരുണ വറ്റിയവരുടെ കൂട്ടമായി മാറിയാൽ എന്തു സംഭവിക്കാം എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കഷ്മീർ പണ്ഡിറ്റുകളുടെയും പാക്കിസ്ഥാനിലെ ക്രൈസ്തവരുടെയും ജീവിതം വിളിച്ചു പറയുന്നത്.

ക്രൈസ്തവസഭ ലോകത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന കരുണയിൽ അധിഷ്ഠിതമായ ആത്മീയ സന്ദേശമായിരുന്നു. കരുണവറ്റിയ ക്രിസ്ത്യാനി മറ്റേതൊരു ഭീകരനെയും പോലെ ക്രൂരനാണ്. ക്രിസ്തുവിന്റെ കാലത്തെ പരീശന്മാർ ഇപ്രകാരം കരുണ വറ്റിയ സമൂഹമായിരുന്നു.

മതവിശ്വാസിക്ക് ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ തിരിച്ചറിവ് കരുണയുടെ വക്താവാണ് താൻ എന്നതാണ്. ക്രിസ്തു ഇത് എടുത്തുപറയുന്നു: 'ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിൻെറ അർത്ഥം നിങ്ങൾ പോയി പഠിക്കുക.' (മത്തായി 9:13). ക്രിസ്തുവിൽ നിറഞ്ഞിരുന്നതും ലോകം തന്നിൽനിന്ന് എന്നെന്നും പഠിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചതും കരുണയുടെ നാനാർത്ഥങ്ങളെക്കുറിച്ചായിരുന്നു. യാഗാർപ്പണത്തിലെ ക്ലിഷ്ഠതയേക്കാൾ കരുണയിലധിഷ്ഠിതമായി ജീവിക്കുന്നവന്റെ യാഗരാഹിത്യം പോലും ഉൾക്കൊള്ളുന്ന ദൈവത്തെയാണ് ബൈബിളിൽ ഉടനീളം കാണുന്നത് (ഹോശയ 6:6). ആർദ്രത നഷ്ടപ്പെട്ടവന്റെ ആത്മീയത കയീന്റെ യാഗാർപ്പണംപോലെ പാഴ്വേലയാണ്.

'ഹിസ്റ്ററി ഓഫ് ക്രിസ്റ്റ്യൻ ചർച്ച്' എന്ന ഗ്രന്ഥത്തിൽ ഡോ. ഫിലിപ്പ് ഷാഫ് (Dr Philip Schaff) പറയുന്നത് The old Roman world was a world without charity എന്നാണ്. പഴയ റോമൻ ലോകം അനുകമ്പയും സഹാനുഭൂതിയുമില്ലാത്ത ഒരു ലോകമായിരുന്നുവത്രെ! മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന സാഹിത്യവും കവിതയും തത്വചിന്തയും സൗന്ദര്യശാസ്ത്രവും റോമാക്കാരിൽ ഉത്തരോത്തരം വളർന്നുവെങ്കിലും അനുകമ്പയും സഹജീവികളോടുള്ള സഹാനുഭൂതിയും അവർക്ക് കേട്ടുകേൾവിപോലും ഇല്ലായിരുന്നുവെന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. റോമിൽ പ്ലേഗ് പടന്നുപിടിച്ച കാലത്ത് റോമാ പൗരന്മാർ രോഗികളായവരെ റോഡിൽ ഉപേക്ഷിച്ചുകളഞ്ഞു എന്നായിരുന്നു ചരിത്രകാരന്മാർ പറയുന്നത്. ക്രിസ്തുശിഷ്യന്മാർ റോമിൽ വരുന്നതുവരെ റോമിനും ഗ്രീക്കിനും പൗരാണിക ലോകസമൂഹങ്ങളിലൊന്നിനും പാവപ്പെട്ടവർക്കും രോഗികൾക്കും ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യുന്നതും, അനുകമ്പയും ദീനദയാലുത്വവും പ്രകടിപ്പിക്കുന്നതും അജ്ഞാതമായിരുന്നുവെന്നാണ് ഡോ. ഷാഫ് നിരീക്ഷിക്കുന്നത്.

ക്രിസ്തീയത ഒരു മതമല്ല. മതത്തിന്റെ പല ഘടകങ്ങളും ക്രിസ്തീയതയിൽ കണ്ടെന്നു വരാം. എന്നാൽ യേശു എന്നൊരു മനുഷ്യനെ പിൻപറ്റുന്നവരുടെ കൂട്ടമാണിത്. സ്നേഹത്തിന്റെയും കരുണയുടെയും ആൾരൂപമായിരുന്നു യേശു ക്രിസ്തു. ക്രിസ്തുവിൽ നിറഞ്ഞു പരിലസിച്ചിരുന്ന കരുണയും സ്നേഹവും വ്രതനിഷ്ഠയോടെ പിൻപറ്റുമ്പോഴാണ് മതാനുസാരികൾ ക്രിസ്ത്വാനുകാരികൾ ആകുന്നത്. ആർദ്രതയുടെയും സഹാനുഭൂതിയുടെയും സ്നേഹത്തിന്റെയും ഉറവിടമായി മതങ്ങൾ രൂപാന്തരപ്പെടാത്തിടത്തോളം മതമെന്നത് പൈശാചികതയുടെ പര്യായമാണ്.



www.malankaralibrary.com



## ജാബുവ ജില്ലയിലെ നാൽപ്പതോളം ക്രൈസ്തവരെ തീവ്ര ഹിന്ദുത്വമതമൗലീകവാദികൾ ഭീഷണിപ്പെടുത്തി മതപരിവർത്തനം ചെയ്തതായി റിപ്പോർട്ട്

മധ്യപ്രദേശിലെ ജാബുവ ജില്ലയിലെ ഫുൽദാവിഡി ഗ്രാമത്തിലെ നാൽപ്പതോളം ക്രൈസ്തവരെ തീവ്ര ഹിന്ദുത്വവാദികളായ മതമൗലീകവാദികൾ ഭീഷണിപ്പെടുത്തി നിർബന്ധപൂർവ്വം ഹിന്ദുമതത്തിലേക്ക് പുനർമതപരിവർത്തനം ചെയ്തതായി റിപ്പോർട്ട്. വാഷിംഗ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന എക്യുമെനിക്കൽ സംഘടനയായ 'ഇന്റർനാഷ്ണൽ ക്രിസ്ത്യൻ കൺസേൺ' (ഐ.സി.സി) ആണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ജാബുവ ജില്ലയെ 'മതപരിവർത്തന മുക്ത' ജില്ലയാക്കുക എന്ന ലക്ഷ്യത്തോടെ 'വിശ്വ ഹിന്ദു പരിഷത്ത്' (വി.എച്ച്.പി), 'ബജ്രംഗ്ദൾ' എന്നീ തീവ്രഹിന്ദുത്വവാദി സംഘടനകളാണ് 'ഘർ വാപസി' എന്ന നിർബന്ധിത പുനർമതപരിവർത്തന ചടങ്ങ് സംഘടിപ്പിച്ചതെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

ഫുൽദാവിഡി ഗ്രാമത്തിലെ അമ്പലത്തിൽ ജനുവരി 31ന് സംഘടിപ്പിച്ച ഘർവാപസി ചടങ്ങിൽ, നാലു വർഷത്തിലധികമായി ക്രിസ്തു വിശ്വാസം പിന്തുടർന്നുക്കൊണ്ടിരിന്ന ആനന്ദി ബെന്നും, കുടുംബവും ഉൾപ്പെടെയുള്ളവരെ തേങ്ങ ഉടക്കൽ, പ്രസാദമൂട്ട് തുടങ്ങിയ ഘർ വാപസി ചടങ്ങുകളിൽ ഭീഷണിപ്പെടുത്തി പങ്കെടുപ്പിക്കുകയായിരുന്നെന്ന് പ്രദേശവാസികൾ പറഞ്ഞതായി ഐ.സി.സിയുടെ റിപ്പോർട്ടിൽ പറയുന്നു. ഘർ വാപസിയിൽ പങ്കെടുത്ത് പുനർമതപരിവർത്തനം ചെയ്യാത്ത ക്രിസ്ത്യാനികളെ ഗ്രാമത്തിൽ നിന്നും പുറത്താക്കുമെന്നായിരിന്നു ഭീഷണി.

ക്രിസ്ത്യാനിയായി തുടരുകയാണെങ്കിൽ തങ്ങളുടെ സർക്കാർ ആനുകൂല്യങ്ങൾ റദ്ദാക്കുമെന്നും, മറ്റ് ക്ഷേമപദ്ധതികളിൽ നിന്നും ഒഴിവാക്കുമെന്നും, കൃഷിയിടം പിടിച്ചെടുക്കുമെന്നുമൊക്കെയായിരുന്നു ഹിന്ദുത്വവാദികളുടെ ഭീഷണിയെന്നും അവർ പറഞ്ഞു. തങ്ങളുടെ ഹൃദയത്തിനുള്ളിലുള്ള വിശ്വാസം ആർക്കും എടുത്തുമാറ്റുവാൻ കഴിയുകയില്ലെന്നു ആനന്ദി ബെൻ പറഞ്ഞു. ജാബുവ ജില്ലയിൽ ക്രിസ്ത്യാനികൾക്കെതിരെയുള്ള ആക്രമണങ്ങൾ പതിവായിരിക്കുകയാണെന്നു പ്രദേശവാസികൾ പറയുന്നു. ഇതിനു ഇപ്പോഴത്തെ സർക്കാരിന്റെ ഒത്താശയുണ്ടെന്നും ജില്ലയിലെ ചില ദേവാലയങ്ങൾ അടച്ചിടുവാൻ നിർബന്ധിതരായ വിശ്വാസികൾ രഹസ്യമായിട്ടാണ് പ്രാർത്ഥനകൾ സംഘടിപ്പിക്കുന്നതെന്നും അവർ കൂട്ടിച്ചേർത്തു.

കഴിഞ്ഞ വർഷം മധ്യപ്രദേശിലെ ബി.ജെ.പി സർക്കാർ 'മതപരിവർത്തന വിരുദ്ധ നിയമം' പാസ്സാക്കിയതിന് ശേഷമാണ് ജില്ലയിൽ ക്രിസ്ത്യാനികൾക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചതെന്നു ഐ.സി.സി ചൂണ്ടിക്കാട്ടി. കത്തോലിക്ക സന്നദ്ധ സംഘടനയായ 'ഓപ്പൺ ഡോഴ്സ്' പുറത്തുവിട്ട ക്രൈസ്തവരായി ജീവിക്കുവാൻ ബുദ്ധിമുട്ടുള്ള 50 രാഷ്ട്രങ്ങളുടെ പട്ടികയിൽ പത്താമതാണ് ഇന്ത്യയുടെ സ്ഥാനം.

### ക്രൈസ്തവ മിഷണറിമാരെ നിരീക്ഷിക്കണം എന്നാവശ്യപ്പെട്ട ഹർജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: ക്രൈസ്തവമിഷണറിമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പ്രത്യേക സമിതി വേണം എന്ന് ആവശ്യപ്പെട്ടു നൽകിയ ഹർജി സുപ്രീംകോടതി തള്ളി. ഹിന്ദു ധർമ പരിഷത്ത് ആണ് ഹർജി പൊതുജന താത്പര്യത്തെക്കാൾ പബ്ലിസിറ്റി താത്പര്യം മുൻനിർത്തി ഉള്ളതാണെന്നു ചൂണ്ടിക്കാട്ടിയാണ് ജസ്റ്റീസുമാരായ ഇന്ദിര ബാനർജി, എ എസ്. ബോപ്പെണ്ണ എന്നിവർ ഉൾപ്പെട്ട ബെഞ്ച് തള്ളിയത്. ഇത്തരം ഹർജിയുമായി വരുന്നവർ സാമുദായിക ഐക്യം തകർക്കുകയാണ് ചെയ്യുന്നത് എന്നും കോടതി വിമർശിച്ചു.

നിർബന്ധിത മത പരിവർത്തനം നടക്കുന്നുവെന്നും ക്രൈസ്തവ മിഷണറിമാരെ നിരീക്ഷിക്കാൻ സിമിതി വേണമെന്നും ആവശ്യപ്പെട്ട് നൽകിയ ഹർജി നേരത്തേ മദ്രാസ് ഹൈക്കോടതി തള്ളയിരുന്നു. ഇതിനെതിരേ ആണ് സുപ്രീകോടതിയെ സമീപിച്ചത്. നിർബന്ധിത മത പരിവർത്തനം തടയുന്നതിന് ഇപ്പോൾത്തന്നെ നിയമം നിലവിലുണ്ട് എന്ന് ചൂണ്ടിക്കാട്ടിയാണ് മദ്രാസ് ഹൈക്കോടതി ഹർജി തള്ളിയത് സമൂഹവിരുദ്ധരും രാജ്യവിരുദ്ധരും നിർബന്ധിത മതപരിവർത്തനം നടത്തുന്നു എന്നായിരുന്നു ഹിന്ദു ധർമ പരിഷത്ത് സുപ്രീംകോടതിയിൽ നൽകിയ ഹർജിയിൽ ആരോപിച്ചിരുന്നത്. അതോടൊപ്പം ക്രൈസ്തമിഷണറിമാരുടെ വരുമാനം അടക്കമുള്ള കാര്യങ്ങൾ നിരീക്ഷിക്കണം എന്നു അവശ്യപ്പെട്ടു. (ദീപിക, 29.03.2022)

www.malankaralibrary.com



**ഒരു വശത്തു മദ്യം, മറുഭാഗത്തു ലഹരിമരുന്ന്;
കഴിഞ്ഞ വർഷം എക്സൈസ് പിടിച്ചത് 5,632 കിലോ കഞ്ചാവ്**

കൊച്ചി: സംസ്ഥാനത്തു മദ്യത്തിൻറെ ഉത്പാദനവും ലഭ്യതയും വർധിപ്പിക്കാനുള്ള പുതിയ നയം സർക്കാർ സ്വീകരിക്കുമ്പോൾ മറുവശത്ത് കേരളത്തിലേക്കുള്ള കഞ്ചാവിൻറെയും വിവിധ ലഹരിമരുന്നുകളുടെയും വരവ് കൂടുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നു കേരളത്തിലേക്കെത്തുന്ന ലഹരിമരുന്നുകളുടെ അളവിൽ കഴിഞ്ഞ വർഷം വലിയ വർധന ഉണ്ടായെന്നാണ് എക്സ!!ൈ!!സ് വകുപ്പിൻറെ കണക്കുകൾ.

കഴിഞ്ഞ വർഷം കേരളത്തിലേക്കു കടത്തിക്കൊണ്ടുവന്ന കഞ്ചാവിൽ 5632.6 കിലോഗ്രാം പിടിച്ചെടുത്തതായി തിരുവനന്തപുരം ജോയിൻറ് എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നു ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡിലാണ് ഇത്രയും കഞ്ചാവ് പിടിച്ചെടുത്തത്. 2021 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തേക്കെത്തിയ 16062 ഗ്രാം ഹാഷിഷ് ഓയിൽ പിടിച്ചെടുത്തു.

മാരക ലഹരിമരുന്നായ എംഡിഎംഎ 6130.5ഗ്രാം ആണ് എക്സൈസ് പിടിച്ചെടുത്തതെന്നു വിവരാവകാശ നിയമപ്രകാരം ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. എക്സൈസ് ഉദ്യോഗസ്ഥരുടെ പിടിവീണ ലഹരിമരുന്നു കടത്തിൻറെ മാത്രം കണക്കാണിത്. ഉത്തരേന്ത്യയിൽ നിന്നു ട്രെയിൻ മാർഗം കേരളത്തിലേക്കെത്തുന്ന തൊഴിലാളികളിൽ നിന്നു പിടിച്ചെടുത്ത ചെറിയ അളവിലുള്ള മയക്കുമരുന്നുകൾക്കു പുറമെ, റോഡ് മാർഗം കടത്തുന്നതിനിടെയും ലഹരി പാർട്ടികൾ നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നു പിടിച്ചെടുത്തവയും ഇക്കൂട്ടത്തിലുണ്ട്.

അധികൃതരുടെ കണ്ണുവെട്ടിച്ച് അതിർത്തി കടത്തി ഏജൻറുമാർവഴി ആവശ്യക്കാർക്കു വിതരണം ചെയ്ത കഞ്ചാവും മറ്റുലഹരിമരുന്നുകളും വേറെയും ഉണ്ടാകുമെന്ന് ഉദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നുണ്ട്.

**പള്ളിയിലെ തിരുവോസ്തി മോഷ്ടിച്ച് ചതുപ്പിലിട്ടു**

പൂച്ചാക്കൽ: പള്ളിയിലെ തിരുവോസ്തി മോഷ്ടിച്ച് ചതുപ്പിലിട്ടു. അരുക്കുറ്റി പാദുവാപുരം സെൻറ് ആൻണീസ് പള്ളിയുടെ കീഴിലുള്ള സെൻറ് ജേക്കബ് ചാപ്പലിലെ സക്രാരി തുറന്നാണ് തിരുവോസ്തി മോഷ്ടിച്ച് ചതുപ്പിലിട്ടത്. മാർച്ച് 28ന് വെളുപ്പിനെയായിരുന്നു സംഭവം.

സംഭവ സ്ഥലത്ത് പോലീസ് ഡോഗ്, വിരലടയാള വിദഗ്ധർ എന്നിവർ എത്തി പരിശോധന നടത്തി. സംഭവസ്ഥലം ദലീമ എം.എൽ.എ സന്ദർശിച്ചു.

**കൊച്ചി രൂപത പ്രതിഷേധിച്ചു**

ആലപ്പുഴ: അരൂക്കുറ്റി പാദുവാപുരം സെൻറ് ആന്റണീസ് പള്ളിയുടെ സെൻറ് ജേക്കബ് ചാപ്പലിലെ സക്രാരി തുറന്ന് തിരുവോസ്തി മാലിന്യ ചതുപ്പിൽ നിക്ഷേപിച്ച സംഭവത്തിൽ കൊച്ചിരൂപത പ്രതിഷേധിച്ചു. ഒരു മോഷണ ശ്രമമായി മാത്രം ഇതിനെ കാണാൻ കഴിയില്ല. എല്ലാ കത്തോലിക്കാ വിശ്വാസികൾക്കും ഏറ്റവും വേദനയുണ്ടാക്കുന്ന രീതിയിൽ നടന്ന നിന്ദ്യമായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തണം. കത്തോലിക്കാ വിശ്വാസത്തെ അപമാനിക്കുന്ന പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകശ്രദ്ധ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് കൊച്ചിരൂപത ആവശ്യപ്പെട്ടു. (ദീപിക, 30/3/2022)

**കത്തോലിക്കാ വൈദികനെ തട്ടിക്കൊണ്ടുപോയി**

ലാഗോസ്: നൈജീരിയയിൽ ഞായറാഴ്ച കുർബാനയ്ക്കുശേഷം കത്തോലിക്കാ വൈദികനെയും 44 ഗ്രാമീണരെയും അക്രമികൾ തട്ടിക്കൊണ്ടുപോയി. നൈജർ സംസ്ഥാനത്തെ കർകിൻപാവ പട്ടണത്തിലായിരുന്നു സംഭവം.

മിന്ന രൂപതയിൽപ്പെട്ട സെൻറ് മേരീസ് പള്ളിയിൽ ദിവ്യബലി അർപ്പിച്ചു മടങ്ങുകയായിരുന്ന ഫാ. ലിയോ റാഫേൽ ഒസിഗി അടക്കമുള്ളവരാണ് തട്ടിക്കൊണ്ടുപോകപ്പെട്ടത്. (ദീപിക, 30/3/2022)

www.malankaralibrary.com



## തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് പുതിയ ഇടയൻ: ഡോ. തോമസ് ജെ. നെറ്റോ അഭിഷിക്തനായി

തിരുവനന്തപുരം: പ്രാർഥനാമുഖരിതമായ അന്തരീക്ഷത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ ഇടയനായി ഡോ. തോമസ് ജെ. നെറ്റോ അഭിഷിക്തനായി. മാർച്ച് 19 വൈകുന്നേരം ചെറുവെട്ടുകാട് സെൻറ് സെബാസ്റ്റ്യൻസ് പള്ളി അങ്കണത്തിൽ നടന്ന ചടങ്ങുകൾക്ക് സ്ഥാനമൊഴിഞ്ഞ ആർച്ചുബിഷപ് ഡോ. എം. സൂസപാക്യം മുഖ്യകാർമ്മികനായിരുന്നു. ഡോ. തോമസ് ജെ. നെറ്റോയെ മെത്രാനായി നിമയമിച്ചുകൊണ്ടുള്ള ഫ്രാൻസിസ് മാർപാപ്പയുടെ നിയമന ഉത്തരവ് ചാൻസലർ മോൺ ഡോ. സി. ജോസഫ് വായിച്ചു. (ദീപിക, 20/3/2022)

## റഷ്യയെ നിശിതമായി വിമർശിച്ച് മാർപാപ്പ ആക്രമണം ദൈവനിന്ദ, മനുഷ്യത്വരഹിതം

വത്തിക്കാൻ സിറ്റി: യുക്രയ്നെ ആക്രമിക്കുന്ന റഷ്യയെ നിശിതമായി വിമർശിച്ച് ഫ്രാൻസിസ് മാർപാപ്പ. റഷ്യയുടെ ആക്രമണം ദൈവനിന്ദയും മനുഷ്യത്വമില്ലായ്മയുമാണെന്ന് സെൻറ് പീറ്റേഴ്സ് ചത്വരത്തിനെ ത്രികാലജപമാല പ്രാർഥനയ്ക്കിടെ അദ്ദേഹം പറഞ്ഞു.

ദൗർഭാഗ്യവശാൽ യുക്രെയ്നെതിരായ അതിക്രമത്തിന് അന്ത്യമുണ്ടാകുന്നില്ല. ഒരടിസ്ഥാനവുമില്ലാതെ ദിവസവും ആളുകളെ കൂട്ടക്കൊല ചെയ്യുന്നു. ഇതിനൊരു ന്യായവുമില്ല. അങ്ങേയറ്റം വെറുപ്പുളവാക്കുന്ന ഈ യുദ്ധം അവസാനിപ്പിക്കുന്നതിന് അന്താരാഷ്ട്ര സമൂഹം ഉടൻ വേണ്ടത് ചെയ്യണം.

പ്രായമായവരും കുട്ടികളും ആക്രമിക്കപ്പെടുന്നതിൽ മാർപാപ്പ അത്യധികം വ്യസനം അറിയിച്ചു. ഈ യുദ്ധം മനുഷ്യത്വമില്ലായ്മയാണ്. മനുഷ്യജീവൻറെ പവിത്രതയ്ക്കെതിരായ യുദ്ധം ദൈവവനിന്ദ കൂടിയാണ്. മനുഷ്യജീവൻ സംരക്ഷിക്കപ്പെടാനും ബഹുമാനിക്കപ്പെടാനുമുള്ളതാണ്; നശിപ്പിക്കാനുള്ളതല്ല.

ഫ്രാൻസിസ് മാർപാപ്പ റോമിലെ ബാംബിനോജെസു ശിശുരോഗാശുപത്രിയിലെത്തി, യുക്രയ്നിൽനിന്നു പാലായനം ചെയ്ത കുഞ്ഞുങ്ങളെ കണ്ടിരുന്നു. ആശുപത്രി സന്ദർശനത്തിലെ വേദനിക്കുന്ന കാഴ്ചകൾ മാർപാപ്പ പങ്കുവച്ചു. 'ഒരു കുഞ്ഞിന് ഒരു കൈ ഇല്ലായിരുന്നു. ഒന്നിൻറെ തലയിൽ മുറിവേറ്റിരുന്നു. നിഷ്കളങ്കരായ കുഞ്ഞുങ്ങൾ.' യുക്രെയിൻ അഭയാർഥികളെ യൂറോപ്യൻ സമൂഹം നിറഞ്ഞ മനസോടെ സ്വീകരിക്കണമെന്ന് മാർപാപ്പ ആവശ്യപ്പെട്ടു. പാലായനം ചെയ്യുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. സമൂഹത്തിലെ കഴുകന്മാർ ഇവരെ ഇരകളാക്കാൻ സാധ്യതയുണ്ട് അതിനു സമ്മതിക്കാതെ അവരെ സംരക്ഷിക്കണമെന്നു മാർപാപ്പ നിർദേശിച്ചു. (ദീപിക, 21/03/2022)

## പ്രൊലൈഫിൻറെ പ്രവർത്തനങ്ങൾ പ്രശംസനീയം: മന്ത്രി ജെ. ചിഞ്ചുറാണി

കൊല്ലം: ജീവൻറെ സംരക്ഷണത്തിനായി കെസിബിസി പ്രൊലൈഫ് സമിതി നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിൻറെ താഴെ തട്ടിലടക്കം എല്ലാ മേഖലകളിലും വ്യാപിപ്പിക്കണമെന്നും അവർ നിർദേശിച്ചു.

സംസ്ഥാനതല പ്രൊലൈഫ് ദിനാഘോഷത്തിൻറെ സമാപനസമ്മേളനം കൊല്ലം ഭാരതരാജ്ഞി പള്ളി പാരിഷ് ഹാളിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയാരിന്നു മന്ത്രി.

മനുഷ്യൻ തന്നെ ജീവനെ ഹനിക്കുന്നത് നമ്മെ നാശത്തിലേക്കാണ് കൊണ്ടുപോകന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കൊല്ലം ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരി അഭിപ്രായപ്പെട്ടു. (ദീപിക, 26/03/2022)

## മാർപാപ്പയുടെ ഭരണപരിഷ്കാരങ്ങൾ അൽമായ പങ്കാളിത്തം സജീവമാക്കും: ലെയ്റ്റി കൗൺസിൽ

കൊച്ചി: ആഗോള കത്തോലിക്കാ സഭയിൽ ഫ്രാൻസിസ് മാർപാപ്പ നടപ്പിലാക്കുന്ന ഭരണപരിഷ്കാരങ്ങളും ഒപ്പുവച്ച പുതിയ ഭരണരേഖകളും സഭയിൽ അൽമായ പങ്കാളിത്തം കൂടുതൽ ശക്തവും സജീവവുമാക്കുമെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെ. വിസി സബാസ്റ്റ്യൻ.

കത്തോലിക്കാ സഭയുടെ ഭരണസംവിധാനത്തിൽ വൻ അഴിച്ചുപണിയാണ് 'പ്രെഡിക്കാത്തേ എവാഞ്ചലിയും' അഥവാ 'സുവിശേഷ പ്രഘോഷണം' എന്ന പുത്തൻ ഭരണരേഖയിലൂടെ മാർപാപ്പ ലക്ഷ്യമിട്ടിരിക്കുന്നത്. സഭാഭരണ സംവിധാനങ്ങളുടെ വിവിധ തലങ്ങളിലും വേദികളിലും അൽമായ പങ്കാളിത്തവും നേതൃത്വവും ഉറപ്പുവരുത്തുന്ന മാർപാപ്പയുടെ ഉൾക്കാഴ്ചയും ദീർഘവീക്ഷണവും കൂടുതൽ ഉണർവേകുന്നതാണെന്നും വി.സി. സെബാസ്റ്റ്യൻ പറഞ്ഞു. (ദീപിക, 29/03/2022)

www.malankaralibrary.com



### ഫാ. ഹാമെൽ വധം: ഗൂഢാലോചനക്കാർക്ക് തടവുശിക്ഷ

പാരീസ്: വിശുദ്ധ കുർബാനയ്ക്കിടെ കാർമികനായ വൈദികനെ പള്ളിയിൽവച്ചു കുത്തിക്കൊന്ന കേസിലെ ഗൂഢാലോചനക്കാരയ മൂന്നു ഇസ്ലാം തീവ്രവാദികൾക്ക് പാരീസിലെ വിചാരണക്കോടതി ദീർഘകാല ജയിൽശിക്ഷ വിധിച്ചു. വൈദികനെ കുത്തിക്കൊന്ന രണ്ടുപേരെയും പള്ളിയിൽനിന്നു പോകുംവഴി പോലീസ് വെടിവച്ചുകൊന്നിരുന്നു.

2016 ജൂലൈ 26നു രാവിലെ രൂവൻ നഗരത്തിനടുത്തുള്ള സെൻറ് സ്റ്റീഫൻ ഓഫ് റൂവ്റേ ഗ്രാമത്തിലാണ് സംഭവം നടന്നത്. കുർബനയ്ക്കിടെ ദൈവാലയ മദ്ബഹായിൽ കയറിയ രണ്ട് ഇസ്ലാം തീവ്രവാദികൾ ആറു വിശ്വാസികളെ ബന്ധികളാക്കുകയും തുടർന്ന് 85കാരനായ ഫാ. ഷാക്ക് ഹാമിലിനെ കുത്തി പരിക്കേൽപ്പികയുമായിരുന്നു. മറ്റൊരു വിശ്വാസിക്കും പരിക്കേറ്റു. ഓടി പുറത്തിറങ്ങിയ ഒരു കന്യാസ്ത്രീയാണ് പോലീസിനെ വിവരമറിയിച്ചത്. ഐഎസ് ഭീകരബന്ധമുള്ള രണ്ടു ഘാതകരും പോലീസിൻറെ നോട്ടപ്പുള്ളികളായിരുന്നു.

വൈദികനെ വധിക്കാനുള്ള ഗൂഢാലോചനയിൽ മൂന്നുപേരുടെയും പങ്ക് സംശായാതീതമാണെന്ന് കോടതി പറഞ്ഞു. എട്ടും പത്തും 13ഉം വർഷം വീതമാണ് ഓരോരുത്തർക്കും ശിക്ഷ ലഭിച്ചത്. 25,27,16 വയസാണ് പ്രതികളുടെ പ്രായം. ഗൂഢാലോചനയിൽ പങ്കെടുത്ത പിടികിട്ടാപ്പുള്ളിയായ നാലാമന് ജീവപര്യന്തം കഠിനതടവും വിധിച്ചു. 2017ൽ ഇയാൾ സിറിയയിലെ ഇറാക്കിലോ വച്ചു വധിക്കപ്പെട്ടു എന്നു കരുതപ്പെടുന്നു.

ഫ്രാൻസിൽ അരങ്ങേറിയ ഇസ്ലാമിക ഭീകരാക്രമണ പരമ്പരയിൽ പെടുന്നതാണ് ഫാ. ഹാമെലിൻറെ വധവും. 2015 നവംബറിൽ പാരീസിൽ വിവിധ സ്ഫോടനങ്ങളിലായി 130പേരും 2016 ജൂലൈ 14ന് നിസായിൽ ജനക്കൂട്ടത്തിലേക്കു വാഹനം ഓടിച്ചുകയറ്റി 86 പേരും കൊല്ലപ്പെട്ടിരുന്നു. (ദീപിക, 11/03/2022)

### നവ സാമൂഹ്യ നിർമിതിയിൽ യുവജന പങ്കാളിത്തം നിർണായകം: മാർ ജോർജ് ആലഞ്ചേരി

കൊച്ചി: മഹാമാരിയിലൂടെ തളർന്നുപോയ നാടിനെ പുനരുദ്ധരിക്കാൻ എല്ലാ സഭമക്കളും അണിചേരണമെന്നും സാമൂഹികവളർച്ചയിൽ യുവജനങ്ങൾ പങ്കാളികളാകണമെന്നും സീറോ മലബാർ സഭാതലവൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി.

സഭയുടെ യുവജന പ്ലസ്ഥാനത്തിലൂടെ കടന്നവന്നവർ സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിനൊപ്പം നിന്ന് സമൂഹത്തിൻറെ മുഴുവൻ വളർച്ചയക്ക് നേതൃത്വം നൽകണം കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ കർമപദ്ധതി 'പുറപ്പാട്' പ്രകാശനം ചെയ്തു പ്രസംഗിക്കുകയായിരുന്നു.

ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾ സാമൂഹിക ഉന്നമനം ലക്ഷ്യമിട്ടുള്ളതാകയാൽ ഏറെ പ്രശംസ അർഹിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. (ദീപിക, 20/03/2022)

### ചാപ്പലിലെ സക്രാരി തകർത്ത് തിരുവോസ്തി മാലിന്യ ചതുപ്പിൽ എറിഞ്ഞ സംഭവം: പ്രതി അറസ്റ്റിൽ

അരുക്കുറ്റി: പാദുവാപുരം പള്ളിക്കു കീഴിലെ കൊമ്പനാമുറി സെൻ്റ് ജേക്കബ് ചാപ്പലിൽ അതിക്രമിച്ചു കയറി സക്രാരി തകർത്ത് തിരുവോസ്തി മാലിന്യ ചതുപ്പിൽ എറിഞ്ഞ സംഭവത്തിൽ പ്രതി അറസ്റ്റിലായി. പാണാവള്ളി തുണ്ടത്തിപ്പറമ്പ് അബുബക്കറിനെയാണ് (35) ജില്ലാ പൊലീസ് മേധാവി ജി.ജയ്ദേവിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. മോഷണശ്രമമാണെന്നാണ് പോലീസ് ഭാഷ്യം. ഇയാൾ മുൻപും ആരാധനാലയങ്ങളിലെ മോഷണത്തിന് പിടിയിലായിട്ടുണ്ടെന്നു പൊലീസ് പറഞ്ഞു. മാർച്ച് 28 രാത്രിയിലാണ് സംഭവം നടന്നത്. സെൻ്റ് ജേക്കബ് ചാപ്പലിലെ തിരുവോസ്തി അവഹേളനത്തിനെതിരെ കേരള ക്രൈസ്തവ സമൂഹത്തിൽ നിന്ന് കനത്ത പ്രതിഷേധമാണ് ഉയർന്നത്.കൊച്ചി രൂപതയുടെയും വിവിധ പള്ളികളുടെയും നേതൃത്വത്തിൽ വിശ്വാസികൾ .തെരുവിൽ ഇറങ്ങി പ്രതിഷേധിച്ചിരിന്നു. സംഭവത്തിന് പിന്നാലേ പരിഹാര പ്രാർത്ഥനാദിനവും ആചരിക്കപ്പെട്ടിരിന്നു. മോഷ്ടാക്കളുടെ വിവരങ്ങൾ പ്രത്യേകം ശേഖരിച്ചു നടത്തിയ അന്വേഷണത്തിലാണ് പാണാവള്ളിയിൽ നിന്നു പ്രതിയെ പിടികൂടിയതെന്ന് ഡിവൈഎസ്പി ടി.ബി വിജയൻ അറിയിച്ചു. പൂച്ചാക്കൽ എസ്ഐ കെ.ജെ.ജേക്കബിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പിടികൂടിയത്. പ്രതിയുമായി ഇന്നു തെളിവെടുപ്പു നടത്തുമെന്നു പൊലീസ് പറഞ്ഞു. (5/ 04/ 2022)

www.malankaralibrary.com

# വൈദികർ ജനങ്ങൾക്കിടയിലേക്ക്

## ലാറ്റിൻ രൂപതാവൈദികസംഘടനയുടെ സംസ്ഥാന സമ്മേളനം

**ഈ** സഭാ നവീകരണ കാലഘട്ടത്തിൽ നിർണ്ണായകമായ ചുവടുവയ്പുമായി കേരളത്തിലെ ലത്തീൻ വൈദികർ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനത്തെ ഹൃദയത്തിൽ ഏറ്റെടുത്ത് സിനഡാത്മകത എന്നവിഷയത്തിൽ ആഴമായ വിചിന്തനങ്ങളിലൂടെയും നയരൂപീകരണത്തിലൂടെയുമാണ് ഒരു വലിയ സമൂഹം വൈദികർ ഈ ദിവസങ്ങളിൽ കടന്നുപോയത്. ലത്തീൻ സഭയിലെ രൂപതാ വൈദികരുടെ ദേശീയ കോൺഫറൻസിന്റെ (CDPI) സംസ്ഥാന സമ്മേളനം മാർച്ച് മാസം 21 മുതൽ 23 വരെ മൂന്ന് ദിവസങ്ങളിലായി ഇടക്കൊച്ചിയിലെ ആൽഫാ സെന്ററിൽ വച്ച് നടക്കുകയുണ്ടായി. സമ്മേളനം പൂർണ്ണ വിജയമായിരുന്നെന്നും, വലിയ സന്തോഷത്തോടും സംതൃപ്തിയോടും തിരിച്ചറിവുകളോടും കൂടിയാണ് പങ്കെടുത്ത വൈദികർ തങ്ങളുടെ രൂപതകളിലേയ്ക്ക് മടങ്ങിയതെന്നും കോൺഫറൻസിന്റെ സംസ്ഥാന പ്രസിഡന്റ് ഫാ. സ്റ്റീഫൻ തോമസ് ചാലക്കര പറഞ്ഞു.

ഇന്ത്യയിലെ ലത്തീൻ മെത്രാൻ സമിതിയുടെ ദൈവവിളി, സെമിനാരി, വൈദികർ, സന്യസ്തർ തുടങ്ങിയവ സംബന്ധമായി പ്രവർത്തിക്കുന്ന കമ്മീഷന് കീഴിൽ സ്ഥാപിതമായ വൈദിക സംഘടനയാണ് CDPI (Conference of Diocesan Priests of India). ഇന്ത്യയിലെ എല്ലാ ലത്തീൻ വൈദികരും ഇതിൽ അംഗങ്ങളാണ്. സംഘടനയുടെ കേരളാ റീജിയൻ പതിവായി നടത്തിവരാറുള്ള വാർഷിക സമ്മേളനത്തിൽ ഇത്തവണ കേരളത്തിലെ പന്ത്രണ്ട് ലത്തീൻ രൂപതകളിൽനിന്നായി നൂറിൽപ്പരം വൈദികരാണ് പങ്കെടുത്തത്. *രൂപതാ വൈദികരുടെ അജപാലന ധർമ്മത്തിലെ സിനഡാത്മകത* എന്ന വിഷയമാണ് സമ്മേളനത്തിന്റെ മുഖ്യ പ്രമേയമായിരുന്നത്.

'സമൂഹത്തിലെ വിവിധ ശുശ്രൂഷകളിൽ ഇടപെടുന്നതിൽ സഭയെ വിശ്വസിക്കാവുന്ന ഒരു പങ്കാളിയാക്കി എങ്ങനെ മാറ്റാൻ കഴിയും?' എന്ന സിനഡാത്മക സഭയുമായി ബന്ധപ്പെട്ട വത്തിക്കാൻ രേഖയിലെ പഠന വിഷയമായിരുന്നു വൈദിക സമ്മേളനത്തിന്റെ വിഷയം.




ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ മേഖലകൾ വിചിന്തന വിധേയമായപ്പോൾ അജപാലന രാഗത്ത് രൂപപ്പെടേണ്ട ഒരു ശൈലി മാറ്റം ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ് എന്ന് തങ്ങൾ തിരിച്ചറിഞ്ഞതായി വൈദികർ പറയുന്നു.

വിവിധ അജപാലനരംഗങ്ങളായ ഇടവക ഭരണ നേതൃത്വം, കൗമാര യുവജന അജപാലന ശുശ്രൂഷ, സ്ത്രീ ശാക്തീകരണവും പങ്കാളിത്തവും, സന്യസ്ത സഹകരണവും പങ്കാളിത്തവും, സമുദായ ശാക്തീകരണവും വിദ്യാഭ്യാസ, രാഷ്ട്രീയ, ശാസ്ത്ര സാങ്കേതിക രംഗങ്ങളും തുടങ്ങിയവയായിരുന്നു സമ്മേളനത്തിലെ ചർച്ചാവിഷയങ്ങൾ. ആമുഖ പ്രഭാഷണത്തിന് ശേഷം ഓരോ മേഖലകളിൽനിന്നുമുള്ള സാധാരണക്കാരുമായി വൈദികർക്ക് സംവദിക്കാനുള്ള അവസരമൊരുക്കുകയാണ് ഉണ്ടായത്. വിദ്യാർത്ഥികളായ പെൺകുട്ടികൾ വരെ തങ്ങളുടെ

www.malankaralibrary.com

ആശയങ്ങളും ആഗ്രഹങ്ങളും തങ്ങളുടെ അനുഭവങ്ങളുടെയും കാഴ്ചപ്പാടുകളുടെയും വെളിച്ചത്തിൽ വൈദികരുമായി പങ്കുവച്ചു. ഇടവകാഭരണം, ഇടവകതലത്തിലുള്ള അജപാലന പ്രവർത്തനങ്ങളിൽ സന്യസ്തരുടെ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളിൽ വൈദികർക്ക് വലിയ ഉൾക്കാഴ്ചകൾ ലഭിക്കുന്ന സംഭാഷണങ്ങളുണ്ടായി. സിനഡാത്മക സഭയിൽ ക്രിസ്തുകേന്ദ്രീകൃതമായ ഒരു പ്രവർത്തന ശൈലിയിലേക്ക് കടന്നുവരുമ്പോൾ ഇടവകയെ പടുത്തുയർത്തുന്നതിൽ വൈദികർക്കൊപ്പം പങ്കുവഹിക്കുന്ന ഒരു സമൂഹമാണ് സന്യസ്തർ എന്നതിനാൽ, അവർ കൂടുതൽ വിലമതിക്കപ്പെടേണ്ടതുണ്ട് എന്നതായിരുന്നു ഒരു പ്രധാന ഉൾക്കാഴ്ച.

ദേവാലയങ്ങളിൽ ഏറ്റവുമധികം സാന്നിധ്യം അറിയിക്കുന്ന സ്ത്രീസമൂഹത്തിന് എല്ലാ വേദികളിലും നേതൃരംഗങ്ങളിലും കൂടുതൽ പരിഗണന നൽകേണ്ടതുണ്ട്. യുവജനങ്ങളെയും കൗമാരക്കാരെയും അവരുടെ കഴിവുകളും സാധ്യതകളും തിരിച്ചറിഞ്ഞ് ഉയർത്തിക്കൊണ്ടുവരാനും, നേതൃത്വ പാടവമുള്ളവരും ഉയർന്ന് പറക്കാൻ ശേഷിയുള്ളവരുമായി വളർത്തിക്കൊണ്ടുവരാൻ ഇടവകാനേതൃത്വം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കത്തോലിക്കാ മതബോധന സംവിധാനം പരീക്ഷാകേന്ദ്രീകൃതം എന്ന പതിവ് രീതിയിൽ മാറ്റമുണ്ടാവുകയും കുട്ടികൾക്ക് അനുഭവതലത്തിൽ വിശ്വാസസത്യങ്ങളെ ഉൾക്കൊള്ളാൻ കഴിയുകയും ചെയ്താലേ ചെയ്താലേ സമൂഹത്തിൽ വിശ്വാസം പ്രഘോഷിക്കാൻ കുട്ടികൾക്ക് കഴിയൂ.

*സമുദായ ശാക്തീകരണത്തിൽ സമുദായ നേതാക്കൾ കൂടിയായ വൈദികർക്ക് വലിയ പങ്കുണ്ട് എന്നിരിക്കെ, രാഷ്ട്രീയം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക രംഗം എന്നിങ്ങനെയുള്ള മേഖലകളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ അവർക്ക് കഴിയണം.*

സമുദായ ശാക്തീകരണത്തിൽ സമുദായ നേതാക്കൾക്കൂടിയായ വൈദികർക്ക് വലിയ പങ്കുണ്ട് എന്നിരിക്കെ, രാഷ്ട്രീയം വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക രംഗം എന്നിങ്ങനെയുള്ള മേഖലകളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ അവർക്ക് കഴിയണം. കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും സമഭാവനയോടെ സമീപിക്കാനും ക്രൈസ്തവ ആദർശങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന വിശ്വാസികളായ രാഷ്ട്രീയ പ്രവർത്തകരെ വേർതിരിവുകൾ കൂടാതെ ചേർത്തുനിർത്താനും വൈദികർക്ക് കഴിയേണ്ടതുണ്ട്. ഇത്തരം വിഷയങ്ങളിലെല്ലാം രൂപതാടിസ്ഥാനത്തിലുള്ള ചർച്ചകൾ വൈദികർക്കിടയിൽ നടക്കുകയും സമ്മേളനത്തിന്റെ അവസാന ദിവസം റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും വ്യക്തമായ പ്രവർത്തന പദ്ധതിയുമായി അവർ രൂപതകളിലേയ്ക്ക് മടങ്ങുകയുമുണ്ടായി.

മൂന്നു ദിവസം നീണ്ട സമ്മേളനത്തിന്റെ ആരംഭ ദിവസം നടന്ന ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി കെആർഎൽസിബിസി പ്രസിഡന്റ് ബിഷപ്പ് ജോസഫ് കരിയിലും, മൂന്നാം ദിവസം സമാപന ചടങ്ങിൽ മുഖ്യാതിഥിയായി ബിഷപ്പ് വിൻസന്റ് സാമുവലും പങ്കെടുത്തു. കേരളത്തിലെ ലത്തീൻ കത്തോലിക്കാ ഇടവകകളിൽ ഈ സമ്മേളനവും തീരുമാനങ്ങളും വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നതായി വൈദിക സംഘടന കേരള റീജിയൻ പ്രസിഡന്റ് ഫാ. സ്റ്റീഫൻ തോമസ്, സെക്രട്ടറി ഫാ. ചാൾസ് ലെയോൺ എന്നിവർ പറഞ്ഞു.

**KCBC SOCIAL HARMONY AND VIGILANCE COMMISSION**

**Chairman:** Rt. Rev. Dr. Joseph Kariyil
**Vice Chairmen:** Abp. Mar Andrews Thazhath, Bp. Mar Pauly Kannookkadan
**Secretary:** Rev. Dr. Michael Pulickal CMI

**Pastoral Orientation Centre (POC), Palarivattom**
**Vennala PO, Kochi - 28**
**Email: kcbcshvc@gmail.com, Website: www.kcbcjagratha.com**

www.malankaralibrary.com



www.malankaralibrary.com

പരിശുദ്ധ അമ്മേ, ഞങ്ങളുടെ പാപത്തിന്റെ പടുകുഴിയിൽ, ഞങ്ങളുടെ സംഘർഷങ്ങളിലും ബലഹീനതകളിലും, തിന്മയുടെയും യുദ്ധത്തിന്റെയുമായ അധർമത്തിന്റെ രഹസ്യത്തിന്റെ മുമ്പിൽ ദൈവം ഞങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്നു നീ ഞങ്ങളെ ഓർമിപ്പിക്കുന്നു; അവിടന്നു ഞങ്ങളെ സ്നേഹപൂർവം കടാക്ഷിക്കുന്നുവെന്നും, എപ്പോഴും ഞങ്ങൾക്കു മാപ്പു നല്കാനും ഞങ്ങളെ പുതുജീവിതത്തിലേക്കു ഉയർത്താനും താത്പര്യപ്പെടുന്നെന്നു നീ ഞങ്ങളെ അനുസ്മരിപ്പിക്കുന്നു.

**റഷ്യയെയും ഉക്രെയിനെയും**
**മറിയത്തിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചുകൊണ്ടുള്ള**
**പ്രാർത്ഥനയിൽനിന്ന്**



Published by: Fr Michael Pulickal CMI, Secretary,
KCBC Commission for Social Harmony and Vigilance